# ജീവിതം പടർത്തുന്ന വേരുകൾ

**വേരുകൾ എന്ന കഥയുടെ ആശയം വ്യക്തമാക്കുക.**

Ans. ബന്ധമറ്റുപോകുമ്പോൾ എത്ര വലിയ വൃക്ഷവും അടിതെറ്റി വീഴും. വേരുകളും ഭൂമിയും തമ്മിലുള്ള ദൃഢതരമായ ഈ ബന്ധം പോലെ തന്നെയാണ് അമ്മയോടുള്ള സ്നേഹ ബന്ധവും. ഇതിന് വിള്ളൽ വീഴുമ്പോൾ ജീവിതത്തിലും പ്രതിസന്ധികൾ ഉണ്ടാകുന്നു. പരസ്പരം സ്നേഹവും വിശ്വാസവും സഹവർത്തിത്വവുമാണ് ജീവിതത്തിൽ വേരുകൾ. അവയാണ് ജീവിതത്തെ പടർന്നു പന്തലിക്കാൻ സഹായിക്കുന്നതെന്നും കഥ സൂചിപ്പിക്കുന്നു.

## പ്ലാവിലകഞ്ഞി.

**കഥ നടക്കുന്ന കാലത്ത് സമൂഹത്തിലെ അവസ്ഥ എങ്ങനെയുള്ളതായിരുന്നു.**

Ans. അക്കാലത്ത് തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരായിരുന്നു. എങ്കിലും അവർക്ക് കിട്ടുന്ന കുറഞ്ഞ കൂലി നിമിത്തം എന്നും പട്ടിണിയും ദാരിദ്ര്യവുമായിരുന്നു. മുതലാളിമാരിൽ നിന്നുള്ള ചൂഷണത്തിന് വിധേയരായിരുന്ന അവർക്ക് അവകാശങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും അവർ ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുന്നവരായിരുന്നു. പകലന്തിയോളം പണിയെടുക്കുന്ന അവരുടെ ഭക്ഷ്യക്ഷാമം കടുത്ത പട്ടിണിയിലാക്കിയിരുന്നു. വിദ്യാഭ്യാസമില്ലാത്ത തൊഴിലാളികൾ മുതലാളിമാരിൽ നിന്നും പലതരത്തലുള്ള ചൂഷണം നേരിട്ടിരുന്നു.

**സമസ്തപദങ്ങളും അവയുടെ വിഗ്രഹാർത്ഥങ്ങളും**

നെല്ലിൻ കുല — നെല്ലിന്റെ കുല
കാൽ മുട്ട് — കാലിന്റെ മുട്ട്
നാലില — നാല് ഇല
മരക്കൊമ്പ് — മരത്തിന്റെ കൊമ്പ്
വിദ്യാലയമുറ്റം — വിദ്യാലയത്തിന്റെ മുറ്റം
കൊതിയ സമാജം — കൊതിയരുടെ സമാജം
ചൂത സായകൻ — ചൂതത്തെ സായകമാക്കിയവൻ



1.) **പട്ടിക ക്രമപ്പെടുത്തുക.**

| | | |
|---|---|---|
| രണ്ടിടങ്ങഴി | റഫീക് അഹമ്മദ് | കഥ |
| ഓരോ വിളിയും കാത്ത് | തകഴി | നോവൽ |
| അമ്മത്തൊട്ടിൽ | യു.കെ കുമാരൻ | കവിത |

## പ്ലാവിലക്കഞ്ഞി

2.) പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

Ans. കോരൻ, ചിരുത, ഔസേപ്പ് മുതലാളി, കോരന്റെ അച്ഛൻ

3.) കോരനും കുടുംബവും എങ്ങനെയാണ് കഴിഞ്ഞിരുന്നത് ?
(ദാരിദ്ര്യത്തെ സ്നേഹം കൊണ്ട് മറികടക്കുന്നവരാണ് പ്ലാവിലക്കഞ്ഞിയിലെ കഥാപാത്രങ്ങൾ എന്നു പറയുന്നത് ശരിയാണോ ?)

Ans. കോരനും ഭാര്യയായ ചിരുതയും വളരെ ദാരിദ്ര്യത്തിലാണ് കഴിഞ്ഞിരുന്നത്. എങ്കിലും അവർ സ്വന്തം വിശപ്പ് മറച്ചുവെച്ച് മറ്റുള്ളവരെ ഭക്ഷണം കഴിപ്പിക്കുന്നു. കുറേ കാലത്തിനു ശേഷം വീട്ടിൽ വന്ന കോരന്റെ അച്ഛന് ഭക്ഷണം കൊടുക്കാൻ ചിരുതയുണ്ടാക്കിവെച്ച മുറം വിറ്റ കാശ് കൊടുത്ത് അരി വാങ്ങുകയും അച്ഛന് വയറു നിറച്ച് ഭക്ഷണം കൊടുക്കുകയും ചെയ്തു. ബാക്കി വന്ന കഞ്ഞി അവൾ കുടിക്കാതെ പിറ്റേ ദിവസത്തേക്ക് എടുത്തുവച്ചു. ഇങ്ങനെ ഉള്ളതുകൊണ്ട് വളരെ സന്തോഷത്തോടെയാണ് കോരനും കുടുംബവും കഴിഞ്ഞിരുന്നത്.

5.) കോരൻ ചെയ്ത അക്ഷന്തവ്യമായ (പൊറുക്കാനാവാത്ത) അപരാധം (തെറ്റ്) എന്തായിരുന്നു.?

Ans. കോരൻ അവന്റെ വിവാഹത്തിന് ശേഷം വീടു വിട്ട് മാറിത്താമസിച്ചു. പിന്നീട് വീട്ടുകാരെ ക്കുറിച്ച് ചിന്തിച്ചിരുന്നില്ല. വളരെ കാലത്തിനു ശേഷം ഒരു ദിവസം കോരന്റെ അച്ഛൻ അവന്റെ വീട്ടിൽ വന്നു. അച്ഛനെ കണ്ട് കോരന് വളരെ കുറ്റബോധം തോന്നി. ആനയുടെ ശക്തിയുണ്ടായിരുന്നു. ആരോഗ്യവാനായ അച്ഛൻ വന്നത് വളരെ അവശനായാണ്. എല്ലും തോലുമായ അച്ഛന്റെ ശരീരത്തിൽ നീരു നിറഞ്ഞ് നടക്കാനാവാത്ത അവസ്ഥയായിരുന്നു. ഇതു കണ്ട് കോരന് താൻ ചെയ്തത് പൊറുക്കാനാവാത്ത കുറ്റമാണെന്ന് തോന്നി.

6.) ഈ കഥയിലെ ഭാഷയുടെ പ്രത്യേകതയെന്ത് ?

Ans. കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഭാഷ പ്രാദേശിക പദങ്ങൾ, പ്രയോഗങ്ങൾ - ഗ്രാമീണത വ്യക്തമാക്കുന്നു- വിദ്യാഭ്യാസമില്ലാത്തവരുടെ വാമൊഴി.

**തുടർപ്രവർത്തനം**

7.) കോരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ എഴുതുക.

# ഓരോ വിളിയും കാത്ത്

1.) ഓരോ വിളിയും കാത്ത് എന്ന കഥ എഴുതിയതാര് ?

Ans. യു.കെ. കുമാരൻ

2.) അച്ഛന്റെ മരണം അമ്മയിലും വീട്ടിലും എങ്ങനെയെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി ?

Ans. അച്ഛന്റെ മരണശേഷം വീട്ടിൽ നിന്നും ഒരുപാട് പേർ ഇറങ്ങിപ്പോയതു പോലെയുള്ള നിശബ്ദതയായിരുന്നു. വീട്ടിലെ ഒറ്റപ്പെടലിൽ ഓർമ്മകളിലേക്ക്, അമ്മ തനിയെ പോകുകയും പെട്ടെന്ന് അവർക്ക് വാർധക്യം ബാധിച്ചതു പോലെയും അനുഭവപ്പെട്ടു. അച്ഛൻ തന്നെ എപ്പോഴും വിളിക്കുന്നുണ്ടെന്ന തോന്നലിലാണ് അമ്മ ജീവിക്കുന്നത്. മരിച്ചിട്ടും അച്ഛന്റെ സാന്നിധ്യം അമ്മ അനുഭവിക്കുന്നു. വീടുവിട്ടുപോയാൽ ഓർമ്മകൾ ഉറങ്ങുന്ന വീട് നോക്കാൻ ആരുമില്ലാത്ത അവസ്ഥ അമ്മയെ വേദനിപ്പിക്കുന്നു. അതുകൊണ്ട് ഗ്രാമത്തിൽ നിന്നും മകന്റെകൂടെ നഗരത്തിലേക്ക് പോകാൻ അമ്മ ഇഷ്ടപ്പെട്ടില്ല.

3.) അച്ഛൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ

Ans. നല്ല ഒരു ഭർത്താവ്, കർഷകൻ, കുടുംബനാഥൻ, സുഹൃത്ത്, കിടപ്പിലായിരുന്നപ്പോൾ പോലും വീടിന്റ ഓരോ കാര്യത്തിലും അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. അമ്മയെ എപ്പോഴും വിളിച്ചു കൊണ്ടിരിക്കുകയും നിർദേശങ്ങൾ കൊടുക്കുകയും ചെയ്യുമായിരുന്നു. അമ്മയുടെ മറുപടി വൈകിയാൽ അച്ഛൻ കോപിക്കുമായിരുന്നു. സാമൂഹിക ബന്ധങ്ങൾ കാത്തു സൂക്ഷിക്കുന്ന വ്യക്തിയായിരുന്നകഥയിലെ അച്ഛൻ

# അമ്മത്തൊട്ടിൽ - റഫീഖ് അഹമ്മദ്

1.) 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്' എപ്പോൾ ? എന്തുകൊണ്ട് ?

Ans. അമ്മയെ ഉപേക്ഷിക്കാനായി ജില്ലാശുപത്രി പരിസരത്തെത്തിയപ്പോൾ മകനുണ്ടായ അനുഭവമാണിത്. കുട്ടിക്കാലത്ത് പനിച്ചു കിടന്ന തന്നെ അമ്മയെടുത്ത് ആശുപത്രിൽ എത്തിയത് മകൻ ഓർക്കുന്നു. അന്നത്തെ സൂചിപ്രയോഗം ശരീരത്തിന് വേദന നൽകി ഇന്ന് അമ്മയെ ഉപേക്ഷിക്കുവാനുള്ള ചിന്ത അതിനേക്കാൾ വേദനയായി മകന് അനുഭവപ്പെടുന്നു.

2.) എന്തുകൊണ്ടാണ് മകൻ അമ്മയെ അമ്പലത്തിൽ ഇറക്കാതെ തിരിച്ച് കൊണ്ടുപോയത് ?



Ans. അമ്മ പ്രാർത്ഥിച്ച കോവിലിൽ തന്നെയാണ് ഉപേക്ഷിക്കുന്നതിനായി കൊണ്ട്പോയത്. തന്റെ ക്രൂരത കണ്ട് ഈ ഈശ്വരൻ പോലും അശാന്തനായി പുറത്തിറങ്ങി എന്ന് മകന് തോന്നുന്നു. കുറ്റബോധം തോന്നിയ മകൻ അമ്മയെ വീട്ടിലേക്ക് തിരിച്ച് കൊണ്ട് പോകുന്നു.

3.) അമ്മത്തൊട്ടിൽ എന്ന കവിതയിലൂടെ കവി സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത് ?

Ans. പെറ്റു കിടക്കുന്ന പട്ടി ചാടിക്കുതിക്കുന്നതിലൂടെ മൃഗങ്ങളും പ്രകൃതിയും മനുഷ്യർക്ക് നൽകുന്ന ഒരു പാഠം സൂചിപ്പിച്ചു കൊണ്ടാണ് കവിത തുടങ്ങുന്നത്. കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി മൃഗങ്ങൾ പോലും കൂടുതലായി ശ്രദ്ധിക്കുന്നു. എന്നിട്ടും മനുഷ്യൻ ജന്മം നൽകിയ അമ്മയെ വലിച്ചെറിയാൻ ശ്രമിക്കുന്നു. അമ്മമാർ മക്കൾക്ക് നൽകുന്ന സ്നേഹവും കരുതലും അവർക്ക് തിരിച്ചു നൽകാൻ ഇന്ന് ആളുകൾക്ക് സാധിക്കുന്നില്ല. മാതാപിതാക്കളോട് സ്നേഹമായി പെരുമാറേണ്ടതും സംരക്ഷിക്കേണ്ടതും മക്കളുടെ ചുമതലയാണെന്ന് കവി നമ്മെ ഓർമ്മപ്പെടുത്തുന്നു.

4.) **തുടർ പ്രവർത്തനം**

? ആധുനിക കാലത്ത് വൃദ്ധരോടുള്ള സമീപനം എങ്ങനെ ? നിങ്ങളുടെ അഭിപ്രായം കുറിപ്പാക്കി എഴുതുക.

# ഓണമുറ്റത്ത് (കവിത)

1.) ഓണമുറ്റത്ത് എന്ന കവിത രചിച്ചതാര്?

Ans. വൈലോപ്പിള്ളി ശ്രീധരമേനോൻ

2.) മാവേലിത്തമ്പുരാനെ വരവേൽക്കാൻ ഒരുങ്ങുന്നത് ആരെല്ലാമാണ് ?

Ans. തുമ്പികൾ, മുക്കുറ്റികൾ, നെയ്യാമ്പലുകൾ, രാത്രി, ചെറു കന്യകകൾ, ഉഷസ്സ് എന്നിവയാണ് ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങുന്നത്.

3.) വെള്ളിത്താലങ്ങളായും ദീപക്കുറ്റികളായും സങ്കൽപ്പിക്കുന്നത് എന്തിനെയെല്ലാമാണ് ?

Ans. നെയ്യാമ്പലുകളെ വെള്ളിത്താലങ്ങളായും മുക്കുറ്റികളെ ദീപക്കുറ്റികളായും സങ്കൽപ്പിക്കുന്നു.

4.) ഓണക്കോടിയുടുത്ത ഉഷസ്സിനെ കവി വർണ്ണിക്കുന്നതെങ്ങനെ?

Ans. അതിഥിയെ സ്വീകരിക്കാൻ ചങ്ങല വട്ടയുമായി വരുന്ന കന്യകയാണ് ഉഷസ്സ്. ഉദയസൂര്യനാകുന്ന വിളക്കിന്റെ നാളം അൽപ്പമൊന്നുയർത്തി ലജ്ജാഭാരത്താൽ തുടുത്ത കവിളുകളോടെ ഓണക്കോടിയുടുത്ത് ഉഷസ്സ് ഒരുങ്ങിയെത്തുന്നു.

5.) ഓണമുറ്റത്ത് എന്ന കവിതയിൽ കവി ആരായിട്ടാണ് വരുന്നത് ?

Ans. പുള്ളുവനായി കവി എത്തുന്നു. നഷ്ടപ്പെട്ടു പോകുന്ന നാടോടി നന്മകളെ പാടിപുകഴ്ത്താനാണ് കവി വരുന്നത്.

6.) പുള്ളുവനെയും പഴയ പാട്ടുകളെയും കുറിച്ച് ഇന്നത്തെ തലമു

റ അഭിപ്രായപ്പെടുന്നതെന്ത് ?'

Ans. പഴഞ്ചനാണെന്ന് പറഞ്ഞ് അവർ വക വെക്കാതെ പുള്ളുവന് അരിയോ പപ്പടമോ കൊടുത്ത് വേഗം പറഞ്ഞു വിടുന്നു.

7.) പാരമ്പര്യ നന്മകളിൽ അഭിമാനിക്കുന്ന കവി എന്തു ചെയ്യുന്നു.

Ans. പ്രാചീന നന്മകളെ പറ്റി കവി ആവേശത്തോടെ പാടുന്നു. കവിയെ തളർത്താൻ അവർക്ക് കഴിയുന്നില്ല. പാരമ്പര്യത്തിന്റെ നന്മ തന്നിലുണ്ടെന്ന് കവി അഭിമാനിക്കുന്നു.

8.) ഇന്നത്തെ ഓണാഘോഷങ്ങൾ പ്രകൃതിക്കും മനുഷ്യനും ഗുണകരമാണോ ?

Ans. ഇന്ന് ഓണാഘോഷങ്ങൾ വെറും ആഢംബരവും മത്സരവും കാണിക്കുന്നതിന് മാത്രമാകുന്നു. മുമ്പ് കാലത്ത് ഓരോ ഓണാഘോഷവും ഐക്യത്തിന്റെ സന്ദേശം നൽകുന്നവയായിരുന്നു. പ്രകൃതിയും മനുഷ്യനും ഒന്നടങ്കം അതിനെ വരവേറ്റിരുന്നു. ഇന്ന് മനുഷ്യന് സ്വന്തം സുഖം മാത്രമാണ് ഏതൊരാഘോഷത്തിനും മുൻതൂക്കം നൽകുന്നത്.

## കോഴിയും കിഴവിയും (കഥ)

1.) ഈ കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

Ans. മത്തായി, മാർക്കോസ്, അമ്മ, കുട്ടികൾ

2.) വായിൽ വെള്ളമൂറുക എന്ന ശൈലിയുടെ അർത്ഥമെന്ത് ?

Ans. കൊതി, വിശപ്പ്, ആർത്തി.

3.) ഇതുപോലെ മറ്റൊരു ശൈലി എഴുതുക.

Ans. വായിൽ കപ്പലോടുക.

4.) നാട്ടുനന്മ കാഴ്ച്ചവെക്കുന്ന ഏതെങ്കിലും ഒരു സംഭവം ഈ കഥയിൽ നിന്നും എടുത്തെഴുതുക.

Ans. ജയിലിലടക്കപ്പെടുമായിരുന്ന മാർക്കോസ്, വൃദ്ധയായ അമ്മയുടെ വാക്കുകളിലൂടെ രക്ഷപ്പെടുന്ന സംഭവം.

5.) 'നാട്യപ്രധാനം നഗരം ദാരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' ഈ വരിയിൽ 'കോഴിയും കിഴവിയും' എന്ന കഥയുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.?

അല്ലെങ്കിൽ

നാട്ടുനന്മ ഈ കഥയിൽ എങ്ങനെ വെളിപ്പെടുത്തുന്നു ?

അല്ലെങ്കിൽ

കാരൂർ കഥകളുടെ സവിശേഷതകൾ എഴുതുക?

Ans. മികച്ച എഴുത്തുകാരിൽ ഒരാളായ കാരൂർ നീലകണ്ഠപിള്ള, മനുഷ്യരുടെ ആർത്തി മൂലമുണ്ടാകുന്ന വിപത്തിനെക്കുറിച്ചാണ് കൂടുതലും എഴുതിയിട്ടുള്ളത്. അതിനൊരുദാഹരണമാണ് കോഴിയും കിഴവിയും എന്ന കഥ. ഈ കഥയിലെ കഥാപാത്രങ്ങൾ സാധാരണക്കാരായ നാട്ടിൻപുറത്തുകാരാണ്. മത്തായി എന്ന കഥാപാത്രം തന്റെ ഉയർച്ചക്ക് കാരണക്കാരായ മാർക്കോസിനെയും കുടുംബത്തെയും തള്ളിപ്പറയുന്നു. മാത്രമല്ല അവരുടെ



ബാക്കിയുള്ള സ്വത്തുകൂടി കൈവശപ്പെടുത്താനുള്ള അത്യാഗ്രഹമാണ് മത്തായിക്ക്. നിസാര കാരണങ്ങൾ പറഞ്ഞ് തമ്മിൽ വഴക്കു കൂടുകയും മാർക്കോസിനെ പോലീസ് കേസിൽ കുടുക്കുകയും ചെയ്യുന്നു. എന്നാൽ വൃദ്ധയായ അമ്മയുടെ ആശ്വാസവാക്കുകളിൽ കൂടി സത്യാവസ്ഥ എല്ലാവരും മനസ്സിലാക്കുന്നു. മാർക്കോസ് നിരപരാധിയാണെന്ന് വെളിപ്പെടുത്തുന്നു. നാടിന്റെ നന്മ നഷ്ടപ്പെട്ടിട്ടില്ലാ എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്. നന്മ ചിലർക്കെങ്കിലും നഷ്ടപ്പെട്ടിട്ടില്ലാ എന്ന് വൃദ്ധയായ മത്തായിയുടെ അമ്മയിലൂടെ കഥാകൃത്ത് സുചിപ്പിക്കുന്നു.

<u>തുടർ പ്രവർത്തനം</u>

6.) ഈ കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ എഴുതുക?

## ശ്രീനാരായണഗുരു

1.) ഭാരതത്തിലെ മറ്റു സന്യാസിമാരിൽ നിന്ന് ശ്രീനാരായണ ഗുരുവിനെ വ്യത്യസ്ഥനാക്കുന്നത് എന്തെല്ലാം ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

അല്ലെങ്കിൽ

കേരള ചരിത്രത്തിൽ ശ്രീനാരായണ ഗുരുവിന്റെ പ്രസക്തി എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക.

അല്ലെങ്കിൽ

കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളിൽ ശ്രീനാരായണ ഗുരുവിന്റെ സംഭാവനകൾ എന്തെല്ലാം ?

Ans. ഒരു കാലത്ത് നമ്മുടെ രാജ്യത്ത് ജീവിച്ചിരുന്ന താഴ്ന്ന ജാതിക്കാർ സമൂഹത്തിൽ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകൾ എണ്ണിയാലൊടുങ്ങാത്തതായിരുന്നു. ഭാരതത്തിൽ അങ്ങോളമിങ്ങോളം ഉയർന്ന ജാതിക്കാരുടെ ആട്ടും തുപ്പും സഹിച്ചതാണ് അധഃകൃത വർഗ്ഗക്കാർ കഴിച്ചു കുട്ടിയത്. നമ്മുടെ കൊച്ചു കേരളവും ഇക്കാര്യത്തിൽ ഒട്ടും പിറകിലല്ലായിരുന്നു. ജാതി എന്ന പിശാച് സമൂഹത്തിൽ പലജാതി പ്രശ്നങ്ങളും ഉണ്ടാക്കി. താഴ്ന്നവരുടെ ജീവിതം നരക തുല്യമായി മാറി .

തൊടുവാനോ കാണുവാനോ വഴി നടക്കുവാനോ ജാതിയിൽ താഴ്ന്നവർക്ക് അവകാശമുണ്ടായിരുന്നില്ല. ഉയർന്ന ജാതിക്കാർക്ക് എല്ലാ തരത്തിലുള്ള സ്വാതന്ത്ര്യവും അവകാശവും വകവെച്ചു കൊടുത്തിരുന്നു.

എന്നാൽ താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രത്തിൽ കയറാനോ വേദം കേൾക്കാനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഇത്തരമൊരു ജാതീയമായ വേർതിരിവും അബദ്ധജടിലമായ അന്ധവിശ്വാസങ്ങളും സമൂഹത്തിൽ നടമാടിയിരുന്ന സമയത്താണ് മഹാനായ ശ്രീനാരായണഗുരു തിരുവനന്തപുരം ചെമ്പഴന്തിയിൽ ജനിക്കുന്നത്.

സാഹിത്യത്തിലും സംസ്കാരത്തിലും സംഘടനാപാടവത്തിലും ഉയർന്ന ബുദ്ധിവൈഭവത്തോടെ ശോഭിക്കാൻ സാഹി

ത്യത്തിലും സംസ്കാരത്തലും സംഘടനാപാടവത്തിലും ഉയർന്ന ബുദ്ധിവൈഭവത്തോടെ ശോഭിക്കാൻ അദ്ധേഹത്തിന് കഴിഞ്ഞു. നമ്മുടെ നാടിന്റെ ഉയർച്ചക്ക് താഴന്ന ജാതിക്കാരെ ഉയർത്തിക്കൊണ്ടുവരലാണ് പ്രധാനകാര്യമെന്ന് ശ്രീനാരായണഗുരു മനസ്സിലാക്കി. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം മുഴുകി. അനേകം ആളുകളുടെ ഇരുട്ട് നിറഞ്ഞ ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കി എന്നതാണ് ഗുരുവിന്റെ പ്രത്യേകത. നൂറ്റാണ്ടുകളോളം ചവിട്ടിമെതിക്കപ്പെട്ടുകിടന്ന മനുഷ്യത്വത്തെ അദ്ദേഹം ഉയർത്തെഴുന്നേൽപ്പിച്ചു. ജാതിയാകുന്ന ഭൂതത്തെ ഉയർത്തെഴുന്നേൽപ്പിച്ചു. കേരളത്തെ മനുഷ്യത്വം പഠിപ്പിച്ച ഗുരുനാഥനാണ് അദ്ധേഹം.

'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'. എന്ന് പറഞ്ഞത് ഗുരുവാണ്. മനുഷ്യ നന്മയായിരുന്നു അദ്ദേഹംലക്ഷ്യമാക്കിയിരുന്നത്. അതുപോലെ ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നും അദ്ധേഹം പഠിപ്പിച്ചു.

ഏകലോകമെന്ന ആശയത്തിലേക്കുള്ള ഒരു ചൂണ്ടുപലകയായി ഈ സന്ദേശത്തെ നമുക്ക് കാണാം. മനുഷ്യന്റെ ജാതി ഒന്നേയുള്ളൂ. അത് മനുഷ്വത്തമെന്ന ജാതിയാണെന്ന് ഗുരു ഉറക്കെ പറഞ്ഞു. താഴ്ന്നവരായി കരുതപ്പെട്ടിരുന്നവർക്ക് സ്വാതന്ത്ര്യബോധം ഉണ്ടാകാൻ ക്ഷേത്രങ്ങൾ നിർമ്മിച്ചുകൊടുക്കാൻ വരെ സന്നദ്ധരാക്കി. തുടർന്ന് ക്ഷേത്രങ്ങൾ ഇനി ആവശ്യമില്ലെന്നും അതിനു പകരം വിദ്യാലയങ്ങളോ തൊഴിൽ ശാലകളോയാണ് വേണ്ടതെന്നും അദ്ധേഹം പറഞ്ഞിരുന്നു.

ഇങ്ങനെ കേരളത്തിന്റെ സാമൂഹിക രംഗത്തെ മാറ്റങ്ങൾക്ക് പ്രവർത്തിച്ച് വിജയിച്ച യുഗപുരുഷനായിരുന്നു ശ്രീനാരായണഗുരു.

## പണയം

1.) പണയം എന്ന കഥയിലെ ചാക്കുണ്ണി എന്ന കഥാപാത്രത്തെ വിലയിരുത്തി നിരൂപണം തയ്യാറാക്കുക.

അല്ലെങ്കിൽ

ദാരിദ്ര്യത്തിന്റെ പിടിയിൽ പെട്ടിട്ടും കലയേയും കുടുംബത്തേയും അങ്ങേയറ്റം സ്നേഹിക്കുന്ന കഥാപാത്രമാണ് ചാക്കുണ്ണി. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Ans. ഇ. സന്തോഷ് കുമാർ എഴുതിയ പണയം എന്ന കഥയിലെ മുഖ്യ കഥാപാത്രമാണ് ചാക്കുണ്ണി. ചാക്കുണ്ണി എന്ന തുന്നൽകാരൻ പത്തുമുപ്പത് വർഷത്തോളം ജോലി ചെയ്ത് കുഴിഞ്ഞ കണ്ണുകളോടെ ക്ഷീണിച്ച ശരീരപ്രകൃതിയാണയാളുടേത്. ജോലി സമയത്തും അല്ലാത്തപ്പോഴും റേഡിയോ പരിപാടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്ന ചാക്കുണ്ണി നിവൃത്തിയില്ലാതെയാണ് അത് പണയം വെക്കുന്നത്. തന്റെ മകൻ അസുഖം ബാധിച്ച് കിടപ്പിലായപ്പോൾ മരുന്ന് വാങ്ങിക്കാൻ മറ്റു മാർഗ്ഗമില്ലാതായപ്പോഴാണ് അയാൾ ആ റേഡിയോ പലിശക്ക് പണം കടം കൊടുക്കുന്നത്.

റേഡിയോ മനസ്സില്ലാ മനസുമായാണ് അയാൾ നൽക്കുന്നത്. കുട്ടികളെ പോലെ നോക്കേണ്ട സാധനങ്ങളാണ് അതെന്ന് ചെമ്പുമത്തായിയോട് ഓർമ്മിപ്പിക്കാനും ചാക്കുണ്ണി മറക്കുന്നില്ല. എന്നാൽ റേഡിയോയെ ദേഷ്യത്തോടെ കാണുന്ന മത്തായി അയാളുടെ വാക്കുകളെ പുച്ഛത്തോടെയാണ് കേൾക്കുന്നത്.

മക്കളെപ്പോലെ നോക്കണം എന്ന ചാക്കുണ്ണിയുടെ വാക്കിനെ തിരുത്താനും ചെമ്പ് മത്തായി ശ്രമിക്കുന്നു. താൻ കുട്ടികളെ ലാളിച്ചിട്ടില്ലെന്നും നല്ല ശിക്ഷ നൽകിയിട്ടാണ് ഞാൻ കുട്ടികളെ വളർത്തിയിട്ടുള്ളതെന്നും അയാൾ ഓർമ്മിപ്പിക്കുന്നു.

ഉരുകുന്ന മനസ്സുമായാണ് ചാക്കുണ്ണി അവിടെ നിന്ന് മടങ്ങിയത്. റേഡിയോയിലെ വിവിധ പരിപാടികളെ അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്ന അയാൾക്ക് മക്കളോടെന്നപോലെയായിരുന്നു വിജ്ഞാനവും വിനോദവും പകർന്നു കൊടുത്തിരുന്ന ആ ഉപകരണം.

കടം വാങ്ങിയ കാശ് കൊണ്ട് ചികിത്സിച്ചിട്ടും ചാക്കുണ്ണിയുടെ മകൻ രക്ഷപ്പെട്ടില്ല. മകൻ ഞായറാഴ്ച്ചകളിൽ കേൾക്കാറുണ്ടായിരുന്ന ബാലമണ്ഡലം കേൾക്കാൻ ബാറ്ററിയുമായി ചെമ്പു മത്തായിയുടെ വീട്ടിലെത്തുന്ന ചാക്കുണ്ണി ചെമ്പുമത്തായിയുടെ പരിഹാസത്തിന് വിധേയനാകുന്നുണ്ട്. മാനസികവും ശാരീരികവുമായ പ്രയാസങ്ങൾക്കിടയിലും സംഗീതത്തെയും സാഹിത്യത്തെയും അതിലുപരി കുടുംബത്തെയും സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് ചാക്കുണ്ണി എന്ന് ഈ കഥ വെളിപ്പെടുത്തുന്നു.

## പ്ലാവിലക്കഞ്ഞി

**കഥാസംഗ്രഹം**: പുഷ്പവേലിൽ ഔസേപ്പിന്റെ ജോലിക്കാരനാണ് കോരൻ. വിവാഹദിവസം അച്ഛനുമായുണ്ടായ ചില പിണക്കങ്ങൾ കാരണം ഭാര്യയായ ചിരുതയെയും കൂട്ടി വീടുവിട്ടു പോവുകയും സുഹൃത്തായ കുഞ്ഞാപ്പിയുടെ കൂടെ താമസം തുടങ്ങുകയും ചെയ്തു.

ജോലി കഴിഞ്ഞ് കൂലിയായി കിട്ടിയ പണവുമായി രാത്രി വൈകുവോളം കോരൻ അരി വാങ്ങാനായി നടന്നു. ഒടുവിൽ ആറണകൊടുത്ത് വാങ്ങിയ നാഴി അരിയും നാലുചക്രത്തിന് കപ്പയുമായി കൊട്ടിലിൽ ചെന്നു. പാതിരാ കഴിഞ്ഞപ്പോൾ കപ്പയും കഞ്ഞിയും വെന്തു. വയറിന് സുഖമില്ല എന്ന് പറഞ്ഞ് കോരൻ നേരത്തെ കിടന്നു. എന്നാൽ ചിരുതയുടെ നിർബന്ധം കാരണം കോരന് കഞ്ഞി കുടിക്കേണ്ടിവന്നു. ചട്ടിയുടെ രണ്ട് ഭാഗത്തും ഇരുന്ന് അവർ രണ്ടാളും കഞ്ഞി കുടിച്ചു.

അടുത്ത ദിവസം കോരൻ കിട്ടിയ പണവുമായി അരിവാങ്ങാനായി അലഞ്ഞുതിരിഞ്ഞു. ഒടുവിൽ അരിയും കപ്പയുമായി വീട്ടിലെത്തുമ്പോൾ വളരെ കാലമായി പിണങ്ങിയിരുന്ന അച്ഛൻ

ചിരുതയുമായി സംസാരിച്ചിരിക്കുന്നതാണ് കാണുന്നത്. ആരോഗ്യ വാനായിരുന്ന അച്ഛൻ നീരുവന്ന് അവശനായിരിക്കുന്നത് കണ്ട് കോരൻ ദുഃഖിതനാകുന്നു. ഒരിക്കലും അച്ഛനെ തനിച്ചാക്കി പോരരുതായിരുന്നു. അച്ഛന്റെ ഈ അവസ്ഥക്ക് കാരണം താനാണെന്ന് കേരൻ കരുതുന്നു. പത്തു ദിവസമായി കഞ്ഞികുടിച്ചിട്ട് എന്ന് പറയുന്ന അച്ഛന് ഒരു നേരമെങ്കിലും ചോറ് കൊടുക്കണം എന്ന് കോരൻ ആഗ്രഹിക്കുന്നു.

**ചോദ്യങ്ങൾ**

1.) **ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹം കൊണ്ട് കോരനും ചിരുതയും അതിജീവിക്കുന്നത് എങ്ങനെ ?**

Ans. ഔസേപ്പിന്റെ പാടത്ത് പണിയെടുത്തതിന് കൂലിയായി കിട്ടിയ മുക്കാൽ ചക്രം കൊണ്ട് അരിയും കപ്പയും വാങ്ങി വീട്ടിലെത്തിയ കോരൻ വയറിന് സുഖമില്ല എന്ന് പറഞ്ഞ് നേരത്തെ കിടന്നു. എന്നാൽ കഞ്ഞിയും കപ്പയും വെന്തപ്പോൾ വേണ്ടാ എന്ന് പറഞ്ഞിട്ടും കോരനെ ചിരുത നിർബന്ധിച്ച് കഴിപ്പിക്കുന്നു.

വളരെ നാളായി പിണങ്ങിയിരുന്ന അച്ഛൻ വീട്ടിൽ വന്നപ്പോൾ ചിരുത മുറം വിറ്റ പണം കൊണ്ട് അരിവാങ്ങി കഞ്ഞിവെച്ച് അത് മുഴുവൻ ആ വൃദ്ധനെ കുടിപ്പിക്കുന്നു. ഈ രണ്ട് സന്ദർഭങ്ങളിലും സ്നേഹത്തിന്റെ ആഴമാണ് കാണുന്നത്.

2.) **കോരന്റെ ചിന്തകളിൽ തെളിയുന്ന അപരാധ ബോധം എന്ത് ?**

Ans. വിവാഹദിവസം ഉണ്ടായ ചില പ്രശ്നങ്ങളുടെ പേരിൽ കോരൻ അച്ഛനുമായി പിണങ്ങി ഭാര്യയോടൊപ്പം വീടുവിട്ട് പോകുന്നു. തനിച്ചായ പിതാവ് കാലങ്ങൾക്ക് ശേഷം കോരനെ കാണാനെത്തുന്നു. ആരോഗ്യവാനായിരുന്ന പിതാവ് ശരീരമാകെ നീരുവന്ന് ക്ഷീണിതനായി കണ്ടപ്പോഴാണ് താൻ അച്ഛനെ തനിച്ചാക്കിപ്പോന്നത് തെറ്റായിപ്പോയി എന്ന് കോരന് തോന്നുന്നത്.

3.) **കഥാപാത്ര നിരൂപണം- കോരൻ**

തകഴിയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിലെ പ്രധാന കഥാപാത്രമാണ് കോരൻ. വിവാഹദിവസം അച്ഛനുമായി പിണങ്ങി കോരൻ വീടുവിട്ട് പോകുന്നു. കഠിനാദ്ധ്യാനം ചെയ്തിട്ടും അയാൾക്ക് തന്റെ കുടുംബത്തിന്റെ പട്ടിണി മാറ്റാൻ കഴിയുന്നില്ല. ജോലിക്ക് കൂലിയായി നെല്ലിന് പകരം പണം കൊടുക്കുമ്പോൾ നെല്ല് മതി എന്ന് പറഞ്ഞ് വാശിപിടിക്കുന്നു. ജന്മിമാർ നെല്ല് വള്ളത്തിൽ കയറ്റി കൊണ്ട്പോകുന്നത് കണ്ടിട്ടും അത് പരസ്യപ്പെടുത്താൻ കോരന് കഴിയുന്നില്ല. അങ്ങനെ ചെയ്താൽ അയാൾക്ക് ജോലി നഷ്ടപ്പെടും എന്ന് അയാൾ ഭയപ്പെടുന്നു. കോരൻ ഉപേക്ഷിച്ച് പോയ അപ്പൻ മകനെ കാണാനായി എത്തുമ്പോൾ ബാക്കിയുള്ള കാലം അപ്പന് നന്നായി ഭക്ഷണം കൊടുക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു.

കഠിനാദ്ധ്വാനി, സ്നേഹസമ്പന്നനായ ഭർത്താവ്, അച്ഛനെ സംരക്ഷിക്കുന്ന മകൻ ഇതെല്ലാം കോരന്റെ സ്വഭാവ സവിശേഷതകളാണ്.



# ഓരോ വിളിയും കാത്ത്

**പാഠസംഗ്രഹം:** അച്ഛന്റെ മരണശേഷം അമ്മ വീട്ടിൽ തനിച്ചാകുന്നു. അച്ഛൻ കിടപ്പിലായിട്ട്പോലും വീട്ടിലെ എല്ലാ കാര്യങ്ങലിലും നന്നായി ശ്രദ്ധിച്ചിരുന്നു. അമ്മയെ എപ്പോയും വിളിച്ചുകൊണ്ടിരിക്കും. എവിടെ നിന്നാലും അമ്മവിളി കേൾക്കുകുയം ചെയ്യും. അച്ഛന്റെ എല്ലാ ചോദ്യങ്ങൾക്കും അമ്മ മറുപടിയും നൽകും.

അകലെ ജോലിയുള്ള മകൻ അമ്മയെ തനിച്ചാക്കി പോകാൻ വിഷമിക്കുന്നു. മകന്റെ നിർബന്ധത്തിന് വഴങ്ങി 'വാവ്' കഴിഞ്ഞാൽ കൂടെ ചെല്ലാമെന്ന് അമ്മ സമ്മതിക്കുന്നു. എന്നാൽ പോകേണ്ട ദിവസം, സമയം ഏറെയായിട്ടും അമ്മ എഴുന്നേൽക്കുന്നില്ല. സമയം വൈകിയാൽ ബസ് കിട്ടില്ല എന്ന് പറയുന്ന മകനോട് ഞാൻ എങ്ങന്യാ മോനേ വരാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ, ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ... എന്ന് പറഞ്ഞൊഴിയുകയാണ് അമ്മ.

**ചോദ്യങ്ങൾ**

1. **'ഇപ്പോൾ ഇതൊരു' വീടല്ല എന്താണ് ഇങ്ങനെ പറയാൽ കാരണം?**

Ans. അച്ഛന്റെ മരണത്തോടെ വീട് ശൂന്യമായി. ഒരുപാട് പേർ വീട്ടിൽ നിന്നും ഇറങ്ങിപ്പോയതുപോലെ തോന്നി. അച്ഛന്റെ ശബ്ദവും സാന്നിധ്യവും ആയിരുന്നു ആ വീട്. ഒരു വീട്ടിൽ ഉള്ള അംഗങ്ങളിൽ ആരെങ്കിലും ഇല്ലാതാകുമ്പോൾ ഒച്ചയും അനക്കവും ഇല്ലാതാകുന്നു. എത്ര വലിയ വീടാണെങ്കിലും പരസ്പരസ്നേഹമുള്ള ആളുകൾ ഉണ്ടെങ്കിൽ മാത്രമേ പൂർണ്ണത ഉണ്ടാകൂ.

2. **മകന് അമ്മ തനിച്ചാണെന്ന് തോന്നുമ്പോൾ അമ്മക്ക് അങ്ങനെ തോന്നാത്തത് എന്തുകൊണ്ട് ?**

Ans. അച്ഛൻ മരിച്ചപ്പോൾ അമ്മ തനിച്ചാകുന്നു. എന്നാൽ അമ്മയെ തനിച്ചാക്കിപ്പോകാൻ മകൻ വിഷമിക്കുന്നു. അച്ഛൻ മരിച്ചു എന്ന യാഥാർത്ഥ്യത്തെ മകൻ മനസിലാക്കുന്നു. എന്നാൽ അമ്മയെ സംബന്ധിച്ച് അച്ഛന്റെ ആത്മാവും മരിക്കാത്ത ഓർമ്മകളും കൂട്ടിനുണ്ട്. അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം അത്രക്ക് ദൃഢമായിരുന്നു. അതാണ് അച്ഛൻ മരിച്ചു എന്ന യാഥാർത്ഥ്യത്തെ അമ്മക്ക് ഉൾകൊള്ളാൻ കഴിയാത്തത്

# അമ്മത്തൊട്ടിൽ (കവിത)

**റഫീഖ് അഹമ്മദ്**

1. **അമ്മത്തൊട്ടിൽ സാധാണരയായി കേൾക്കുന്നത് എന്തുമാ**

**യി ബന്ധപ്പെട്ടാണ് ?**

Ans. അനാഥ ശിശുക്കൾക്കോ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കോ ഉള്ള അഭയ കേന്ദ്രമാണ് അമ്മത്തൊട്ടിൽ

2. കവി റഫീഖ് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിതയിലൂടെ പറയുന്നതെന്തെല്ലാം ?

Ans. അമ്മത്തൊട്ടിൽ എന്ന കവിതയിലൂടെ അമ്മയെ ഉപേക്ഷിക്കുവാനുള്ള ഇടം (സ്ഥലം) തേടുകയാണ് മകൻ. കാറിന്റെ പിൻസീറ്റിലിരുത്തി അമ്മയെ ആദ്യം കൊണ്ടുപോകുന്നത് ആധുനിക ലോകത്തിന്റെ അടയാളമായ 'മാളി'ന്റെ സമീപത്തേക്കാണ്. അവിടെ ഉപേക്ഷിക്കാൻ ശ്രമിച്ചെങ്കിലും പെറ്റു കിടക്കുന്ന തെരുവു പട്ടിയുടെ കുരച്ചു ചാടലാൽ അത് വേണ്ടെന്ന് വെക്കുന്നു.

തുടർന്ന് ജില്ലാആശുപത്രിപരിസരത്തെത്തിയപ്പോൾ, കുട്ടിക്കാലത്ത് പനിച്ചുകിടക്കുന്ന തന്നെ അമ്മയെടുത്തുകൊണ്ട് ആശുപത്രിയിൽ എത്തിയത് ഓർക്കുന്നു. അന്നത്തെ സൂചിപ്രയോഗം വേദന നൽകിയത് പോലെ മകന്റെ മനസിനും ഉപേക്ഷിക്കുവാനുള്ള ചിന്ത നീറ്റലായി (വേദനയായി) മാറുന്നു. പിന്നീട് എത്തിയത് വിദ്യാലയ പരിസരത്താണ്. കുട്ടിക്കാലത്ത് വിദ്യാലയ മതിലിനപ്പുറത്ത് തന്നെ കാത്തുനിന്ന അമ്മയുടെ ചിത്രം മകനെ വീണ്ടും ചിന്തിപ്പിക്കുന്നു. ഇനിയെവിടെ കൊണ്ടിറക്കണമെന്ന് ചിന്തിച്ച്, ദേവാലയത്തിലെത്തിയപ്പോൾ എന്നെ ഒന്ന കൊണ്ടുപോകുമോ എന്ന് അമ്മ ചോദിക്കാറുണ്ടായിരുന്നത് മകൻ ഓർത്തു. ദേവാലയത്തിനുള്ളിൽ നിന്നും ഈശ്വരൻ ഈ കാഴ്ച്ച കണ്ട് ഇറങ്ങിയതായും മകന് തോന്നി. അങ്ങനെ മകനെ ഉപേക്ഷിക്കുവാനുള്ള ശ്രമത്തിൽ നിന്നും മകൻ പിന്തിരിയുന്നു.

അമ്മ വയറ്റത്ത് പറ്റിക്കിടന്ന ചൂടും കാച്ചെണ്ണ മണവും പുലർച്ചയിലെ തണുപ്പാറ്റുന്ന ചൂട്ടു കത്തുന്ന മണവും മകനെ തെറ്റു ചെയ്യാതെ മടങ്ങിപ്പോകാനും അമ്മയെന്ന ജന്മസുകൃതത്തെ തിരിച്ച് വീട്ടിലെത്തിക്കാനും പ്രേരിപ്പിച്ചു. മകൻ കാറിന്റെ പിൻസീറ്റിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, മകന്റെ സുരക്ഷയ്ക്കായി കണ്ണുകൾ തുറന്നുപിടിച്ചു കൊണ്ട് മരിച്ചു കിടക്കുന്ന അമ്മയെയാണ് കാണുന്നത്.

3. **മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ് എന്ന് പറയുന്നതെന്തിനെ ? എന്തുകൊണ്ട് ?**

Ans. അമ്മത്തൊട്ടിൽ എന്ന കവിതയിലെ അമ്മയുടെ കണ്ണുകളെയാണ് മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായ് എന്ന് പറയുന്നത്.

ഭക്ഷണം കഴിക്കുന്ന പിഞ്ഞാണം നിരന്തരമായി ഉപയോഗിക്കുന്നതിനാൽ പഴകിപ്പോവുകയും നിറം മങ്ങുകയും ചെയ്യുന്നു. അമ്മയുടെ പ്രായാധിക്യം മൂലം കണ്ണിന്റെ തെളിച്ചം നഷ്ടപ്പെട്ടു. പോളകൾ തൂങ്ങി പീള അടിഞ്ഞിരിക്കുന്നു.നിറം മങ്ങിപ്പോയിരിക്കുന്നു. അമ്മമാർ കണ്ണിമ ചിമ്മാതെ കുഞ്ഞുങ്ങളെ



സംരക്ഷിക്കുകയും പരിപാലിക്കുയും ചെയ്യുന്നു. മോറി മോറി പഴകിയ പാത്രം പോലെ കെട്ട കാഴ്ച്ചകൾ കണ്ട് കണ്ട് അമ്മയുടെ നിറം മങ്ങിയ കണ്ണുകളെയാണ് വരികളിൽ കവി സൂചിപ്പിക്കുന്നത്.

4. **പെറ്റുകിടക്കും പട്ടിക്കുമെന്തൊരൂറ്റം ചാടിക്കുതിക്കുന്നു. - ഈ വരികളിലൂടെ കവി സൂചിപ്പിക്കുന്നതെന്ത്?**

Ans. പെറ്റു കിടക്കുന്ന പട്ടി അടുത്തേക്ക് വരുന്നവരുടെ നേരെ ശൗര്യത്തോടു കൂടി ചാടിക്കുതിക്കും. കാരണം കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി മൃഗങ്ങൾ പോലും കൂടുതലായി ശ്രദ്ധിക്കുന്നു. മൃഗങ്ങളും പ്രകൃതിയും മനുഷ്യർക്ക് നൽകുന്ന ഒരു പാഠമാണിത്. എന്നിട്ടും മനുഷ്യർ ജന്മം നൽകിയ അമ്മയെ വലിച്ചെറിയാൻ ശ്രമിക്കുന്നു. അമ്മമാർ മക്കൾക്ക് നൽകുന്ന സ്നേഹവും കരുതലും അവർക്കു തിരിച്ചു നൽകാൻ കഴിയുന്നില്ല. മാതാപിതാക്കളോട് സ്നേഹമായി പെരുമാറേണ്ടതും സംരക്ഷിക്കേണ്ടതും മക്കളുടെ ചുമതലയാണ് എന്ന് കവി വരികളിലൂടെ സൂചിപ്പിക്കുന്നു.

## <u>കൊച്ചു ചക്കരച്ചി</u> (ലേഖനം)

**എ.പി. ഉദയഭാനു**

1. **കൊച്ചു ചക്കരച്ചി എന്ന ലേഖകൻ വിളിക്കുന്നതെന്തിനെ ?**

Ans. വീട്ടിലെ വൃദ്ധയായ പ്ലാവിനെയാണ് ഇങ്ങനെ വിളിക്കുന്നത്.

2. **വൃക്ഷങ്ങളിൽ വെച്ച് വൃക്ഷം എന്ന് വിളിക്കുന്നത് ഏത് വൃക്ഷത്തെയാണ് ? അങ്ങനെ വിളിക്കാൻ കാരണമെന്ത് ?**

Ans. വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവുതന്നെ. മാവ് പൂക്കുന്നത് തന്നെ നാട്ടിൻപുറത്ത് ഉത്സവമാണ്. ഉണ്ണിമാങ്ങ മുതലുള്ള പലതരം ഭക്ഷ്യവസ്തുക്കൾ മാവിൽ നിന്ന് ലഭിക്കുന്നു. കവിയ്ക്ക് ഇഷ്ടപ്പെട്ട മാവ് കിളികൾക്കും ഇഷ്ടപ്പെട്ട മരമാണ്. പഴങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത് മാമ്പഴമാണ്. മാവില അലങ്കാരങ്ങൾക്കും പൂജക്കും ഔഷധത്തിനും ഉപയോഗിക്കുന്നു. മാഞ്ചോട്ടിലെ ഒത്തു ചേരലുകളും കളിവീടുണ്ടാക്കലും പലതരം സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും വഴി തെളിയുന്നു. മാവ് ചതിക്കില്ല എന്ന വിശ്യാസവും നിലവിലുണ്ട്.

3. **കൊതിയ സമാജം എന്നതുകൊണ്ട് എ.പി ഉദയഭാനു ഉദ്ധേശിക്കുന്നതെന്ത്?**

Ans. മാവിന്റെ ചുവട്ടിൽ കുട്ടികൾ ഒത്തു ചേരുകയും കളിവീടുണ്ടാക്കുയും ചെയ്യാറുണ്ട്. മാമ്പഴം ലഭിക്കാൻ വേണ്ടി അവർ അണ്ണാരക്കണ്ണന്റ പിറന്നാളാഘോഷിക്കുകയും ചുവട്ടിൽ തീയിട്ട് ഹോമം ചെയ്യുകയും മറ്റു പലതരം കളികളിൽ ഏർപ്പെടുകയും ചെയ്യുന്നു. കൊതിയന്മാരുടെ ചേരലാണല്ലോ ' കൊതിയ സമാജം' ബാല്യകാലങ്ങളിൽ അനുഭവിക്കാൻ ഇടയായ സൗഭാഗ്യങ്ങളിലൊന്നായിട്ടാണ് എ.പി ഉദയഭാനു ഈ ഒത്തുചേരലിനെ കാണുന്നത്.

4. **അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ളബന്ധം എങ്ങനെയുള്ളതായിരുന്നു?**

Ans. ഒരു മുത്തശ്ശിയെപ്പോലെ തലമുറയുടെ കഥ പറയാൻ, കൊച്ചു ചക്കരച്ചിയ്ക്ക് കഴിയുമായിരുന്നു. ലേഖകന്റെ അമ്മയും കൊച്ചുചക്കിരച്ചിയും തമ്മിൽ വലിയ സ്നേഹബന്ധത്തിലായിരുന്നു എന്ന് അദ്ദേഹം വിവരിക്കുന്നു. മാവു മുറിക്കാനും മാങ്ങ പറിക്കാനും അമ്മ അനുവദിച്ചിരുന്നില്ല. അമ്മയുടെ ഈ സ്നേഹമാണ് ലേഖകനും മാവിനോടുള്ള ഇഷ്ടം വർദ്ധിക്കാൻ കാരണം. മാവ് ചതിക്കില്ലെന്ന് ഉറച്ചുവിശ്വസിക്കുന്ന അമ്മ കാറ്റും മഴയും വരുമ്പോൾ പൂമുഖത്ത് പോയിരിക്കുന്നു. അമ്മയുടെ വിശ്വാസം പോലെ തന്നെ യാതൊരു അപകടവും ഉണ്ടാകാതെയായിരുന്നു മാവിന്റെ അവസാനവും. കൊച്ചു ചക്കരച്ചി തേരുള്ള മാവാണ് അവൾ ദോഷം വരുത്തുകയില്ല. എന്ന അമ്മയുടെ വിശ്വാസം ജയിക്കുകയും ചെയ്തു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ പ്രകടനമാണ് നമുക്കിതിലൂടെ വ്യക്തമാകുന്നത്.

# അമ്മയുടെ എഴുത്തുകൾ

**വി. മധുസുദനൻ നായർ**

നഗര ജീവിതത്തിനിടയിൽ കവി കണ്ടെത്തുന്ന എഴുത്തുകളാണ് ഈ കവിതയുടെ പ്രമേയം. വീടിന് മോടി കൂട്ടുന്നതിന്റെ ഭാഗമായി ചില്ലു പെട്ടികളിൽ പട്ടണക്കോപ്പുകൾ നിറയുമ്പോൾ അമ്മ അയച്ച പഴയ കത്തുകൾ കാൽപെട്ടിയിൽ അടുക്കി വെക്കുകയാണ്. അമ്മയുടെ മനസ്സിന്റെ മുദ്രയാണ് ആ കത്തുകൾ അമ്മയുടെ കത്തുകളിലേക്ക് നോക്കിയാൽ തന്നെ അവ സംസാരിച്ചുതുടങ്ങും. ഇവിടെ കഴിഞ്ഞ കാലത്തെ ജീവിത ചിത്രങ്ങൾ കവിയുടെ ഓർമ്മയിലേക്ക് കടന്നുവരുന്നു. അമ്മയുടെ വാത്സല്യം, സാരോപദേശങ്ങൾ, പ്രാർത്ഥനകൾ, വേദന നിറഞ്ഞ അനുഭവങ്ങൾ, നാട്ടുപുരാണങ്ങൾ, വീട്ടുവഴക്കുകൾ ഉത്സവങ്ങൾ, നാമ സങ്കീർത്തനങ്ങൾ, കൃഷിപ്പാട്ടുകൾ, മരുന്ന് കുറിപ്പുകൾ എന്നിങ്ങനെ എഴുത്തെല്ലാം അമ്മയായിരുന്നു.

നേരിന്റെ ഈണവും താളവുമുള്ളതാണ് അമ്മയുടെ കത്തുകൾ. പോയ കാലത്തിന്റെ മാധുര്യമുള്ള ഓർമ്മകൾ മറന്നു തുടങ്ങിയെങ്കിലും അമ്മയുടെ ഓർമ്മ വഴികാട്ടിയായി നിലനിൽക്കുന്നു.

ആധുനിക കാലഘട്ടത്തിൽ പുതുതലമുറ എല്ലാം മറക്കുകയാണ്. പരിഷ്കാരത്തിന്റെ ചില്ലു പെട്ടിയിൽ മാതാവിനും മാതൃഭാഷക്കും ഇടമില്ലാതായിരിക്കുന്നു. മാതൃഭാഷയെ മറക്കുന്ന, മലയാളത്തെ അറിയാൻ ശ്രമിക്കാത്ത ഒരുപുതിയ തലമുറയാണ് വളർന്നു വരുന്നത്. താൻ എവിടെയാണ് ജനിച്ചതെന്നും തന്റെ മാതാപിതാക്കളാരാണെന്നും തന്റെ മാതൃഭാഷ ഏതെന്നും അറിയാതെ ജീവിക്കുന്നവർ വ്യക്തിത്വമില്ലാത്തവരാണ്. അമ്മയെ സ്നേഹിക്കാൻ കഴിയണം. ജീവിതാവസാനം വരെയും അമ്മയെ ഓർക്കാൻ കഴിയണം. കുട്ടിക്കാലത്ത് അമ്മ പറഞ്ഞു തന്ന കാര്യങ്ങൾ മധുരമുള്ള ഓർമ്മകളായി നമ്മുടെ മനസിലുണ്ടാകണം. മാതൃഭാഷയുടെ താളവും ഈണവും നാം അറിയണം. മാതാവിനേയും മാതൃഭാഷയേയും സംരക്ഷിക്കാനുള്ള ബോധമുണ്ടായാലേ നമ്മൾ ഉത്തമ പൗരന്മാരാവുകയുള്ളൂ.

1. **ആരുതേടും? നാളെ നമ്മുടെ കുട്ടികൾക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ? കവിയുടെ ചോദ്യത്തിന്റെ പൊരുൾ കണ്ടെത്തി വിശദീകരിക്കുക.**

Ans. അമ്മയുടെ എഴുത്തുകൾ എന്ന കവിതയിൽ കവി മധുസുദനൻ നായർനമ്മുടെ മാതൃഭാഷക്ക് സംഭവിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയെക്കുറിച്ച് ആശങ്കപ്പെടുകയാണ്. മാതാവിനെയും മാതൃഭാഷയെയും മറക്കുന്ന ഒരു പുതിയ തലമുറയാണ് വളർന്നു വരുന്നതെന്ന് കവി ആശങ്കപ്പെടുന്നു. പുതിയ തലമുറ പട്ടണ പരിഷ്കാരത്തിൽ മുഴുകിപ്പോയിരിക്കുന്നു. താൻ എവിടെയാണ് ജനിച്ചതെന്നും, തന്റെ മാതാപിതാക്കളാരാണെന്നും, തന്റെ മാതൃഭാഷ എന്തെന്നും ആ ഭാഷയുടെ മഹത്വമെന്തെന്നും അറിയാതെ ജീവിക്കുന്നവർ വ്യക്തിത്വമില്ലാത്തവരാണെന്ന് കവി പറയുന്നു. അന്യഭാഷാ സംസ്കാരമാണ് ഇന്ന് ശോഭിക്കുന്നത്. സംസ്കാരവും വിജ്ഞാനവും അമ്മ വാൽത്സല്യത്തോടെ മാതൃഭാഷാ ബന്ധമില്ലാതെ വളരുന്ന പുതിയ തലമുറയുടെ അവസ്ഥ എന്തായിരിക്കും ഇന്നത്തെ തലമുറക്ക് അമ്മയെക്കുറിച്ചും മാതൃഭാഷയെക്കുറിച്ചും ഓർമ്മയിലെങ്കിലുമുണ്ട്. നാളത്തെ തലമുറക്ക് അതും വേണ്ടാതാകുമോ എന്ന് കവി ഉത്ണ്ഠപ്പെടുകയാണിവിടെ.

2. **അമ്മതന്നെയാണ് മാതൃഭാഷ – ഈ പ്രസ്ഥാവന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെടുന്നു. പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.**

Ans. മാതാവിൽ നിന്നുംപകർന്നു കിട്ടുന്ന സംസ്കാരമാണ് ജീവിതാവസാനം വരെ അവനിൽ നിലനൽക്കുന്നത്. ആധുനിക പരിഷ്കാരത്തിന്റെ ചില്ലുപെട്ടിയിൽ മാതൃഭാഷക്ക് സ്ഥാനം ഇല്ലാതായിരിക്കുന്നു. പുതിയ തലമുറ മാതൃഭാഷയെ പിന്നിലെവിടെയെങ്കിലും ഒളിപ്പിക്കുകയാണ്. മാതൃഭാഷയുടെ സൗന്ദര്യവും, ലാളിത്യവും ശ്രേഷ്ഠമാണ്. മാതൃഭാഷയിലൂടെ സംസ്കാരത്തിന്റെ കൈമാറലാണ് നടക്കുന്നത്. അമ്മയുടെ വാത്സല്യവും, ഉപദേശങ്ങളും, വേദനയും, പ്രാർത്ഥനയും, നാട്ടുപുരാണങ്ങളും, നാമസങ്കീർത്തനങ്ങളും, വീട്ടുവഴക്കുകളും, കൃഷിയനുഭവങ്ങളും, വിശ്വാസങ്ങളുമൊക്കെ ഉൾച്ചേരുന്ന സംസ്കാരം പകർന്നുതരുന്നത് അമ്മയാണ്. മാതൃഭാഷാ സത്യത്തെയാണ് നമ്മൾ ആരും കാണാതിരിക്കാൻ കാൽപ്പെട്ടിയിലാക്കി പിന്നിലെചായ്പ്പിൽ ഒളിപ്പിക്കുന്നത്.

# <u>പത്രനീതി</u>

**ഡോ. സുകുമാർ അഴീക്കോട്**

ജന മനസ്സുകളിൽ പത്രങ്ങൾ സൃഷ്ടിച്ചെടുക്കുന്ന സ്വാധീനം വളരെ വലുതാണ്. പത്രം ലോകത്തെ നമ്മുടെ മടിയിലെത്തിക്കുമ്പോൾ നമ്മുടെ നാട്ടിലെ സംഭവങ്ങളെ ലോകത്തിന് മുമ്പിലും എത്തിക്കുന്നു. ജനാധിപത്യത്തിന്റെ നാലാമത്തെ തൂണായി പത്രത്തെ കണക്കാക്കുന്നുണ്ട്. നാടിന്റെ നാനാഭാഗത്തുമുണ്ടാകുന്ന വാർത്തകൾ മറ്റിടങ്ങളിലേക്ക് വ്യാപിക്കുകയും അവയിൽ നിന്നും പൊതുവായ ചില അഭിപ്രായങ്ങൾ രൂപപ്പെടുത്തി ഭരണതലങ്ങളിലും നീതി ന്യായവ്യവസ്ഥയിൽ പോലും എത്തിക്കുത് പത്രങ്ങളാണ്. സത്യസന്ധമായ വാർത്തകൾ ജനങ്ങളിലെത്തിക്കുക എന്നതാണ് പത്രധർമ്മം. പത്രങ്ങൾ നീതിയുക്തമായല്ല പ്രവർത്തിക്കുന്നതെങ്കിൽ അത് ജനാതിപത്യത്തിന് തന്നെ ശാപമായിരിക്കും.

സ്വേച്ഛാധിപതികൾ പോലും പത്രത്തെ ബഹുമാനിക്കുന്നുണ്ട്. കാരണം അവർ പത്രങ്ങളെ എതിർക്കുകയും നിരോധിക്കുകയും ചെയ്യുന്നത്. അരാജകരായ അവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു. സമൂഹ നന്മ അറിവുണ്ടാക്കിക്കൊടുക്കുകയാണ് പത്രങ്ങളുടെ ഒരു പ്രധാന ചുമതല. ആ ചുമതല മറന്നാൽ പത്രത്തിന്റെ നില നിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടും. പക്ഷേ ഇന്ന് പല പത്രങ്ങൾ വായിച്ച് അവയിൽ വരുന്ന കള്ളത്തരങ്ങൾ താരതമ്യം ചെയ്ത് സത്യത്തിന്റെ സമീപത്ത് എത്തിക്കാൻ കഴിയുമോ എന്ന് പരീക്ഷിക്കകയേ നിർവ്വാഹമുള്ളൂ.

1. **പത്രധർമ്മം എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.**
   **പത്രധർമ്മം.**

Ans. ആധുനിക ലോകത്ത് പത്രങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ചും ജനാധിപത്യ സംവിധാനത്തിൽ. വാർത്തകളുടെ വസ്തുനിഷ്ഠമായ അവതരണം മാത്രമല്ല പൊതുജന നന്മകൂടി പത്രങ്ങളുടെ ധർമ്മമാണ്. ജനാധിപത്യ സംവിധാനത്തിൽ തെറ്റുകൾ പറ്റുന്നു എന്ന് തേന്നുമ്പോൾ അവ തിരുത്തുന്നതിന് ആവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്താൻ പത്രങ്ങൾക്ക് മാത്രമേ കഴിയൂ. ഇങ്ങനെ നോക്കുമ്പോൾ ജനങ്ങൾക്കും ഭരണാധികാരികൾക്കും ഇടയിൽ അവരെ പരസ്പരം ബന്ധിപ്പിക്കുന്നതും തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതുമായ മഹത്തായ സ്ഥാപനമാണ് പത്രം.

ഈ കടമ നിർവ്വഹിക്കണമെങ്കിൽ പത്രം നിഷ്പക്ഷമായിരിക്കണം. അത് ജനപക്ഷമായിരിക്കണം. പത്രം നടത്തുവാൻ മുതൽമുടക്ക് ആവശ്യമാണ്. അതുകൊണ്ട് പണം ഉണ്ടാക്കുക, അതിനുവേണ്ടി പ്രചാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ



ത്രധർമ്മം മറന്നു കൊണ്ട് പത്രങ്ങൾ പ്രവർത്തിക്കരുത്. വാർത്തകൾക്കു വേണ്ടിയുള്ള വാർത്താ സൃഷ്ടിയും പണം വാങ്ങിയുള്ള വാർത്താ പ്രസിദ്ധീകരണവും വഞ്ചനയാണ്. സത്യം, ന്യായം, നീതി എന്നീ ധർമ്മത്തിലുറച്ചായിരിക്കണം പത്രം പ്രവർത്തിക്കേണ്ടത്. ഭരണാധികാരികളെ പ്രീണിപ്പിച്ചുകൊണ്ട് നിലനിൽക്കാൻ ശ്രമിക്കുന്നതും ജന വഞ്ചന തന്നെയാണ്. പത്രങ്ങൾ സൂര്യന് ചുവടെയും മേലെയുമുള്ള എല്ലാറ്റിനെയും പറ്റി വാർത്തകൾ തരുന്നു എന്ന് മാത്രമല്ല അവയെ വിമർശിക്കുകയും ചെയ്യുന്നുണ്ട്.

<u>തുടർ പ്രവർത്തനം</u>

'വർത്തമാനകാലത്തെ പത്രമാധ്യമങ്ങൾ' എന്ന വിഷയത്തിൽ ഒരു ഖണ്ഡിക എഴുതുക.

## Unit 1-1 VANKA Short Story By Anton Chekhov

(Summary)

Nine year old boy Vanka was an unhappy orphan. He was an apprentice under a Moscow-based shoemaker named Alyakhin. Vanka was transferred to Moscow by his grandfather, Konstantin Makarich, after the boy's mother died. On Christmas Eve, when his master and others were at church, he started writing a letter to his grandfather describing the cruelties of his master,mistress and the other apprentices.

One day, his master punished him for falling asleep while rocking his baby. Another day, Alyakhin's wife rubbed his face with the head of a herring because he had started gutting the fish from its tail. The bread or gruel which his master provided him was not enough to satisfy his hunger. The senior apprentices were not much different They would make fun of him and send him to the tavern for vodka, they would ask him to steal his master's cucumbers.

He requested his grandfather to take him back to the estate where he was working as a night watchman. He promised him that he would grind snuff for him, pray for him and look after him in his old age. After finishing the letter, he put it in an envelope and posted it. But he did not know that the full postal address was needed for it to reach his grandfather. An hour later, he fell asleep and began dreaming about his grandfather and his dogs.

**A Few Questions from 1, 2 & 3 passages with Answers:**

1. Why didn't Vanka go to bed on Christmas eve?
2. Why did he glance several times anxiously at the door and window?
3. Find a word from the passage synonymous with "looked".
4. "I have no Father and no Mummie." Express the same idea differently in another sentence beginning with "I am.......".
5. "The paper lay on the bench; Vanka knelt on the floor at the bench."
   Analyze the sentence and fill in the following table.

| Noun phrase | Verb phrase | Prepositional phrase | Tense of the verb |
|---|---|---|---|

6. How long has Vanka been with Alyakhin?
7. What arrangement Vanka made to write the letter?
8. Pick out a word from the passage that means 'a block of wood shaped like a foot'.
9. What idea do you get about Vanka's life from the letter?
10. Give a short description of Konstantin Makarich.
11. How did Konstantin Makarich spend his daytime?
12. Why were the Eel's deferential manner and docility said to be a cloak for the most Jesuitical spite and malice?
13. What were the specialties of the dog, Eel?
14. "Window-pane" and "grandfather" are compound words. Search for other five compound words.

**Answers**

1. Vanka wanted to write secretly a letter to his grandfather. So he waited without going to bed till his master, mistress and senior apprentices had gone to church.
2. He was very anxious and afraid as he was writing a secret letter. He wanted to make sure that nobody was watching him.
3. The word "glanced" is synonymous with 'looked'
4. "I am an orphan".
5.

| Noun phrase | Verb phrase | Prepositional phrase | Tense of the verb |
|---|---|---|---|
| The paper<br>Vanka | lay<br>knelt | on the bench<br>on the floor<br>at the bench | Simple past<br>Simple past |

6. Vanka has been with Alyakhin for three months.
7. He kept with him in a cupboard a bottle of ink, a pen with a rusty nib and a crumbled piece of paper.
8. 'Last' is the word.





9. We get the idea that he is an orphan and he has only his grandfather left as a relative.
10. He was a small, lean, old man about sixty-five, but remarkable lively and agile with a smiling face and eyes bleary with drink.
11. He spent his day time either by sleeping in the back kitchen or sat joking with the cook and kitchen-maids.
12. Under the cover of Eel's deferential manner and docility, he was actually very naughty. He was an adept at stealing, creeping into the ice-house or snatching a peasant's chicken.
13. Eel had the black coat and long weasel-like body; he is wonderfully respectful and insinuating. He turned an appealing glance on everyone but inspired confidence in no one, and his deferential manner and docility were a cloak for his spite and malice.
14. 'Grandfather', 'watchman', 'gentlefolk', 'daytime', 'kitchen-maids'.

## Unit 1-2 THE SNAKE AND THE MIRROR By Vaikom Muhammed Basheer

Short Story (Summary)

The snake and the mirror is about the terrifying experience of a homeopath. It was a hot summer night. After having his supper, the doctor returned to his room. When he opened the door, he heard some noises from above. As he was quite familiar with such sounds, he did not take notice of them at that time. Then he lay down, but he could not sleep. After a while, he sat down near the table on which a large mirror was standing. Looking at his face in the mirror, he took two important decisions. The first one was to shave daily and to grow a thin beard. The second one was to keep a smile on his face always. Then he thought about marrying a rich and fat lady doctor. At that time, he heard a dull thud. By the time he turned to find out what had fallen, a snake had landed on his shoulder. He realized that any slight movement on his part would make the snake bite him and sat there like a statue. After sometime, the snake found itself in the mirror and slithered down onto the table and started enjoying its own beauty. The doctor quickly ran out of the room and spent that night at his friend's house. When he returned to his room next morning, he found that a thief had stolen most of his things, except his dirty vest.

**A Few Questions from 13 to 18 passages :**

1. When the snake slithered along his shoulder, how did the doctor react?
2. Why did he sit in the chair like 'a stone image in the flesh'?
3. The doctor says that though 'he was turned to stone his mind was very active'. How do you understand that his mind was active?
4. Why did he try in imagination to write outside his heart the words 'O God'?
5. What did he feel when the snake coiled and stay on his left arm?
6. "What could I do?" Who asked this question to whom? What is this type of question known as in literature?
7. Why did the doctor think that death lurked four inches away?
8. Seeing the snake look into the mirror what were the funny thoughts came into the doctor's mind?
9. Find out a word that is opposite in meaning of 'coiled'.
10. "I did not know anything for certain". Rewrite the sentence using "nothing" in place of 'anything'.
11. What did the doctor think about the possible reason why the snake moved closer to the mirror leaving him?
12. Why did each of them have a sigh of relief?



## Unit 1-3 A Girl's Garden - Poem By Robert Frost

**A neighbour of mine in the village..............................................A childlike thing**

1. Who is the speaker of the poem? The poet himself is the speaker of the poem.
2. Who is the poet's neighbor? A young lady
3. What did the girl tell the poet? /What does she like to tell the poet? She tells the poet about a childlike thing.
4. Where did the girl live in her childhood? She lived in a village.
5. When did the girl do the childlike thing? Once in a spring season
6. What does the expression 'A childlike thing' suggest? It suggests her innocent deed.
7. Identify the rhyme scheme of the poem. ABCB
8. Pick out a set of rhyming words from the above given stanza. Spring- thing

21. Life is not easy for the narrator. How does she describe the difficulties of life?

The poet uses the images of tacks, splinters, torn up boards and bare floors to describe the difficulties.

22. Why do you think the word 'bare' is used in the poem?

The word 'bare' is used to emphasize how difficult and bare of luxuries the mother's life had been/ rough realities of life.

23.Pick out examples for visual image. 'Tacks', 'splinters', 'torn up boards', 'crystal stair'...etc

**But all the time ---------- life for me ain't been no crystal stair.**

24.Did the mother take rest while she was climbing on the staircase? Pick out line from the poem.

No. 'But all the time I'se been climbing on.

25. Which words in the stanza tell that the speaker had no rest? All the time I'se been climbing.

26. What is meant by "reachin' landin's"?

It means the satisfying moments that the mother has reached in her life.

27. What does the expression 'turning corners' signify?

'Turning corners' signifies sudden, unexpected turns or crisis in life

28. When life becoming challenging, does the speaker give up? How do you know?

No, the speaker doesn't give up. She says that she is still going upwards and still climbing.

29. Pick out the line from the poem which shows the perseverance of the mother.

I'se still climbing on

30. The speaker speaks of the word 'dark time'. What does the poet refer to here?

Dark time refers to the desperate and miserable living conditions at the time of their slavery.

31. What does 'reachin' landin's' symbolize in the mother's life?

It symbolizes certain magical phases in mother's life.

32. Did the mother always travel through night? Pick out relevant lines to justify your answer.

No. sometimes going in the dark where there ain't been no light.

33. What does the word 'light' symbolize? **ORBIT** Kondotty 7034410177

The word 'light' symbolizes pleasant situations in mother's life.

34. What advice does the speaker give to her son?

The poet advises her son not to give up or set down on the steps even if he finds the going difficult. Move on with courage and confidence.

35. Why did the mother advice her son no to fall down?

When he goes up the stair way of life, he may face the harsh realities of life. This may cause to stumble down on the stairway of life.

36. Pick an example for alliteration. Don't you set down on the steps

37. What do you know about the attitude of the speaker in life?

The speaker in the poem is optimistic and hopeful.

38. What dialect is used in the poem? Afro American dialect

39. With what message does the poem end?

The poem ends with the message that one has to display steady persistence to go up the stairway of life. Don't ever think of giving up if the obstacles are harsh.

40. What is the theme of the poem?

Life is not bed of roses. So one has to work hard and be persistent to face the challenges of life.

41.What is the most likely age of the son mentioned in the poem? Teenage.

## Unit 2-1 PROJECT TIGER Memoir By Satyajit Ray
(Summary)

In this memoir, Satyajith Ray shares how he managed to shoot a scene in one of his films using a circus tiger. Before describing his own story, Ray notes how reverently the animal-actors are treated in Hollywood. He had even witnessed a dwarf working as stand-in for a dog. Then he shares how difficult it was for Hitchcock to find trained birds, especially ravens for his film, *Birds*. He had to advertise in the press all over the United States to gerthe required number of of birds. While the shooting of his own film, *Goopy Gyne Bhaga Byne*.

Ray wanted a trained tiger for an important scene in it. The easiest option available was to approach the manager of Bharath circus, which was visiting Calcutta at that time. The manager readily agreed to give the animal for shooting. But there was another problem to be solved. The ringmaster had never let it out of



the cage on its own before. Throat, the ringmaster, suggested that they could use a thin but strong metal wire to control the tiger. But Ray feared that the wire would flatten the hair around tiger's neck and decided to use a tiger-skin collar for the purpose.

On the day of shoot at Notun Gram, it took a lot of effort to calm down the excited tiger. Though they were successful in filming the needed scenes, the shots had turned out to be really dark and a reshoot was inevitable. Ray found another bamboo grove closer to Calcutta in a village called Borai. When the crew reached there, the whole village came to watch the shooting. They did not pay attention to the instructions given by the filmmaker. But when the tiger charged out of the cage towards them, they all vanished. Even though the tiger was a bit excited at first, soon it calmed down and started behaving like an obedient child. This time everything went very well. And the shots too were good.

### A Few Questions from 2 to 14 passages with Answers:

1. What puzzled Ray when he was watching the film shooting?
2. "This job is done by their stand-ins". Rewrite this sentence beginning with "Their stand- ins..".
3. What was the strange thing Ray witnessed in the Disney studio?
4. What was the role of the dwarf in the shooting?
5. What do you understand about Alfred Hitchcock from the passage?
6. What is the main thread of the story of the film "Birds"?
7. How could Hitchcock manage to find out enough trained birds?
8. How did Goopy and Bagha reach in the forest?
9. "Goopy is banished by the king". "Bagha is also banished by the king".
   Combine these two sentences using "Both...and".
10. What happens when they see a tiger in the forest?
11. How did Ray manage to get a tiger? **ORBIT** Kondotty 7034410177
12. Who was Thorat and how did he look like?
13. According to Ray, what was the tiger required to do in the shooting?
14. What was the solution suggested by Thorat to set the tiger free?
15. Why did Ray suggest a collar made of tiger-skin be used?
16. Why did Ray and team select Notun Gram village for the shooting?
17. Why were they surprised when the covering of the lorry was removed?

**Answers:**

1. When the cameraman gave instruction to all the stars, they took their positions. But the protagonist the large dog did not move. This incident puzzled Ray.
2. 'Their stand-ins do this job'.
3. A dwarf covered in a hairy dog-skin went down on all the fours on a chalk mark on the floor just like an animal and crawled from one mark to another. This dwarf was paid to be the stand-in of a dog actor.
4. The role of the dwarf was to be the stand-in of the protagonist dog.
5. Alfred Hitchcock was the creator of some of the best suspense films in the history of cinema and he produced the film 'Birds'.
6. Birds from all over the world start attacking humans. This is the story thread of the film "Birds".
7. He placed notices in newspapers all over the United States asking people to contact him if they knew how to get hold of trained ravens.
8. Goopy and Bagha were banished by the king and thus they reached in the forest.
9. Both Goopy and Bagha are banished by the king.
10. When they see a tiger in the forest, they freeze in fear.
11. Ray contacted the manager of the Bharat Circus Company and arranged with them to get a tiger for the shooting.
12. Mr.Thorat was the ringmaster of the Bharat Circus. He was a well built man around forty years old. Although he was a South Indian, he looked like a Nepali.
13. Ray wanted the tiger to come out of bamboo grove into an open space, pace gently for a while, look at the camera if possible and then go back.
14. Thorat suggested that he would tie a thin but strong wire round the tiger's neck.
15. The thin wire round the tiger's neck wouldn't be visible to camera but it would flatten the hair on the tiger's neck. So Ray suggested using a tiger-skin collar and fix the wire to the collar.
16. They found a suitable bamboo grove to film the scenes in Notun Gram village.
17. They were surprised to see two well-fed and robust tigers instead of one.

Unit 2-2 **MY SISTER'S SHOES** From 'Children of Heaven' by Majid Majidi
(Possible discourses)

**1 Ali's thoughts about missing the shoes**

What should I do now? My sister's shoes are missing. I had put it between two boxes in the vegetable shop .Who might have taken it? My sister will be so worried. Will father beat me? He has little money to buy new shoes for her. How can she go to school without shoes? Oh God.. It is all my mistake. I should have been more careful . Tomorrow I shall go to the shop once again and search.Why shouldn't I give my shoes to her so that she shall not miss her class? Let me ask her.

**2 Thoughts of Zahra about missing the shoes**

Oh how careless is my brother! He says somebody has taken my shoes. Is it's true? Who needs my shoes ? They are so old and worn out. I am sure he has forgotten it somewhere. How can I go to school tomorrow without shoes? It is very cold outside. If I tell father he will beat him.No..I can't bear it .After all he is my brother .My father has little money to buy a new pair of shoes for me. What shall I do ? Maybe mother can help me. I shall tell her tomorrow.

**3 Conversation between Ali and Zahra**

Zahra : Ali, have you returned? why are you looking sad?
Ali : Sorry Zahra.I lost your shoes.
Zahra : Lost it?But how?
Ali : I placed it between two boxes in the vegetable shop while I was picking potatoes.
Zahra : I can't believe it. You might have forgotten it somewhere
Ali : Oh no Zahra. believe me.
Zahra : How can I go to school without shoes? It is very cold outside
Ali : I'm sorry.I searched it everywhere ,but it is missing
Zahra : I shall tell father about your carelessness.
Ali : Please don't do it. He will beat me.
Zahra : Then tell me what to do?
Ali : I shall give my shoes to you
Zahra : ok I shall wear it when you come back from school .

**4 Conversation between Ali and the junk collector**

ORBIT Kondotty 7034410177

Ali : Hello uncle please stop.
Junk collector : Who are you? What do you want?
Ali : I'm Ali.I came here in search of my sister's shoes.
Junk collector : Your sister's shoes? I haven't taken anything
Ali : You came in the vegetable shop yesterday ,didn't you?
Junk collector : Yes. But I took only unused papers.
Ali : May be my black bag with the shoes is among them
Junk collector : Let me have a look.
Ali : Please do it. My sister has no spare shoes.
Junk collector : Don't worry. let us hope we can find it.

**5 Imagine Ali narrates the whole incident to his friend. prepare the narrative.**

Yesterday I went to the cobbler to get my sister's shoes repaired. It was so worn out that she could not wear it. The cobbler stitched it and put it in a black bag and gave it to me. While I was going home I stopped at a vegetable shop to buy some potatoes. while I was picking potatoes a junk collector came there. I didn't notice. When I came out I found the shoes missing. I was so worried .It was the only shoes she had. I felt afraid to tell my parents. When I reached home, my sister asked about the shoes. I told her that they were missing. she was so sad. While we were studying she wrote about it in her notebook and passed to me. We were afraid to discuss it loudly. So we exchanged our notebooks. I told her that I would give her my shoes. she agreed to wear it when I returned.



Unit 2-3 **BLOWIN' IN THE WIND** - Poem by Bob Dylan

Blowin in the wind is Bob Dylan's first single of his second studio album "The FreeWheelin". It was one of his earliest songs related to the American Civil Right Movement in 1960's. And this song was released in 1963 and played in the movie 'Forrest Gump' by a character named Jenny. Dylan was more than just a singer or song writer – he was a visionary and a humanitarian.

***Central idea of the song:***

There have been many interpretations of this verse. The theme of the song is world peace, freedom and war. Dylan was totally against the act of violence of the government. And this song exposes all types of injustices which go unnoticed just like the wind. The answers of that problems are in front of us. Many of these problems are unnecessary and do not benefit to mankind in any way. The song is both inspirational and optimistic with its messages of peace and freedom.

***Structure of the song:***

The song has lyrical quality. That expresses one's feeling towards a certain subject. The rhythm of the song is just like the wind itself. To some, it can be very calm yet powerful. Every second line of the poem follows a rhyme pattern. ABCBDB is the rhyme scheme pattern used in this song. Each word has no more than 2 syllables. There is no specific meter.

***Poetic Devices used in this song:***

* *Rhetorical Questions* - series of rhetorical questions are used throughout the song. (Question that you ask without expecting an answer).
* *Alliterations* – it refers to the repetition of an initial consonant sound, at least three times in a sentence.
* *Anaphora* – it refers to a repetition of one particular word purposely, at the start of consecutive sentences or paragraphs. This is again in order to emphasize a point.
* *Metaphor* – an implied comparison between two unlike things that actually have something important in common (as if two things were one )
* *Refrain* – same lines are repeated in the same song / poem.
* *Assonance* – repetition of two different vowel sounds.
* *Visual imagery* (to see) – how many **ears** must..
* *Auditory imagery* (to hear) - ...before he can **hear** people cry?

**Line by line explanation:**

ORBIT Kondotty 7034410177

***How many roads must a man walk down Before you call him a man?***

In the beginning of the line the artist questions about the life experiences of a person. How many years a boy has to wait to becomegrown up man. The line also refers to the Civil Right marches in the South America during 1960's. How many steps must be taken the blacks to get equal rights in America.
* *'Road'* as a metaphor for life experiences. It also denotes the coming age or hopes.
* *'Man'* is a symbol of freedom.

***How many seas must a white dove sail Before she sleeps in thesand?***

To achieve peace and safety the people (black Americans) will take a long time. Dylan uses this as a metaphor for life asking how much one must accomplish before they become content with having done enough, being able to finally rest. The word 'a white dove' denotes peace, unity or harmony. It also have a religious allusion, i.e., the two white doves flying from Noah's Ark across the flooded earth to see if there was any place in the world to land and rest.
The same religious stories can be seen in Vishnu Puranas and Islamic History. It is also mentioned in the story of god Vishnu's Matsya(fish) avatar in SatyaYugha. Similar incident (flood) happened during the time of Prophet Nooh.
* *'Seas'* refers pursuit of peace.

***Yes, and how many times must the cannon balls fly Before they're forever banned?***

A direct reference to war is seen here. Cannon balls are popular and destructive weapons are using for the war time. Before realizing the after effects of war so many innocent people were died. War did not give any

10. സാധാരണക്കാർക്ക് പലപ്പോഴും ഓഹരികമ്പോളത്തിനൽ നേരിട്ട് പ്രവർത്തിക്കാൻ കഴിയാറില്ല. ഇക്കാര്യത്തിൽ അവരെ സഹായിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ എഴുതുക. ഇത്തരം സ്ഥാപനങ്ങൾ നിക്ഷേപകരെ സഹായിക്കുന്നതെങ്ങനെ?

    UTI, LIC, SBI, മ്യൂച്ചൽ ഫണ്ട്

    1. നിക്ഷേപകരിൽ നിന്ന് പണം സ്വീകരിച്ച് ഓഹരിയിലും കടപ്പത്രത്തിലും നിക്ഷേപിക്കുന്നു.

11. മൈക്രോഫിനാൽസിൻരെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം?
    1) താഴ്ന്ന വരുമാനക്കാരിൽ സമ്പാദ്യശീലം വളർത്തുക
    2) അംഗങ്ങൾക്ക് വായ്പ നൽകുക
    3) പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുക.
12. ഇന്ത്യയിലെ ബാങ്കുകളുടെ വളർച്ച വിശദമാക്കുക?

ആദ്യബാങ്ക് → ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ
- ഒന്നാംഘട്ടം → ബംഗാൾ , ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ ബ്രിട്ടീഷുകാർ ബാങ്കുകൾ സ്ഥാപിച്ചു.
- രണ്ടാംഘട്ടം → 20 ബാങ്കുകൾ ദേശസാൽക്കരിച്ചു.
- മൂന്നാംഘട്ടം → ബാങ്കിങ്ങ്, മേഖലയിൽ നൂതന സംവിധാനങ്ങൾ വന്നു.

യൂണിറ്റ് (10)

# ഉപഭോക്താവ്:
# സംതൃപ്തിയും സംരക്ഷണവും

1. ഉപഭോക്താവ്, ഉപഭോഗം എന്നിവ എന്തെന്ന് വ്യക്തമാക്കുക?

| | |
|---|---|
| ഉപഭാക്താവ് | → വിലകൊടുത്ത് ഏതെങ്കിലും സാധനം വാങ്ങി ഉപയോഗിക്കുന്ന ആൾ |
| ഉപഭോഗം | → ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനായി സാധന സേവനങ്ങൾ ഉപയോഗിക്കുന്നത്. |

2. ഉപഭോക്താവ് ഏതെല്ലാം സന്ദർഭങ്ങളിൽ കബളിപ്പിക്കപ്പെടാം?
   1) അമിതവില
   2) മായം ചേർക്കുന്നതിൽ
   3) അളവ്, തൂക്കത്തിൽ കൃത്തിമം കാണിക്കുന്നതിൽ
   4) ഗുണമേന്മയില്ലാത്ത സംവിധാനങ്ങൾ
3. 1986 ലെ ഉപക്തൃ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ എന്തെല്ലാം?
   1) ഗുണമേന്മ 2) ന്യായവില 3) തർക്കപരിഹാരം
4. ഉപഭോക്തൃ കോടതികളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
   1) അമിതവേഗം നീതി ലഭ്യമാക്കുന്നു.
   2) നടപടിക്രമങ്ങൾ എളുപ്പം
   3) വ്യാവഹാരചിലവ് കുറവ്.
5. ഉപഭോകൃ തർക്കത്തിൽ നൽകാവുന്ന ഏതെങ്കിലും മൂന്ന് സന്ദർഭങ്ങൾ വിവരിക്കുക.
   1) വിലക്ക് വാങ്ങിയ സാധനത്തിന് കേടപാട് സംഭവിക്കുക.
   2) തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക.
   3) ജീവന് ഹാനികരമായ സാധനങ്ങൾ വിൽക്കുക
6. ഉപഭോക്താക്കളുട അവകാശ സംരക്ഷണത്തിന്റെ കാവൽ കാരാണ് ഉപഭോക്തൃ കോടതികൾ. പ്രസ്ഥവന സമർത്ഥിക്കുക.
   - ഉപഭോക്താക്കൾ വഞ്ചിക്കപ്പെട്ടാൽ ഉപഭോക്തൃ കോടതിയെ സമീപിക്കാം
   - സാധനങ്ങളുടെ ഗുണം ഉറപ്പുവരുത്താൻ കോടതികൾ സഹായിക്കും.
7. ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന നാല് പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാം.



മാർഗ്ഗങ്ങൾ എന്തെല്ലാം.
   1. പകരം സാധനം നൽകുക.    2. പരാതിചെലവ് നൽകൽ
   3. അധികം ഈടാക്കിയ പണം തിരിച്ചു നൽകൽ
8. ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ ഏതെല്ലാം.

| സ്ഥാനം | ചുമതല |
|---|---|
| ലീഗൽ മെട്രോളജി വകുപ്പ് | അളവ് തൂക്ക നിലവാരം ഉറപ്പ് വരുത്തുന്നു. |
| ഭക്ഷ്യസുരക്ഷാ വകുപ്പ് | ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ |
| കേന്ദ്ര ഔഷധവില നിയന്ത്രണ കമ്മിറ്റി. | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു. |
| ഡ്രഗ്സ് കൺട്രോൾ വകുപ്പ് | മരുന്നുകളുടെ ഗുണമേന്മ |

9. ഉപഭോക്തൃ ശീലങ്ങൾ എന്തെല്ലാം?
   1) സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ച് വാങ്ങുക
   2) അളവും തൂക്കവും ശരിയാണെന്ന് വ്യക്തമാക്കുക
   3) സാധനം പ്രവർത്തിപ്പിക്കുന്ന വിധം മനസ്സിലാക്കുക.
   4) പാക്ക ചെയ്ത രീതി, വില, കാലാവധി എന്നിവ ഉറപ്പ് വരുത്തുക
10. ഉപഭോക്തൃ വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?
    1) ആവശ്യം മനസ്സിലാക്കി സാധനം വാങ്ങാം
    2) സാധനത്തെ സംബന്ധിച്ച് അറിവ് നേടാം
    3) ഉപഭോക്തൃ പ്രശ്നത്തിൽ ഇടപെടാം.
11. ഉപഭോക്താക്കളുടെ സംതൃപ്തി ഉറപ്പുവരുത്താൻ സമൂഹത്തിന് എങ്ങനെ സഹായിക്കാനാകും?
    1) ഉപഭോക്തൃ ബോധവൽക്കരണം
    2) പൊതുതാൽപര്യ ഹർജി
    3) ഉപഭോക്തൃ സംഘടകൾ വഴി

10th

**Physics**

പാഠം (1)

# തരംഗ ചലനം

തരംഗങ്ങൾ

- **യാന്ത്രിക തരംഗം** (സഞ്ചരിക്കാൻ മാധ്യമം ആവശ്യമായത്.)
  - അനുപ്രസ്ഥ തരംഗം,
  - അനുർദൈർഘ്യ തരംഗം
- **വൈദ്യുത കാന്തിക തരംഗം** (സഞ്ചരിക്കാൻ മാധ്യമം ആവശ്യമില്ലാത്തത്.)

**അനുപ്രസ്ഥ തരംഗം**

മാധ്യമത്തിലെ കണങ്ങൾ തരംഗത്തിന്റെ സഞ്ചാര ദിശക്ക് ലംഭ മായി കമ്പനം ചെയ്യുന്നത്.

a) ആയതി (a) തുലനസ്ഥാനത്ത് നിന്ന് ഒരു കണികക്ക് ഉണ്ടാകുന്ന പരമാവതി സ്ഥാനാന്തരം.

b) തരംഗ ദൈർഘ്യം (λ) : സമാന കമ്പനാവസ്ഥയിലുള്ള അടുത്ത രണ്ട് ബിന്ദുക്കൾ തമ്മിലുള്ള അകലം.

c) ആവൃത്തി (f) ഒരു സെക്കന്റിലുണ്ടാകുന്ന തരംഗങ്ങലുടെ എണ്ണം. യൂനിറ്റ് ഹർട്സ് (Hz)

$$f = \frac{\text{തരംഗങ്ങളുടെ എണ്ണം (n)}}{\text{സമയം (t)}}$$

d) പ്രവേഗം (v) ഒരു സെക്കന്റിൽ തരംഗം സഞ്ചരിക്കുന്ന ദൂരം

$$\text{പ്രവേഗം} = \frac{\text{ദൂരം}}{\text{സമയം}}$$

തരംഗ ദൈർഘ്യവും ആവൃത്തിയും വിപരീതാനുപാതത്തിലാണ്. (തരംഗദൈർഘ്യം കൂടുമ്പോൾ ആവൃത്തി കുറയുന്നു.)



* താഴെ തന്നിരിക്കുന്ന തരംഗം ഉണ്ടായിരിക്കുന്നത് 2 സെക്കന്റ് കൊണ്ടാണ്.




a) തരംഗദൈർഘ്യം എത്ര?

Ans. 4 cm

b) ആയതി എത്ര?

Ans. 2 cm

c) ആവൃത്തി എത്ര?

Ans. $\frac{n}{t} = \frac{\text{തരംഗങ്ങളുടെ എണ്ണം}}{\text{സമയം}} = \frac{3}{2} = 1.5$ Hz

d) പ്രവേഗം എത്ര?

$V = f \times \lambda = 1.5 \times 4$

$\lambda = 6$m




സമാനകമ്പനാവസ്ഥ : A C E G
B D F

**തരംഗദൈർഘ്യം**

A മുതൽ C വരെയുള്ള അകലം
OR
C മുതൽ E വരെയുള്ള അകലം

ആകെ തരംഗങ്ങളുടെ എണ്ണം-3

**അനുദൈർഘ്യ തരംഗം**

## വ്യത്യാസങ്ങൾ

| അമുപ്രസ്ഥതരംഗം | അനുദൈർഘ്യതരംഗം |
|---|---|
| മാധ്യമത്തിലെ കണങ്ങൾ തരംഗത്തിന്റെ സഞ്ചാരദിശക്ക് ലംബമായി കമ്പനം ചെയ്യുന്നു. | മാധ്യമത്തിലെ കണങ്ങൾ തരംഗത്തിന്റെ സഞ്ചാരദിശക്ക് സമാന്തരമായി കമ്പനം ചെയ്യുന്നു. |
| ശൃംഗവും ഗർത്തവും ഉണ്ട്. | ഉച്ചമർദ്ദ മേഘലയും നീചമർദ്ദമേഖലയും ഉണ്ട്. |
| ഖരം, ദ്രാവകം, എന്നിവയിൽ | ഖരം, ദ്രാവകം, വാതകം എന്നിവയിൽ |






**ശബ്ദവേഗം**

വായുവിലെ ശബ്ദവേഗതയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്

-ആർദ്ര

-കാറ്റ്

-സാന്ദ്രത

**സ്വാഭാവിക ആവൃത്തി**

സ്വതന്ത്രമായി കമ്പനം ചെയ്യുന്ന വസ്തുവിന്റെ ആവൃത്തിയാണ് സ്വാഭാവിക ആവൃത്തി.

**പ്രണോദിത കമ്പനം**

കമ്പനം ചെയ്യുന്ന വസ്തുവിന്റെയും പ്രേരണ മൂലം അതേ ആവൃത്തിയിൽ മറ്റൊരു വസ്ഥു കമ്പനം ചെയ്യുന്നത്.

**അനുനാദം**

പ്രേരണം ചെയ്യുന്ന വസ്തുവിന്റെയും പ്രണോദിത കമ്പനം ചെയ്യുന്ന വസ്തുവിന്റെയും സ്വാഭാവിക ആവൃത്തികൾ തുല്യമായാൽ പ്രണോദിത കമ്പനത്തിലുള്ള വസ്തു കൂടുതൽ ആയതിയിൽ കമ്പനം ചെയ്യുന്നു. അപ്പോൾ ഈ രണ്ട് വസ്തുക്കളും അനുനാദത്തിലാണെന്ന് പറയുന്നു.

ഉദാ 1. ഇടിവെട്ടുമ്പോൾ ജനൽ ഗ്ലാസ് കുലുങ്ങുന്നത്.
2. തൂക്കുപാലത്തിലൂടെ പട്ടാളക്കാർ മാർച്ച് ചെയ്താൽ പാലം തകരുന്നു.

**ആവർത്തന പ്രതിപതനം**

ശബ്ദത്തിന് തുടർച്ചയായി ഉണ്ടാകുന്ന പ്രതിപതനം

**സന്ദർഭങ്ങൾ**

- വാദ്യോപകരണങ്ങൾ, -സംഗീതോപകരണങ്ങൾ
- സ്റ്റെതസ്കോപ്പ്
- ഹാളുകളുടെ സീലിങ്ങ് വളച്ചുനിർമ്മിക്കൽ
- സൗണ്ട് ബോഡ്

**അനുരണം**

ആവർത്തന പ്രതിപതനം മൂലം ശബ്ദത്തിനുണ്ടാകുന്ന മുഴക്കം.



**ശ്രവണസ്ഥിരത**

ഒരു ശബ്ദം ചെവിയിൽ $\frac{1}{16}$ സെക്കന്റ് (0.1 സെക്കന്റ്) തങ്ങി നിൽക്കുന്നു. ഇതാണ് ശ്രവണ സ്ഥിരത.

**പ്രതിധ്വനി**

ഒരു ശബ്ദം ആവർത്തിച്ച് കേൾക്കുന്നതാണ് പ്രതിധ്വനി.

**മുഴക്കവും പ്രതിധ്വനിയും**

പ്രതിപതന തലത്തിലേക്കുള്ള ദൂരം 17 മീറ്ററിൽ കുറവായാൽ മുഴക്കവും കൂടുതലായാൽ പ്രതിധ്വനിയും ഉണ്ടാകുന്നു. പ്രതിധ്വനി ഉണ്ടാകണമെങ്കിൽ ശബ്ദം ആകെ 34 മീറ്ററിലധികം സഞ്ചരിക്കണം.

**കെട്ടിടങ്ങളുടെ ശബ്ദശാസ്ത്രം** (എക്കുസ്റ്റിക്സ് ഓഫ് ബിൽഡിങ്)

കെട്ടടനിർമ്മാണത്തിൽ ശബ്ദവുമായിബന്ധപ്പെട്ട് ചെയ്യേണ്ട ക്രമീകരണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണിത്. ഒരു ഹാളിൽ ശബ്ദവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രയാസങ്ങളാണ്.

-പ്രതിധ്വനി

-അമിതമായ മുഴക്കം

-വ്യക്തത ഇല്ലായ്മ

ഒരു ഹാളിൽ ശബ്ദവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട ക്രമീകരണങ്ങളാണ്.

-ചുമരുകൾ പരുക്കനാക്കുക.

-മടക്കുകളുള്ള കർട്ടൺ ഉപയോഗിക്കുക.

-തറയിൽ കാർപ്പറ്റ് വിരിക്കുക.

- ജനലുകളും വെന്റിലേറ്ററുകളും സ്ഥാപിക്കുക.

**സിസ്മിക് തരംഗങ്ങൾ**

ഭൂകമ്പങ്ങൾ, വൻ സ്ഫോടനങ്ങൾ, അഗ്നിപർവ്വത സ്ഫോടനങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ ഭൂപാളികളിലൂടെ സഞ്ചരിക്കുന്ന തരംഗങ്ങളാണ് സിസ്മിക് തരംഗങ്ങൾ. ഇതിന്റെ ആയതി അളക്കാൻ സിസ്മോഗ്രാഫ് ഉപയോഗിക്കുന്നു.

**ഭൂകമ്പത്തിന്റെ പരിണിതഫലങ്ങൾ**

-കെട്ടിടങ്ങൾക്ക് നാശനഷ്ടമുണ്ടാകുന്നു.

- അനേകം പേർക്ക് ജീവഹാനിയുണ്ടാകുന്നു.

- കൃഷിനാശം

- കാലാവസ്ഥ വ്യതിയാനപഠം 2

പാഠം (2)

# വൈദ്യുത പ്രവാഹത്തിന്റെ ഫലങ്ങൾ

**താപഫലം** : പ്രതിരോധമുള്ള ചാലകത്തിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ ചാലകം താപം ഉല്പാദിപ്പിക്കുന്നു.

**താപത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

1. വൈദ്യുത പ്രവാഹ തീവ്രത
2. ചാലകത്തിന്റെ പ്രതിരോധം
3. വൈദ്യുതി പ്രവഹിക്കുന്ന സമയം

**ജൂൾ നിയമം**

വൈദ്യുതി പ്രവഹിക്കുന്ന ഒരു ചാലത്തിൽ ഉൽപാതിപ്പിക്കപ്പെടുന്ന താപത്തിന്റെ അളവ് വൈദ്യുതപ്രവാഹ തീവ്രതയുടെ വർഗത്തിന്റെയും ചാലകത്തിന്റെ പ്രതിരോധത്തിന്റെയും വൈദ്യുതി പ്രവഹിക്കുന്ന സമയത്തിന്റെയും ഗുണഫലമാണ്

H=I2Rt

**യൂണിറ്റ്**

കറന്റ് (I) ആമ്പയർ (A)പ്രതിരോധം

ഓം (Ω) സമയം (t) സെക്കന്റ്

ചാലകത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന താപം കണ്ടെത്താനുള്ള

**സമവാക്യങ്ങൾ**

$H= I^2Rt, H=IVt, H=\frac{V^2t}{R}, H = pt$

**താപന ഉപകരണങ്ങൾ**

വൈദ്യുതിയുടെ താപഫലം പ്രയോജനപ്പെടുത്തുന്ന ഉപകരണങ്ങൾ

ഉദാ: വൈദ്യുത ഹീറ്റർ, വൈദ്യുത ഇസ്തിരപ്പെട്ടി ഇവയിൽ താപം ഉൽപാതിപ്പിക്കുന്നത് ഹീറ്റിംഗ് കോയിലിൽ ആണ്. നിക്രോം എന്ന പദാർത്ഥം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. നിക്രോമിന് ദ്രവണാങ്കം കൂടുതലാണ്. റെസിറ്റിവിറ്റി കൂടുതലാണ്.

**സുരക്ഷാഫ്യൂസ്**

ഒരു സർക്കീട്ടിലൂടെ അമിത വൈദ്യുതപ്രവാഹം ഉണ്ടാകുന്നത് മൂലമുള്ള അപകടങ്ങളിൽ നിന്നും നമ്മെയും ഉപകരണങ്ങളെയും സംരക്ഷിക്കുന്നതിനുള്ള സംവിധാനമാണ്.

**പ്രത്യേകത**

ടിന്നിന്റെയും ലെഡിന്റെയും സങ്കരം, ദ്രവണാങ്കം കുറവാണ്.

**വൈദ്യുത പ്രകാശ സ്രോതസ്സുകൾ വൈദ്യുതിയുടെ പ്രകാശഫലം പ്രയോജനപ്പെടുത്തുന്ന ഉപകരണങ്ങൾ**

ഉദാ: ഇൻകാന്റസെന്റ് ലാമ്പുകൾ, CFലാമ്പുകൾ, ഡിസ്ചാർജ് ലാമ്പുകൾ, ഫ്ളൂസെന്റ് ലാമ്പുകൾ, LEDലാമ്പുകൾ



**ഇൻകാന്റസെൻ ലാമ്പ്**

പ്രധാനഭാഗം ടങ്സ്റ്റൺ ഫിലമെന്റ്

പ്രത്യേകത ഉയർന്ന റസിസ്റ്റിവിറ്റി ഉയർന്ന ദ്രവണാങ്കം

ഇൻകാന്റസന്റ് ലാമ്പിൽ (ഫിലമെന്റ് ലാമ്പിൽ) വൈദ്യുതോർജ്ജത്തിന്റെ നല്ലൊരു ഭാഗം താപരൂപത്തിൽ നഷ്ടപ്പെടുന്നു. ഇൻകാന്റസെന്റ് ലാമ്പുകളിൽ ഫിലമെന്റായി നിക്രോം ഉപയോഗിക്കാറില്ല. കാരണം ചൂട്ട് പഴുത്ത് ധവളപ്രകാരം പുറത്ത് വിടാനുള്ള കഴിവില്ല.

**ഡിസ്ചാർജ്ലാമ്പിൽനിറച്ചിരിക്കുന്നവാതകങ്ങളുംവർണങ്ങളും**

| വാതകം | വർണം |
|---|---|
| ഹൈഡ്രജൻ | നീല |
| സോഡിയംഭാഷ്പം | മഞ്ഞ |
| നിയോൺ | ഓറഞ്ചചുവപ്പ് |
| ക്ലോറിൻ | പച്ച |
| നൈട്രജൻ | ചുവപ്പ് |

LED ലാമ്പുകളുടെ മേന്മകൾ

1. താപരൂപത്തിലുള്ള ഊർജനഷ്ടം
2. മെർക്കുറി ഇല്ലാത്തതിനാൽ പരിസ്ഥിതിക്ക് ഹാനികരമല്ല.
3. വളരെ കുറഞ്ഞ പവർ മതിയാകും.

**വൈദ്യുത പവർ**

യൂണിറ്റ് സമയത്തിൽ ഒരു വൈദ്യുത ഉപകരണം വിനിയോഗിക്കുന്ന വൈദ്യുതോർജമാണ് വൈദ്യുത പവർ.

$$P=\frac{H}{t} \quad P=\frac{W}{t} \quad P=I^2R \quad P=\frac{V^2}{R} \quad P=VI$$

പാഠം (3)

# വൈദ്യുത കാന്തിക പ്രേരണം

## വൈദ്യൂത കാന്തിക പ്രേരണം

പൂർത്തിയാക്കിയ സർക്കീട്ടുമായി ബന്ധപ്പെട്ട കാന്തിക ഫ്ളക്സിൽ മാറ്റം വരുമ്പോൾ ആ സർക്കീട്ടിൽ വൈദ്യുതി പ്രേരിതമാകുന്നു. ഈ പ്രതിഭാസമാണ് വൈദ്യുത കാന്തിക പ്രേരണം. തൽഫലമായി ഉണ്ടാകുന്ന വൈദ്യുതിയെ പ്രേരിത വൈദ്യുതി എന്നും വോൾട്ടതയെ പ്രേരിത വോൾട്ടത എന്നും പറയുന്നു.

## പ്രേരിത വൈദ്യൂതിയുടെ അളവ് വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

-സോളിനോയിഡിലെ ചുറ്റുകളുടെ എണ്ണം കൂട്ടുക.
-കാന്തത്തിന്റെയോസോളിനോയിഡിന്റെയോചലനവേഗതകൂട്ടുക.
-ശക്തി കൂടിയ കാന്തം ഉപയോഗിക്കുക.

**താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഏതെല്ലാം അവസരങ്ങളിൽ സോളിനോയിഡിൽ വൈദ്യുതി പ്രേരണം ചെയ്യുന്നു എന്ന് കണ്ടുപിടിക്കുക.**

| | പ്രവർത്തനം | വൈദ്യുതി പ്രേരണം |
|---|---|---|
| 1. | കാന്തം സോളിനോയിഡിനരികിൽ നിശ്ചലമായിരിക്കുമ്പോൾ | ✗ ഇല്ല |
| 2. | കാന്തത്തിന്റെ ഏതെങ്കിലും ഒരു ധ്രുവം സോളിനോയിഡിനുള്ളിലേക്ക് നീക്കുമ്പോൾ | ✓ ഉണ്ട് |
| 3. | കാന്തത്തിനെ സോളിനോയിഡിൽനിന്നും പുറത്തേക്ക് നീക്കുമ്പോൾ | ✓ ഉണ്ട് |
| 4. | കാന്തം സോളിനോയിഡിനുള്ളിൽ നശ്ചലാമായി വെക്കുമ്പോൾ | ✗ ഇല്ല |



## ഫ്ളെമിങ്ങിന്റെ വലതുകൈ നിയമം

കാന്തിക മണ്ഡലത്തിൽ ചലിക്കുന്ന ചാലകത്തിൽ ഉണ്ടാകുന്ന പ്രേരിത വൈദ്യുതിയുടെ ദിശ കണ്ടുപിടിക്കാൻ ഫ്ളെമിങ്ങിന്റെ വലതുകൈ നിയമം ഉപയോഗിക്കുന്നു.

വലതു കൈയിലെ തള്ളവിരൽ , ചൂണ്ടു വിരൽ, നടുവിരൽ എന്നിവ ഓരോന്നും പരസ്പരം ലംബമായി വരത്തക്കവണ്ണം നിവർത്തുക. ഇതിൽ ചൂണ്ടുവിരൽ കാന്തിക മണ്ഡലത്തിന്റെ ദിശയേയും തള്ളവിരൽ ചാലകത്തിന്റെ ചലന ദിശയെയും സൂചിപ്പിക്കുന്നു. എങ്കിൽ നടുവിരൽ പ്രേരിത വൈദ്യുതിയുടെ ദിശ കാണിക്കുന്നു.

**DC വൈദ്യുതി**

തുടർച്ചയായി ഒരേ ദിശയിൽ പ്രവഹിക്കുന്ന വൈദ്യുതിയാണ് DC വൈദ്യുതി. ഉദാ- ടോർച്ച് സെല്ലിലെ വൈദ്യുതി.

**AC വൈദ്യുതി.**

ക്രമമായ ഇടവേളകളിൽ തുടർച്ചയായി ദിശമാറിക്കൊണ്ടിരിക്കുന്ന വൈദ്യുതിയാണ് AC വൈദ്യുതി.

*ഉദാ : വൈദ്യുതകാന്തിക പ്രേരണം വഴി ഉണ്ടാകുന്ന വൈദ്യുതി.*

**AC ജനറേറ്റർ**

- AC വൈദ്യുതി ഉൽപാതിപ്പിക്കുന്ന ഉപകരണം.
- പ്രവർത്തന തത്വം : വൈദ്യുത കാന്തിക പ്രേരണം
- ഊർജ്ജമാറ്റം : യാന്ത്രികോർജ്ജം- വൈദ്യുതോർജ്ജം.
- പ്രധാന ഭാഗങ്ങൾ :
  a) ഫീൽഡ് കാന്തം
  b) ആർമേച്ചർ
  C) സ്ലിപ്റിങ്ങ്
  d) ബ്രഷ്



**പവർ ജനറേറ്റർ**

വൻതോതിൽ വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണം നടത്തുവന്ന കേന്ദ്രങ്ങളാണ് പവർസ്റ്റേഷനുകൾ

പവർസ്റ്റേഷനുകളിൽ ഉയർന്ന അളവിൽ വൈദ്യുതി ഉൽപാതിപ്പിക്കുന്ന അഇ ജനറേറ്ററുകളാണ് പവർ ജനറേറ്റർ.

**പവർ ജനറേറ്ററിന്റെ ഭാഗങ്ങൾ**

റോട്ടർ : കറങ്ങുന്ന ഭാഗമാണ് ഇത്. ഫീൽഡ് കാന്തമാണ് റോട്ടർ ആയി ഉപയോഗിക്കുന്നത്.

സ്റ്റേറ്റർ : നിശ്ചലമായിരിക്കുന്ന ഭാഗമാണ് സ്റ്റേറ്റർ. ആർമേച്ചറാണ് സ്റ്റേറ്റർ ആയി ഉപയാഗിക്കുന്നത്.

**എക്സൈറ്റർ**

പവർജനറേറ്ററിലെ ഫീൽഡ് കാന്തമായ വൈദ്യുത കാന്തങ്ങൾക്ക് ആവശ്യമായ ഉഇ വൈദ്യുതി നൽകുന്നതിനുള്ള സഹായക ജനറേറ്റ് ആണ് എക്സൈറ്റർ.

**സിംഗിൾഫേസ് AC ജനറേറ്റർ**

ഇത്തരം ജനറേറ്ററിന്റെ ഫീൽഡ് കാന്തത്തിന്റെ ധ്രുവങ്ങൾക്കിടയിൽ ഒരു സെറ്റ് ആർമേച്ചർ കോയിൽ മാത്രം ആണ് ഉള്ളത്.

**ഗ്രാഫ്**




**ത്രീഫേസ് AC ജനറേറ്റർ**

പവർ ജനറേറ്ററുകളിൽ ഒരു ഫീൽഡ്കാന്തത്തിന് ചുറ്റുമായി 120 കോൺ വ്യത്യാസത്തിൽ സമാനമായ 3 ആർമേച്ചർ കോയിൽ ഉണ്ടായിരിക്കും. മൂന്ന് ആർമേച്ചറിലും ഒരേ സമയം 3 വ്യത്യസ്ത AC ഉൽപാദിപ്പിക്കുന്നു. ഇത്തരം ജനറേറ്ററുകളാണ് ത്രീഫേസ് ജനറേറ്റർ



**ഗ്രാഫ്**

ത്രീഫേസ് AC ഗ്രാഫ്




**ചലിക്കും ചുരുൾ മൈക്രോഫോൺ**

**പ്രധാന ഭാഗങ്ങൾ**

ഡയഫ്രം, സ്ഥിരകാന്തം, വോയ്സ്കോയിൽ

**പ്രവർത്തനതത്വം.**

മൈക്രോഫോണിന് മുന്നിൽ നിന്ന് ശബ്ദം പുറപ്പെടുവിച്ചാൽ കോയിലിൽ ശബ്ദത്തിനനുസൃതമായ വൈദ്യുത സിഗ്നലുകൾ ഉണ്ടാകുന്നു. ഇത് ആപ്ലിഫയറിലൂടെ കടത്തിവിടുന്നു.

പ്രവർത്തനം വൈദ്യുത കാന്തിക പ്രേരണം

**ഊർജ്ജമാറ്റം:** യാന്ത്രികോർജ്ജം- വൈദ്യുതോർജ്ജം

**മ്യൂചൽ ഇൻഡക്ഷൻ**

അടത്തടുത്തായി സ്ഥിതി ചെയ്യുന്ന രണ്ട് കമ്പിച്ചുരുളുകളിൽ ഒന്നിലെ വൈദ്യുത പ്രവാഹ തീവ്രതയിലോ ദിശയിലോ മാറ്റമുണ്ടാകുമ്പോൾ അതിന് ചുറ്റുമുള്ള കാന്തിക ഫ്ളക്സിൽ മാറ്റമുണ്ടാകുകയും ഇതിന്റെ ഫലമായി രണ്ടാമത്തെ കമ്പിച്ചുരുളിൽ ഒരു emf പ്രേരിതമാവുകയും ചെയ്യുന്ന പ്രതിഭാസമാണ് **മ്യൂചൽ ഇൻഡക്ഷൻ.**

വൈദ്യുതി നൽകുന്ന കോയിൽ പ്രൈമറി കോയിൽ എന്നും വൈദ്യുതി പ്രേരണം ചെയ്യുന്ന കോയിൽ സെക്കൻഡറി കോയിൽ എന്നും അറിയപ്പെടുന്നു.

**ട്രാൻസ്ഫോർമർ**

**പ്രവർത്തന തത്വം :** മ്യൂചൽ ഇൻഡക്ഷൻ

**രണ്ട് തരം ട്രാൻസ്ഫോർമർ :**

1. സ്റ്റെപ്അപ് ട്രാൻസ്ഫോർമർ
   AC യുടെ വോൾട്ടത ഉയർത്തുന്നു.
2. സ്റ്റെപ്ഡൗൺ ട്രാൻസ്ഫോർമർ
   AC യുടെ വോൾട്ടത താഴ്ത്തുന്നു.

$$\frac{Vs}{Vp} = \frac{Ns}{Np}$$

Vs = സെക്കൻഡറി വോൾട്ടത

Vp = പ്രൈമറി വോൾട്ടത

Ns = സെക്കണ്ടറിയിലെ ചുറ്റുകളുടെ എണ്ണം

Np = പ്രൈമറിയിലെ ചുറ്റുകളുടെ എണ്ണം

**സെൽഫ് ഇൻഡക്ഷൻ**

ഒരു സോളിനോയ്ഡിൽ (കമ്പിച്ചുരുളിൽ) AC പ്രയോഗിക്കുമ്പോഴുണ്ടാകുന്ന ഫ്ലക്സ് വ്യതിയാനം അതേ ചാലകത്തിൽ വൈദ്യുതി പ്രവാഹത്തെ എതിർക്കുന്ന ദിശയിൽ ഒരു emf ഉണ്ടാക്കുന്നു. ഈ പ്രതിഭാസം ആണ് സെൽഫ് ഇൻഡക്ഷൻ.

**ഇൻഡക്റ്റർ**

സർപ്പിളാകൃതിയിൽ ചുറ്റിയെടുത്ത കവചിത ചാലകമാണ് ഇൻഡക്റ്റർ. ഒരു സർക്കീട്ടിലെ വൈദ്യുത പ്രവാഹത്തിലുണ്ടാകുന്ന മാറ്റങ്ങളെ എതിർക്കുന്ന കോയിലുകളാണ് ഇൻഡക്റ്ററുകൾ. AC സർക്കീട്ടിൽ പവർ നഷ്ടം കൂടാതെ വൈദ്യുത പ്രവാഹം ആവശ്യാനുസരണം കുറക്കുന്നതിനാണ് ഇൻഡക്ടർ ഉപയോഗിക്കുന്നത്.

പാഠം (4)

# പവർ പ്രേക്ഷണവും വിതരണവും

| പവർ സ്റ്റേഷൻ | പ്രവർത്തനം | ഊർജമാറ്റം |
|---|---|---|
| 1. ഹൈഡ്രോ ഇലക്ട്രിക് പവർസ്റ്റേഷൻ | ഉയരത്തിൽനിന്ന് പതിക്കുന്ന ജലത്തിന്റെ ശക്തിയിൽ ടർബൈൻ കുറക്കുന്നു. | സ്ഥിതികോർജം → ഗതികോർജം → യാന്ത്രികോർജം → വൈദ്യുതോർജം |
| 2. തെർമെൽ പവർസ്റ്റേഷൻ | ഇന്ധനം കത്തിയുണ്ടാകുന്ന താപമുപയോഗിച്ച് ജലം നീരാവിയാക്കി ടർബൈൻ കറക്കുന്നു. | രാസോർജം → താപോർജം → യാന്ത്രികോർജം → വൈദ്യുതോർജം |
| 3. ന്യൂക്ലിയാർ പവർസ്റ്റേഷൻ | ന്യൂക്ലിയാർ ഊർജ്ജമുപയോഗിച്ച് ജലം നീരാവിയാക്കി ടർബൈൻ കറക്കുന്നു. | ന്യൂക്ലിയാർ ഊർജ്ജം→ താപോർജം→ യാന്ത്രികോർജം → വൈദ്യുതോർജം |



**പവർപ്രേക്ഷണം**

ഉൽപാതിപ്പിക്കപ്പെടുന്ന സ്ഥലത്തുനിന്ന് ഉപയോഗപ്പെടുന്ന സ്ഥലത്തേക്ക് കമ്പിയിലൂടെ വൈദ്യുതി എത്തിക്കുന്ന പ്രവർത്തനം.

**പവർ പ്രേക്ഷണ ഘട്ടങ്ങൾ**

- പവർസ്റ്റേഷനിൽ വൈദ്യുതി ഉൽ പാതിപ്പിക്കുന്നത് 11 KV യിലാണ്.
- പവർ ട്രാൻസ്ഫോമറിൽ മാത്രം സ്റ്റെപ്-അപ്പുറം ബാക്കി സബ്സ്റ്റേഷനുകളിൽ സ്റ്റെപ് ഡൗണും ട്രാൻസ്ഫോമർ ഉപയോഗിക്കുന്നു.
- വിതരണ ട്രാൻസ്ഫോമിന്റെ ഇൻപുട്ട് 11 KV യും ഔട്ട്പുട്ട് 230 V യുമാണ്.
- ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതി 230 V ആണ്.

**പ്രസരണ നഷ്ടം**

പവർപ്രേക്ഷണത്തിൽ കമ്പികളിൽ വെച്ച് വൈദ്യുതി താപമായി നഷ്ടപ്പെടുന്നതാണ് പ്രസരണ നഷ്ടം.

പ്രസരണ നഷ്ടം കുറക്കാൻ, പവർ നഷ്ടമില്ലാതെ കറന്റ് കുറക്കാനായി വോൾട്ടത ഉയർത്തുന്നു. അതിനായി പവർ ട്രാൻസ് ഫോമറിൽ സ്റ്റെപ് - അപ് ഉപയോഗിക്കുന്നു.

പവർ പ്രേഷണത്തിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ് വോൾട്ടേജ് താഴ്ച്ചയും പവർ നഷ്ടവും.

**പവർഗ്രിഡ്**

വിവിധ വൈദ്യുത ഉല്പാദന-വിതരണ സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതാണ് പവർഗ്രിഡ്.

**സ്റ്റാർ കണക്ഷൻ**

വിതരണ ട്രാൻസ്ഫോമറിന്റെ സെക്കന്ററിയിൽ കമ്പികൾ ഘടിപ്പിക്കുന്ന രീതിയാണ് സ്റ്റാർ കണക്ഷൻ.



- ഒരു ഫേസ് ലൈനിൽ മാത്രം തൊടുമ്പോൾ ഷോക്ക് ഏൽക്കുന്നില്ല.

- ഗാർഹിക ആവശ്യങ്ങൾക്കക് വിതരണം നടത്തുന്നത് ഒരു ഫേസ് ലൈനും ന്യൂട്രൽ ലൈനും ചേർത്താണ്.

- വ്യവസായിക ആവശ്യങ്ങൾക്കുള്ള വിതരണം മൂന്ന് ഫേസ് ലൈനുകൾ ചേർത്താണ്.

**ഗൃഹവൈദ്യുതീകരണം.**

ഗൃഹഹൈദ്യുതീകരണത്തിൽ ഉപകരണങ്ങൾ ഘടിപ്പിക്കുന്നത് സമാന്തര രീതിയിലാണ് കാരണം.

- പവറിൽ മാറ്റം വരുന്നില്ല.
- ഓരോ ഉപകരണങ്ങളേയും പ്രത്യേകം നിയന്ത്രിക്കാം.

ഗ്രഹവൈദ്യുതീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- സമാന്തരമായി ഘടിപ്പിക്കണം.
- വാട്ട് അവർമീറ്റർ തുടക്കത്തിൽ ഘടിപ്പിക്കണം.
- എർത്ത് ചെയ്യണം.
- ഫ്യൂസ്, സ്വിച്ച് തുടങ്ങിയവ ഫേസ് ലൈനിൽ ഘടിപ്പിക്കണം.

**വാട്ട് അവർമീറ്റർ**

വൈദ്യുതോർജ്ജം അളക്കാനുള്ള ഉപകരണമാണിത്. വൈദ്യുതിയുടെ വ്യാവസായിക യൂണിറ്റാണ് കിലോവാട്ട്അവർ. 1000 വാട്ട് പവറുള്ള ഉപകരണം ഒരു മണിക്കൂർ പ്രവർത്തിക്കുമ്പോഴാണ് ഒരു യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നത്.

$$\text{കിലോവാട്ട്അവറിലുള്ള ഊർജ്ജം} = \frac{\text{വാട്ടിലുള്ള പവർ} \times \text{മണിക്കൂർ}}{1000}$$

**എർത്തിങ്ങ്**

വൈദ്യുതി പ്രവഹിക്കത്തക്ക രീതിയിൽ ഉപകരണങ്ങളെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം.

**ത്രീപിൻപ്ലഗ്**

വൈദ്യുതോപകരണത്തിന്റെ ലോഹചട്ടക്കൂട് ഫേസ് ലൈനുമായി സമ്പർക്കത്തിൽ വന്നാൽ വൈദ്യുതി ത്രീപിൻ പ്ലഗ് വഴി ഭൂമിയിലേക്ക് ഒഴുകുന്നു. ഇതുമൂലം അപകടങ്ങൾ ഒഴിവാക്കുന്നു.

പ്രതിരോധം കുറക്കാനായി എർത്ത് പന്നിന് വണ്ണം കൂടുതലായിരിക്കും.



**വൈദ്യുതാഘാതമേൽക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

-ശരീരം തിരുമ്മി ചൂടുപിടിപ്പിക്കുക.
- കൃതിമ ശ്വാസോച്ഛ്വാസം നൽകുക.
- മസിലുകൾ തിരുമ്മി പൂർവ്വസ്ഥിതിയിലാക്കുക.
- എത്രയും പെട്ടെന്ന് അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക.

പാഠം (5)

# താപം

പദാർത്ഥങ്ങളിലെ തന്മാത്രകളുടെ ചലന സ്വാതന്ത്ര്യം പരസ്പര ആകർഷണബലം എന്നിവയെ ബന്ധപ്പെടുതി താഴെ തന്നിരിക്കുന്ന പട്ടിക പരിശോധിക്കുക.

| | ഖരം | ദ്രാവകം | വാതകം |
|---|---|---|---|
| 1. | തന്മാത്രകൾക്കിടയിലുള്ള ആകർഷണ ബലം വളരെ കൂടുതലാണ്. | തന്മാത്രകൾ തമ്മിലുള്ള ആകർഷണബലം ഖരത്തേക്കാൾ കുറവും വാതകത്തേക്കാൾ കുറവും വാതകത്തേക്കാൾ കൂടുതലുമാണ്. | തന്മാത്രകൾക്കിടയിലുള്ള ആകർഷണ ബലം വളരെ കുറവാണ്. |
| 2. | തന്മാത്രകൾ വളരെ അടുത്ത് സ്ഥിതി ചെയ്യുന്നു. | തന്മാത്രകൾ തമ്മിലുള്ള അകലം ഖരത്തേക്കാൾ കൂടുതലും വാതകത്തേക്കാൾ കുറവുമാണ്. | തന്മാത്രകൾ തമ്മിലുള്ളന അകലം വളരെ കൂടുതൽ ആണ്. |
| 3. | തന്മാത്രകൾക്ക് ചലന സ്വാതന്ത്ര്യം വളരെ കുറവാണ്. | തന്മാത്രകളുടെ ചലന സ്വാതന്ത്ര്യം ഖരത്തേക്കാൾ കൂടുതലും വാതകത്തേക്കാൾ കുറവും ആണ്. | തന്മാത്രകൾക്ക് ചലന സ്വാതന്ത്ര്യം വളരെ കൂടുതൽ ആണ്. |

ഏതൊരു പദാർത്ഥത്തെയും ചൂടാക്കുമ്പോൾ അതിലെ തന്മാത്രകളുടെ ചലന വേഗം വർദ്ധിക്കുന്നു.

| | താപം | താപനില |
|---|---|---|
| | ഒരു പദാർത്ഥത്തിലെ തന്മാത്രകളുടെ ആകെ ഗതികോർജ്ജത്തിന്റെ അളവ് | ഒരു പദാർത്ഥത്തിലെ തന്മാത്രകളുടെ ശരാശരി ഗതികോർജ്ജത്തിന്റെ അളവ് |
| | താപോർജത്തിന്റെ SI യൂണിറ്റ് ജൂൾ (J) ആണ്. കലോറി എന്ന യൂണിറ്റും ഉപയോഗിക്കുന്നു. 1 കലോറി = 4.2J | താപനിലയുടെ ടക യൂണിറ്റ കെൽവിൻ (K) ആണ്. എന്നാൽ സാധാരണയായി ഡിഗ്രി സെൽഷ്യസ് (C) എന്ന യൂണിറഅറ്റും ഉപയോഗിക്കുന്നു. |
| | | രണ്ട് വസ്തുക്കൾ സമ്പർക്കത്തിലിരിക്കുമ്പോൾ താപം ഏതു വസ്ഥുവിൽ നിന്നും ഏത് വസ്ഥുവിലേക്ക് ഒഴുകുന്നു എന്ന് തീരുമാനിക്കുന്നു. |

- താപനില കൃത്യമായി അളക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങളാണ് തെർമോ മീറ്ററുകൾ
  സാധാരണയായി മെർക്കുറി തെർമോ മീറ്ററുകലാണ് താപനില അളക്കാൻ ഉപയോഗിക്കുന്നത്.

**<u>സെൽഷ്യസ് തെർമോമീറ്റർ</u>**

- സാധാരണ അന്തരീക്ഷ മർദ്ധത്തിൽ ഐസ് ഉരുകുന്ന താപനിലയാണ് $0^{\circ}$C. ജലം തിളക്കുന്ന താപനിലയാണ് $100^{\circ}$C
- ഐസിന്റെ ദ്രവണാങ്കം മുതൽ ജലത്തിന്റെ തിളനില വരെയുള്ള അളവിന്റെ $\frac{1}{100}$ ഭാഗമാണ് $1^{\circ}$c

**<u>ക്ലിനിക്കൽ തെർമോ മീറ്റർ</u>**

- ശരീര താപനില അളക്കാൻ ഉപയോഗിക്കുന്നു.
- ഫാരൻഹൈറ്റ് സ്കെയിലാണ് ഇത്തരം തെർമോ മീറ്ററുകളിൽ ഉപയോഗിക്കുന്നത്.
- ഐസിന്റെ ദ്രവണാങ്കം മുതൽ $320^{\circ}$F ഉം ജലത്തിന്റെ തിളനില $212^{\circ}$Fഉം ആണ്
- ഐസിന്റെ ദ്രവണാങ്കം മുതൽ ജലത്തിന്റെ തിളനില വരെയുള്ള ഭാഗങ്ങളായ 180 തുല്യ ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിലെ ഒരു ഭാഗമാണ് $1^{\circ}$F

**<u>സെൽഷ്യസ് (C) ഫാരൻഹൈറ്റ് (C) സ്കെയിലുകൾ തമ്മിലുള്ള ബന്ധം</u>**

സെൽഷ്യസ് സ്കെയിലിലെ താപനില

$$C = \frac{5}{9}(F-32)$$

ഫാരൻഹൈറ്റ് സ്കെയിലിലെ താപനില

$$F = \frac{9}{5}C+32$$

**<u>ഉത്തരം കണ്ടെത്തുക.</u>**

1. $30^{\circ}$ ഇന്ന് സമാനമായ ഫാരൻഹൈറ്റ് താപനില കണക്കാക്കുക.
2. മനുഷ്യ ശരീരത്തിന്റെ സാധാരണ താപനില$98.6^{\circ}$F ആണ്. ഇതിന് സമാനമായ സെൽഷ്യസ് താപനില കണക്കാക്കുക.

**<u>കെൽവിൻ സ്കയിൽ</u>**

- വാതകങ്ങളുടെ താപീയ വികാസത്തെ അടിസ്ഥാനമാക്കിയാണ് കെൽ വിൻ സ്കെയിൽ രൂപീകരിച്ചിരിക്കുന്നത്.
- സാധ്യമായ ഏറ്റവും താഴ്ന്ന താപനിലയാണ് OK. ഇത് കേവല പൂജ്യം എന്നറിയപ്പെടുന്നു. OK=$273^{\circ}$C

ഈ സ്കെയിലിൽ ഐസിന്റെ ദ്രവണാങ്കം 273 K ഉം ജലത്തിന്റ തിളനില 373 Kഉം ആണ്.

- കെൽവിൻ സ്കെയിലിലെ താപനില Tയും സെൽഷ്യസ് സ്കെയിലിലെ താപനില $t^{\circ}$Cഉം ആയാൽ ഇവ തമ്മിലുള്ള ബന്ധമാണ്.



$$T=t+273$$

**<u>പദാർത്ഥങ്ങളുടെ താപധാരിത</u>**

ഒരു പദാർത്ഥത്തിന്റെ താപനില 1K വർദ്ധിപ്പിക്കാനാവശ്യമായ താപമാണ് ആ പദാർത്ഥത്തിന്റെ താപധാരിത.
യൂണിറ്റ് J/K

**<u>പദാർത്ഥങ്ങളുടെ വിശിഷ്ടതാപധാരിത</u>**

1Kg മാസുള്ള ഒരു പദാർത്ഥത്തിന്റെ താപനില 1K വർദ്ധിപ്പിക്കാനാവശ്യമായ താപത്തിന്റെ അളവാണ് ആ പദാർത്ഥത്തിന്റെ വിശിഷ്ട താപധാരിത. യൂണിറ്റ് J/Kgk

- ഏറ്റവും ഉയർന്ന വിശിഷ്ട താപധാരിതയുള്ള പദാർത്ഥമാണ് ജലം

**<u>മിശ്രണതത്തവം</u>**

വ്യത്യസ്ഥ താപനിലയിലുള്ള രണ്ട് വസ്ഥുക്കൽ സമ്പർക്കത്തിലിരുന്നാൽ താപനില കൂടിയ വസ്ഥുവിൽ നിന്ന് കുറഞ്ഞതിലേക്ക് രണ്ടിന്റെയും താപനില തുല്യമാകുന്നത് വരെ താപം പ്രവഹിക്കും. ചൂടുള്ള വസ്ഥുവിന്റെ താപനഷ്ടം തണുത്ത വസ്ഥുവിന് ലഭിക്കുന്ന താപത്തിന് തുല്യംആയിരിക്കും. ഇതാണ് മിശ്രണതത്വം.

**<u>അവസ്ഥാപരിവർത്തനം.</u>**

ഒരു വസ്ഥു താപം സ്വീകരിക്കുകയോ പുറത്തേക്ക് വിടുകയോ ചെയ്യുമ്പോൾ അതിന്റെ ഭൗതികാവസ്ഥക്ക് മാറ്റം വരുന്നു. ഇതാണ് അവസ്ഥാ പരിവർത്തനം.



അവസ്ഥാ പരിവർത്തന സമയത്ത് നാം നൽകുന്ന താപം മുഴുവൻ തന്മാത്രകൾ സ്വീകരിച്ച് പരസ്പര ആകർഷണബലം മറികടക്കുന്നതിനായി ഉപയോഗിക്കുന്നു. എന്നതിനാൽ ഈ സമയത്ത് താപം ആഗിരണം ചെയ്യുന്നുണ്ടെങ്കിലും താപനില മാറുന്നില്ല.

- ഖരം ⟶ ദ്രാവകം = സ്ഥിതികോർജ്ജം കൂടുന്നു
- ദ്രാവകം ⟶ വാതകം = സ്ഥിതികോർജ്ജം കൂടുന്നു
- വാതകം ⟶ ദ്രാവകം = സ്ഥിതികോർജ്ജം കുറയുന്നു.
- ദ്രാവകം ⟶ ഖരം = സ്ഥിതികോർജ്ജം കുറയുന്നു.

- സാധാരണ മർദ്ദത്തിൽ ഒരു ഖരവസ്തു ദ്രവീകരിക്കുന്ന നിശ്ചിത താപനിലയാണ് ദ്രവണാങ്കം. ഒരു ദ്രാവകം ഖരവാസ്ഥയിലേക്ക് മാറുന്നതും ഇതേ താപനിലയിൽ തന്നെയാണ്.
  ഈ താപനിലയാണ് അതിന്റെ ഖരണാങ്കം. ഇത് രണ്ടും തുല്യമായിരിക്കും.

__ദ്രവീകരണ ലീനതാപം (L)__

ഒരു കിലോഗ്രാം ഖരവസ്തു അതിന്റെ ദ്രവണാങ്കത്തിൽ വെച്ച് താപനിലയിൽ വ്യത്യാസമില്ലാതെ പൂർണ്ണമായും ദ്രാവകമായി മാറാൻ സ്വീകരിക്കുന്ന താപത്തിന്റെ അളവാണ് അതിന്റെ ദ്രവീകരണ ലീനതാപം.

- ഏറ്റവും ഉയർന്ന ദ്രവീകരണ ലീനതാപം ഉള്ള പദാർത്ഥമാണ് ഐസ്. 335 x 103 J/Kg.

**ഐസിന്റെ ഉയർന്ന ദ്രവീകരണ ലീനതാപം നിത്യ ജീവിതത്തിൽ അനുഭവപ്പെടുന്ന സന്ദർഭങ്ങൾ**

- മഞ്ഞുമലകൾ മുഴുവനായും ഒരുമിച്ച് ഉരുകി ജലമായി മാറുന്നില്ല.
- ഐസ്ക്രീം പെട്ടെന്ന് ഉരുകിപ്പോകുന്നില്ല.
- $0^{\circ}$യിലുള്ള ജലം കുടിക്കുമ്പോൾ തോന്നുന്നതിനെക്കാൾ തണുപ്പ് തോന്നുന്നത് $0^{\circ}$ലുള്ള ഐസ് കഷ്ണം വായിൽ വെക്കുമ്പോഴാണ്.

**ബാഷ്പനം.**

സാധാരണ അന്തരീക്ഷമർദ്ധത്തിൽ ഒരു ദ്രാവകം തിളച്ച് ബാഷ്പമായി മാറുന്ന താപനിലയാണ് അതിന്റെ തിളനില. ഒരു ദ്രാവകം അതിന്റെ തിളനിലയിൽ വെച്ച് ബാഷ്പമായി മാറുന്ന പ്രവർത്തനമാണ് ബാഷ്പനം.

__ബാഷ്പന ലീനതാപം (Lv)__

ഒരു കിലോഗ്രാം ദ്രാവകം അതിന്റെ തിളനിലയിൽ വെച്ച് താപനിലയിൽ മാറ്റമില്ലാതെ പൂർണ്ണമായും വാതകമായി മാറാൻ വേണ്ടി സ്വീകരിക്കുന്ന താപമാണ് അതിന്റെ ബാഷ്പന ലീനതാപം (Lv)



ഏറ്റവും ഉയർന്ന ബാഷ്പന ലീനതാപം ഉള്ള പദാർത്ഥമാണ് ജലം. 226 X 104 J/Kg

നിത്യ ജീവിതത്തിൽ ജലത്തിന്റെ ഉയർന്ന ബാഷ്പന ലീനതാപം പ്രയോജനപ്പെടുന്ന സന്ദർഭങ്ങൾ.

- ആവിയിൽ പാകം ചെയ്യുന്ന ആഹാരപദാർത്ഥങ്ങൾ പെട്ടെന്ന് വേവുന്നു.
- തെർമ്മൽ പവർ സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കാൻ നീരാവി ഉപയോഗിക്കുന്നു.

__ബാഷ്പീകരണം.__

ദ്രാവക ഉപരിതലത്തിലെ തന്മാത്രകൾ ചുറ്റുപാടുകളിൽ നിന്നും താപം സ്വീകരിച്ച് വാതകാവസ്ഥയിലേക്ക് മാറ്റപ്പെടുന്ന പ്രവർത്തനമാണ് ബാഷ്പീകരണം. ഇത് ദ്രാവക ഉപരിതലത്തിൽ വെച്ച് എല്ലാ താപനിലയിലും സാധാരണ നടക്കുന്ന പ്രവർത്തനമാണ്.

- വളരെ മന്ദഗതിയിൽ നടക്കുന്ന പ്രവർത്തനമാണ് ബാഷ്പീകരണം.

__നിത്യജീവിതത്തിൽ ബാഷ്പീകരണം പ്രയോജനപ്പെടുത്തിയിരിക്കുന്ന സന്ദർഭങ്ങൾ.__

- മൺ കൂജകളിൽ വെച്ചിരക്കുന്ന ജലം നന്നായി തണുക്കുന്നു.
- വിയർത്തിരിക്കുന്ന ആളിന് ഫാനിനടിയിലിരിക്കുമ്പോളൽ തണുപ്പ് അനുഭവപ്പെടുന്നു.
- നനഞ്ഞ കൈ വീശുമ്പോൾ തണുപ്പ് അനുഭവപ്പെടുന്നു.

__ആഗോളതാപനം__

കാർബൺ ഡൈ ഓക്സൈഡ്, ജലബാഷ്പം, മീഥെയ്ൻ, C-F-Cകൾ തുടങ്ങിയ ഹരിതഗേഹവാതകങ്ങളുടെ ആധിക്യം മൂലം ഭൗമോപരിതലത്തിന്റെയും അന്തരീക്ഷത്തിന്റെയും താപനില വർദ്ധിക്കുന്ന പ്രതിഭാസമാണ് ആഗോളതാപനം

__തടയാനുള്ള മാർഗങ്ങൾ.__

1. ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപയോഗം ഒഴിവാക്കുക.
2. C-F-Cയുടെ ഉപയോഗം കുറക്കുക.
3. ഹൈഡ്രജനെ ഇന്ധനമായി ഉപയോഗിക്കുന്ന ഫലപ്രദമായ മാർഗങ്ങൾ കണ്ടെത്തുക.

# പ്രകാശ പ്രതിഭാസങ്ങൾ

**പ്രകീർണനം**

സമന്വിതപ്രകാശം ഘടകവർണ്ണങ്ങളായി വേർപിരിയുന്ന പ്രതിഭാസം

**സമന്വിത പ്രകാശം**

ഒന്നിൽ കൂടുതൽ വർണങ്ങൾ സംയോജിച്ചുണ്ടാകുന്ന പ്രകാശം.

**വർണരാജി**

പ്രകീർണന ഫലമായുണ്ടാകുന്ന വർണങ്ങളുടെ ക്രമമായ വിതരണം.




പ്രകീർണനം സംഭവിച്ചാൽ തരംഗദൈർഘ്യം കൂടിയ ചുവപ്പിന് വ്യതിയാനം കുറയും, തരംഗദൈർഘ്യം കുറഞ്ഞ വയലറ്റിന് വ്യതിയാനം കൂടുതലായിരിക്കും.

വിവിധ വർണ്ണങ്ങളുടെ തരംഗദൈർഘ്യത്തിലുള്ള വ്യത്യാസമാണ് പ്രകീർണനത്തിന് കാരണം.

**മഴവില്ല്**

സൂര്യപ്രകാശത്തിന് അന്തരീക്ഷത്തിലെ ജല കണികയിൽ വെച്ചുണ്ടാകുന്ന പ്രകീർണനം (അപവർത്തനവും, ആന്തര പ്രതിപതനവും) കാരണമാണ് മഴവില്ല് ഉണ്ടാകുന്നത്.






മഴവില്ലിന്റെ പുറം വക്കിൽ ചുവപ്പും, ഉൾവക്കിൽ വയലറ്റും നിറങ്ങളാണ്. വിമാനത്തിൽ നിന്ന് നോക്കിയാൽ മഴവില്ല് വൃത്താകൃതിയിൽ കാണപ്പെടുന്നു.

**വർണങ്ങളുടെ പുനസംയോജനം**

ധവള പ്രകാശത്തെ താഴെ കാണുംവിധം രണ്ട് പ്രിസങ്ങളിലൂടെ കടത്തിവിട്ടാൽ അവ വീണ്ടും സംയോജിക്കുന്നു.



**വീക്ഷണസ്ഥിരത**

ഒരു ദൃശ്യാനുഭവം 1/16 സെക്കന്റ് നേരത്തേക്ക് റെറ്റിനയിൽ തങ്ങിനിൽക്കുന്നതാണ് വീക്ഷണസ്ഥിരത.

ഉദാ: ന്യൂട്ടന്റെ വർണപമ്പരം വേഗത്തിൽ കറക്കിയാൽ വെള്ളയായി കാണുന്നു.

വേഗത്തിൽ ചുഴറ്റുന്ന തീപന്തം വൃത്താകൃതിയിൽ കാണുന്നു.

**പ്രാഥമിക വർണങ്ങൾ**

പച്ച, ചുവപ്പ്, നീല എന്നിവ ചേർത്ത് മറ്റ് വർണങ്ങളുണ്ടാക്കാമെങ്കിലും മറ്റ് വർണങ്ങൾ ചേർത്ത് ഈ വർണങ്ങൾ ഉണ്ടാക്കാൻ കഴിയില്ല. അതിനാൽ ചുവപ്പ്, പച്ച, നീല എന്നിവയെ പ്രാഥമിക വർണങ്ങൾ എന്ന് പറയുന്നു.

**ദ്വിതീയവർണങ്ങൾ**

രണ്ട് പ്രാഥമിക വർണങ്ങൾ ചേർന്നുണ്ടാകുന്ന വർണം. ഉദാ. മഞ്ഞ, മജന്ത,സയൻ

പച്ച + ചുവപ്പ് = മഞ്ഞ
പച്ച + നീല = സയൻ
ചുവപ്പ് + നീല = മജന്ത




പൂരകവർണങ്ങൾ

ധവളപ്രകാശം ലഭിക്കാൻ ചേർക്കുന്ന പ്രാഥമിക വർണവും ദ്വിതീയ വർണവും

പച്ച + മജന്ത = ധവളപ്രകാശം
നീല + മഞ്ഞ = ധവളപ്രകാശം
ചുവപ്പ് + സയൻ = ധവളപ്രകാശം

G+M = വെള്ള
Y+B = വെള്ള
R+C = വെള്ള

**<u>അതാര്യ വസ്തുക്കൾ</u>**

പ്രകാശം കടത്തിവിടാത്ത വസ്ഥുക്കളാണിവ. ഒരു അതാര്യവസ്ഥു അതിന്റെ അതിന്റെ നിറത്തെ മാത്രം പ്രതിഫലിപ്പിക്കുകയും ബാക്കി വർണങ്ങളെ ആഗിരണം ചെയ്യുകയും ചെയ്യുന്നു. എല്ലാ വർണങ്ങളെയും ആഗിരണം ചെയ്യുന്ന വസ്ഥു കറുപ്പായും പ്രതിഫലിപ്പിക്കുന്ന വസ്ഥു വെള്ളയായും കാണപ്പെടുന്നു.

ഒരു വസ്ഥുവിൽ നിന്ന് ഏത് വർണമാണോ പ്രതിപതിച്ചു വരുന്നത് അതായിരിക്കും ആ വസ്ഥുവിന്റെ നിറം.

**<u>സുതാര്യ വസ്ഥുക്കൾ</u>**

പ്രകാശം കടത്തിവിടുന്ന വസ്തുക്കളാണിവ. ഒരു സുതാര്യ വസ്ഥു അതിന്റെ നിറത്തെ മാത്രം കടത്തിവിടുകയും മറ്റു വർണ്ണങ്ങളെ ആഗിരണം ചെയ്യുകയും ചെയ്യുന്നു. ദ്വിതീയവർണത്തിലുള്ള വസ്തു ആ വർണത്തോടൊപ്പം അതിലെ ഘടക വർണങ്ങളേയും കടത്തിവിടുന്നു. എല്ലാ വർണങ്ങളേയും കടത്തിവിടുന്ന വസ്തു വെള്ളയായി കാണുന്നു.

**<u>സോളാർസ്പെക്ട്രം</u>**

സോളാർ സ്പെക്ട്രത്തിലെ വികിരണങ്ങളാണ് റേഡിയോ തരംഗം, മൈക്രോ തരംഗം, ഇൻഫ്രാറെഡ്, ദൃശ്യപ്രകാശം, അൾട്രാവയലറ്റ്, xകിരണം, ഗാമാകിരണം. ഇതിൽ ആവൃത്തി കുറഞ്ഞതും തരംഗദൈർഘ്യം കൂടിയതും റേഡിയോതരംഗവും, ആവൃത്തി കൂടിയതും തരംഗദൈർഘ്യം കുറഞ്ഞതും ഗാമാകിരമവും ആണ്.

**<u>വിസരണം.</u>**

പ്രകാശത്തിന്റെ ക്രമരഹിതവും ഭാഗികവുമായ പ്രതിപതനമാണ് വിസരണം. ചുവപ്പിന് വസരണം കുറവും വയലറ്റിന് വിസരണം കൂടുതലുമാണ്. കണങ്ങളുടെ വലിപ്പം കൂടുമ്പോൾ വിസരണം കൂടുന്നു.

കണങ്ങളുടെ വലുപ്പം പ്രകാശത്തിന്റെ തരംഗദൈർഘ്യത്തേക്കാൾ കൂടുതലായാൽ എല്ലാ വർണങ്ങൾക്കും ഒരു പോലെ വിസരണം സംഭവിക്കുന്നു.

ഉദാ : ഉദയാസ്തമയ സമയങ്ങളിൽ സൂര്യഗോളം ചുവന്നു കാണുന്നു.

- ആകാശത്തിന്റെ നീല നിറം
- അപകട സൂചനാ സിഗ്നലുകളിൽ ചുവപ്പ് നിറം ഉപയോഗിക്കുന്നു.
- ചന്ദ്രനിൽ ആകാശം ഇരുണ്ടതായിക്കാണാൻ കാരണം അവിടെ അന്തരീക്ഷമില്ലാത്തതിനാൽ വിസരണം സംഭവിക്കാത്തതാണ്.



**<u>ടിന്റൽ പ്രഭാവം</u>**

ഒരു കൊളോയിഡൽ ദ്രവത്തിലൂടെയോ സസ്പെൻഷനിലൂടെയോ പ്രകാശ കിരണങ്ങൾ കടന്നു പോകുമ്പോൾ അതിലെ ചെറിയ കണികകൾ വിസരണം മൂലം പ്രകാശിതമാകുന്നതാണ് ടിന്റൽ പ്രഭാവം. വലുപ്പം കൂടുമ്പോൾ വിസരണ തീവ്രത കൂടുന്നു.

**<u>ഇൻഫ്രാറെഡ് ഫോട്ടോഗ്രാഫി.</u>**

ഇൻഫ്രാറെഡ് കിരണങ്ങൾക്ക് തരംഗദൈർഘ്യം കൂടുതലും വിസരണം കുറവുമായതിനാൽ വിദൂരവസ്ഥുക്കളുടെ ഫോട്ടോ എടുക്കാൻ ഉപയോഗിക്കുന്ന ഇൻഫ്രാറെഡ് ഫിൽറ്ററുകൾ ഇൻഫ്രാറെഡ് കിരണങ്ങളെ മാത്രം കടത്തിവിടുന്നു.

**<u>ഇൻഫ്രാറെഡിന്റെ ഉപയോഗങ്ങൾ</u>**

- വിദൂരവസ്തുക്കളുടെ ഫോട്ടോ എടുക്കാൻ
- റിമോട്ട് കൺട്രോൾ
- രാത്രി ഫോട്ടോ എടുക്കുന്ന ക്യാമറകളിൽ

പാഠം (7)

# ഇലക്ട്രോണിക്സും ആധുനിക സാങ്കേതിക വിദ്യയും

**<u>ഇലക്ട്രോണിക്സ്</u>**

ഇലക്ട്രോണുകളുടെ സ്വഭാവത്തെക്കുറിച്ചും അവയെ നിയന്ത്രിച്ച് ഉപയോഗപ്രദമാക്കുന്നതിനെക്കുറിച്ചുമുള്ള പഠനമാണ് ഇലക്ട്രോണിക്സ്

**<u>ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന അടിസ്ഥാന ഘടകങ്ങൾ</u>**

**<u>പ്രതിരോധകങ്ങൾ</u>**

സെർക്കീട്ടിലെ വൈദ്യുതപ്രവാഹം നിയന്ത്രിച്ച് ഓരോ ഘടകത്തിനും ആവശ്യമായ പൊട്ടൻഷ്യൽ വ്യത്യാസം പ്രദാനം ചെയ്യുകയാണ് പ്രതിരോധകങ്ങളുടെ ധർമ്മം.ഇതിന്റെ യൂണിറ്റ് ഓം ഉം പ്രതീകം —⁄\/\/— ആണ്

**<u>ഇൻഡക്ടറുകൾ</u>**

സെർക്കീട്ടിലെ വൈദ്യുത പ്രവാഹത്തിലുണ്ടാകുന്ന മാറ്റങ്ങളെ ഊർജ നഷ്ടമില്ലാതെ എതിർക്കാൻ കഴിവുള്ള കമ്പിച്ചുരുളുകളാണ് ഇൻഡക്ടറുകൾ. ഈ കഴിവിനെ ഇൻഡക്ടൻസ് എന്നു പറയുന്നു. സെൽഫ് ഇൻഡക്ഷൻ എന്ന പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇതിന്റെ യൂണിറ്റ് ഹെന്റി (H) ആണ്. പ്രതീകം —ᘮᘮᘮ— ആണ്.

**കപ്പാസിറ്റർ**

വൈദ്യുത ചാർജ് സംഭരിച്ചു വെക്കാനും ആവശ്യാനുസരണം വിട്ടു കൊടുക്കുന്നതിനും ഉപയോഗിക്കുന്ന ഘടകമാണ് കപ്പാസിറ്റർ. ചാർജ് സംഭരിച്ച് വയ്ക്കാനുള്ള ശേഷിയെ കപ്പാസിറ്റൻസ് എന്ന് പറയുന്നു. ഇതിന്റെ യൂണിറ്റ് ഫാരഡ് (F) ആണ്.

**കപ്പാസിറ്ററിന്റെ പ്രധാന ഭാഗങ്ങൾ**

1. രണ്ട് ലോഹപ്ലേറ്റുകൾ 2. ലോഹപ്ലേറ്റുകൾക്കിടയിലായി ഡൈ ഇലക്ട്രിക് പദാർത്ഥം

**പേപ്പർ കപ്പാസിറ്റർ**

ലോഹപ്ലേറ്റുകൾക്കിടയിൽ ഡൈ ഇലക്ട്രിക്കായി പേപ്പർ ഉപയോഗിച്ചിട്ടുള്ള കപ്പാസിറ്റർ.

**ഇലക്ട്രോലിറ്റിക് കപ്പാസിറ്റർ**

ലോഹപ്ലേറ്റുകൾക്കിടയിൽ ഡൈഇലക്ട്രിക്കായി ഇലക്ട്രോലൈറ്റ് ഉപയോഗിച്ചിട്ടുള്ള കപ്പാസിറ്റർ

## വിവിധ തരം ചാലകങ്ങൾ

**ചാലകങ്ങൾ**

വൈദ്യുതിയെ നന്നായി കടത്തിവിടുന്ന പദാർത്ഥം.

**ഇൻസുലേറ്റർ**

വൈദ്യുതിയെ കടത്തിവിടാത്ത പദാർത്ഥം.

**അർധ ചാലകങ്ങൾ**

ചാലകങ്ങൾക്കും ഇൻസുലേറ്ററുകൾക്കും ഇടയിൽ വൈദ്യുതയെ കടത്തിവിടുന്ന പദാർത്ഥം.

**ഡോപ്പിങ്**

അർധചാലകങ്ങളിൽ മറ്റുചില മൂലകങ്ങൾ അനുയോജ്യമായി കലർത്തി ഇവയുടെ ചാലകത വർധിപ്പിക്കാൻ കഴിയും. ഈ പ്രക്രിയയെ ഡോപ്പിങ് എന്ന് പറയുന്നു.

**ഡയോഡ്**

ഒരു ഭാഗം (P) ടൈപ്പും മറുഭാഗം (n) ടൈപ്പും ആയി ഡോപ്പിംങ് നടത്തിയ അർദ്ധ ചാലക ക്രിസ്റ്റലാണ് ഡയോഡ്

**ഡയോഡ് സർക്കീട്ടിൽ**

1. **ഫോർവേർഡ് ബയസിങ്** ഡയോഡിന്റെ പോസിറ്റീവ് ഭാഗം (P) സെല്ലിന്റെ പോസിറ്റീവിനോടും നെഗറ്റീവ് ഭാഗം (n) നെഗറ്റീവിനോടും ബന്ധിപ്പിച്ചാൽ വൈദ്യുതി പ്രവഹിക്കും. ഈ രീതിയിൽ ബന്ധിപ്പിക്കുന്നതിനെയാണ് ഫോർബേർഡ് ബയസിങ് എന്ന് പറയുന്നു.

**2. റിവേഴ്സ് ബയസിങ്**

ഡയോഡിന്റെ p ഭാഗം സെല്ലിന്റെ നെഗറ്റീവിനോടും n ഭാഗം പോസിറ്റീവിനോടും ബന്ധിപ്പിച്ചാൽ ഡയോഡിലൂടെ വൈദ്യുതി പ്രവഹിക്കുന്നില്ല. ഈ രീതിയിൽ ഡയോഡിനെ സർക്കീട്ടിൽ ബന്ധിപ്പിക്കുന്നതിനെ റിവേഴ്സ് ബയസിങ് എന്ന് പറയുന്നു.



**റക്ടിഫിക്കേഷൻ**

ACകറന്റിനെ DCകറന്റ് ആക്കിമാറ്റുന്ന പ്രവർത്തനമാണ് റക്റ്റിഫിക്കേഷൻ.

**ട്രാൻസിസ്റ്ററുകൾ**

ആർധചാലകങ്ങൾ ഉപയാഗിച്ച് നിർമ്മിച്ചിരിക്കുന്ന ഇലക്ട്രോണിക് ഘടകമാണ് ട്രാൻസിസ്റ്റർ. ഇതിന് മൂന്ന് ടെർമിനലുകളുണ്ട്.

## വിവിധ തരത്തിലുള്ള ട്രാൻസിസ്റ്റുകൾ

1. pnpട്രാൻസിസ്റ്റർ അർധചാലക ക്രിസ്റ്റലിന്റെ രണ്ട് ഭാഗങ്ങളിൽ p മേഖലയും അവയുടെ ഇടയിൽ n മേഖലയും രൂപപ്പെടുത്തിയെടുത്ത സംവിധാനമാണിത്
2. pnpട്രാൻസിസ്റ്റർ അർധചാലക ക്രിസ്റ്റലിന്റെ രണ്ട് ഭാഗങ്ങളിൽn മേഖലയും അവയുടെ ഇടയിൽ p മേഖലയും രൂപപ്പെടുത്തിയെടുത്ത സംവിധാനമാണിത്.

ഉപയോഗം : ആംപ്ലിഫിക്കേഷൻ

**ആംപ്ലിഫിക്കേഷൻ**

വൈദ്യുതി സിഗ്നലുകളുടെ ശക്തി വർധിപ്പിക്കുന്ന പ്രക്രിയയാണ് ആംപ്ലിഫിക്കേഷൻ. ഇതിന്റെ ഫലമായി സിഗ്നലുകളുടെ ആയതി വർധിക്കുന്നു.



ആംപ്ലിഫിക്കേഷനുമുമ്പ് ആംപ്ലിഫിക്കേഷനുമുമ്പ്

**ഇന്റഗ്രേറ്റഡ് സെർക്കീട്ടുകൾ**

ധാരാളം റസിസ്റ്ററുകൾ, ഡയോഡുകൾ, ട്രാൻസിസ്റ്ററുകൾ, കപ്പാസിറ്ററുകൾ എന്നിവ ഉൾകൊള്ളുന്ന സെർകീട്ട് ഒരു ചെറിയ അർധചാലക ചിപ്പിനുള്ളിൽ ഒതുക്കി നിർമ്മിച്ചിരിക്കുന്ന സംവിധാനമാണ് ഇന്റഗ്രേറ്റഡ് സെർക്കീട്ട്( IC ചിപ്പ്)

**IC ചിപ്പുകളുടെ പ്രാധാന്യം**

1. ഉപകരണങ്ങളുടെ വലുപ്പം കുറക്കാൻ സാധിച്ചു.
2. കുറഞ്ഞ ഊർജ്ജ ഉപയോഗം
3. ദീർഘകാലം ഈടു നിൽക്കുന്നു.
4. വിശ്വസനീയത
5. ഏത് താപനിലയിലും പ്രവർത്തിപ്പിക്കാൻ സാധിക്കും.

**ഫോട്ടോണിക്സ്**

പ്രകാശകണങ്ങളായ ഫോട്ടോണുകളുടെ സ്വഭാവം നിയന്ത്രണം ഉപയോഗം എന്നിവയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് ഇത്. ലേസർ ഒപ്റ്റിക്സും ഫൈബർ ഒപ്റ്റിക്സും ഇതിന്റെ ഭാഗങ്ങളാണ്.

**ലേസർ ഒപ്റ്റിക്സ് ഉപയോഗിക്കുന്ന മേഖലകൾ**

CD,DVD റൈറ്റർ, ബാർകോഡ് റീഡർ.

**Wifi (Wireless Fikility)**

വയറുകളുടെ സഹായമില്ലാതെ റേഡിയോ തരംഗങ്ങൾ ഉപയോഗിച്ച് ഉപകരണങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് വിവരകൈമാറ്റം സാധ്യമാക്കുന്ന സംവിധാനമാണിത്.

**ഡിജിറ്റൽ ക്യാമറ**

ചിത്രങ്ങളെയും ദൃശ്യങ്ങളെയും നേരിട്ട് ഡിജിറ്റൽ സിഗ്നലുകളാക്കി മാറ്റുന്നവയാണ് ഡിജിറ്റൽ ക്യാമറ. ക്യാമറയിലെ ഇമേജ് സെൻസറാണ് ഇത് ചെയ്യുന്നത്. CCTV മൊബൈൽ ഫോണുകൾ, ഡ്രോണുകൾ എന്നിവയിൽ ചെറിയ ഡിജിറ്റൽ ക്യാമറകൾ ഘടിപ്പിച്ചിരിക്കുന്നു.

**നാനോ ടെക്നോളജി**

1nm=$10^{-9m}$. 1nm മുതൽ 100 nm വരെ വലിപ്പമുള്ള കണങ്ങളെ ഉപയോഗപ്പെടുത്തി പുതിയ പദാർത്ഥങ്ങളും ഉപകരണ ഭാഗങ്ങളും ഉണ്ടാക്കുന്ന ശാസ്ത്രശാഖയാണ് നാനോ ടെക്നോളജി.

**റോബോട്ടിക്സ്**

മനുഷ്യ നിയന്ത്രിതമോ സ്വയം പ്രവർത്തക സംവിധാനം വഴിയോ വിദൂരനിയന്ത്രണ സംവിധാനം വഴിയോ കർത്തവ്യം നിർവഹിക്കുന്ന യന്ത്രങ്ങളാണ് റോബോട്ടുകൾ, റേബോട്ടുകളുടെ നിർമ്മാണവും ഉപയോഗവും പ്രതിപാതിക്കുന്ന ശാസ്ത്രശാഖയാണ് റോബോട്ടിക്സ്.

**റോബോട്ടുകളുടെ ഉപയോഗങ്ങൾ**

1. വിദ്യഭ്യാസ ആവശ്യങ്ങൾക്ക്.
2. വ്യവസായികമായി ഉപയോഗിക്കുന്നു.
3. ഗാർഹിക ജോലികൾ നിർവ്വഹിക്കാൻ
4. മെഡിക്കൽ സയൻസ് രംഗത്ത്
5. പ്രതിരോധരംഗത്ത്.

**ഇലക്ട്രോണിക് മാലിന്യങ്ങൾ(ഇ-മാലിന്യങ്ങൾ)**

ഇലക്ട്രോണിക മാലിന്യങ്ങളെയാണ് ഇ- മാലിന്യങ്ങൾ എന്ന് പറയുന്നത്.

**ഇ- മാലിന്യങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ**

1. അന്തരീക്ഷം, ജലം, ചുറ്റുപാട് എന്നിവയെ മലിനപ്പെടുത്തുന്നു.
2. വിഷവാതകങ്ങൾ ഉണ്ടാക്കുന്നു. സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.



പാഠം (8)

# ഊർജ്ജ പരിപാലനം

**ഇന്ധനങ്ങൾ**

കത്തുമ്പോൾ ധാരാളം താപോർജം പുറത്തുവിടുന്ന പദാർത്ഥങ്ങളാണ് ഇന്ധനങ്ങൾ. ഇവ കത്തുന്നത് ഓക്സിജന്റെ സഹായത്താലാണ്.

**പൂർണജ്വലനം**

ഇന്ധനങ്ങൾ ഓക്സിജനുമായി പ്രവർത്തിച്ച് താപവും പ്രകാശവും, അതോടൊപ്പം $Co_2$ ഉം നീരാവിയും ഉണ്ടാകുന്നപ്രവർത്തനമാണിത്.

**ഭാഗികജ്വലനം**

ആവശ്യമായ അളവിൽ ഓക്സിജൻ ലഭിക്കാതെ ഇന്ധനങ്ങൾ കത്തുന്നതിനെയാണ് ഭാഗീകജ്വലനം എന്ന് പറയുന്നു. ഭാഗീക ജ്യലനം കൊണ്ട് ഇന്ധനനഷ്ടം, സമയ നഷ്ടം കൂടിയ അളവിൽ Co യും $Co_2$ ഉം ഉണ്ടാകുന്നു. ഇത് അന്തരീക്ഷം മലിനമാക്കുന്നു.

**പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജസ്രോതസ്സുകൾ**

ഉപയോഗിച്ച് തീരുന്നതിനനുസരിച്ച് പുനരുൽപാദിപ്പിക്കാൻ കഴിയാത്ത ഊർജ സ്രോതസ്സുകൾ എന്ന് പറയുന്നത്.
ഉദാ ഫോസിൽ ഇന്ധനങ്ങൾ (പെട്രോളിയം, കൽക്കരി, പ്രകൃതി വാതകം ) ന്യൂക്ലിയർ ഇന്ധനങ്ങൾ

**പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജസ്രോതസ്സുകൾ**

ഉപയോഗിച്ച് തീരുന്നതിനനുസരിച്ച് പുനരുൽപാതിപ്പിക്കാൻ കഴിയുന്ന ഇന്ധനങ്ങളെയാണ് ഇത്തരം ഊർജ്ജസ്രോതസ്സുകൾ എന്ന് പറയുന്നത്.
ഉദാ: ബയോമാസ്, ബയോഗ്യാസ്, സൂര്യൻ, കാറ്റ്, ഹൈഡ്രജൻ

**ഫോസിൽ ഇന്ധനങ്ങൾ**

ലക്ഷക്കണക്കിന് വർഷങ്ങൾക്ക്മുമ്പ് മണ്ണിനടിയിൽ പെട്ടുപോയ സസ്യങ്ങളും ജീവികളും വായുവിന്റെ ആസാന്നിധ്യത്തിലും ഉന്നത താപനിലയുലും മർദത്തിലും രൂപാന്തരം പ്രാപിച്ചുണ്ടായതാണ് ഫോസിൽ ഇന്ധനങ്ങൾ.
ഉദാ:(പെട്രോളിയം, കൽക്കരി, പ്രകൃതി വാതകം.) ന്യൂക്ലിയർ ഇന്ധനങ്ങൾ

**പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജസ്രോതസ്സുകൾ**

ഉപയോഗിച്ച് തീരുന്നതിനനുസരിച്ച് പുനരുൽപാതിപ്പിക്കാൻ കഴിയുന്ന ഇന്തനങ്ങളെയാണ് ഇത്തരം ഊർജ്ജസ്രോതസ്സുകൾ എന്ന് പറയുന്നത്.
ഉദാ: ബയോമാസ്, ബയോഗ്യാസ്,സൂര്യൻ, കാറ്റ്, ഹൈഡ്രജൻ

**ഫോസിൽ ഇന്ധനങ്ങൾ**

ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മണ്ണിനടിയിൽ പെട്ടുപോയ സസ്യങ്ങളും ജീവികളും വായുവിന്റെ അസാന്നിധ്യത്തിലും ഉന്നത താപനിലയിലും മർദത്തിലും രൂപാന്തരം പ്രാപിച്ചുണ്ടായതാണ് ഫോസിൽ ഇന്ധനങ്ങൾ.

ഉദാ: പെട്രോളിയം, കൽകരി, പ്രകൃതിവാതകം

**സി. എൻ. ജി (CNG)**

കംപ്രസ്ഡ് നാചറൽ ഗ്യാസാണ് CNG ഇതിലെ പ്രധാന ഘടകം മീതെയ്ൻ ആണ്.

**ഉപയോഗം**

വാഹനങ്ങളിലും വ്യവസായശാലകളിലും തെർമൽ പവർസ്റ്റേഷനുകളിലും ഇന്ധനമായി ഉപയോഗിക്കുന്നു.

**എൽ. എൻ. ജി (L.N.G)**

ലികിഫൈഡ് നാചറൽ ഗ്യാസാണ് **LNG** ഇതിലെയും പ്രധാന ഘടകം മീതെയ്ൻ ആണ്. പ്രകൃതി വാതകത്തെ ദ്രവീകരിച്ച് സൗകര്യപ്രതമായി ദൂരസ്ഥലങ്ങളിലേക്ക് കൊണ്ട് പോകാം എന്നതാണ് **LNG** പ്രാധാന്യം.

**എൽ. പി. ജി.(LPG)**

ലികിഫൈഡ് പെട്രോളിയം ഗ്യാസ് എന്നതാണ് **LPG** യുടെ പൂർണ്ണരൂപം. ഇതിലെ പ്രാധാന ഘടകം ബ്യൂട്ടെയ്ൻ. ഗാർഹിക **LPG** യിൽ വാതകച്ചോർച്ച തിരിച്ചറിയുന്നതിന് ഈതെയിൽ മെർക്യാപ്റ്റൻ കലർത്തുന്നു.

**കൽക്കരി.**

ഭൂമിയിൽ ലഭിക്കുന്ന ഫോസിൽ ഇന്ധനങ്ങളിൽ ഏറ്റവും കൂടുതലുള്ളത് കൽക്കരിയാണ്. കൽക്കരിയിലെ പ്രധാന ഘടകം കാർബണാണ്. ഇതിൽ അടങ്ങിയിട്ടുള്ള കാർബണിന്റെ അടിസ്ഥാനത്തില് പീറ്റ്, ലിഗ്നൈറ്റ്, ബിറ്റുമിനസ് കോൾ, ആന്ത്രസൈറ്റ് എന്നിങ്ങനെ കൽക്കിരിയെ നാലായി തിരിക്കാം.

കൽക്കരിയിലെ വായുവിന്റെ അസാന്നിധ്യത്തിൽ സ്വേദനം ചെയ്താൽ അമോണിയ, കോൾഗ്യാസ്, കോൾട്ടാർ, കോക്ക് എന്നിവ ലഭിക്കും.

**കലോറിക മൂല്യം.**

ഒരു കിലോഗ്രാം ഇന്ധനം പൂർണ്ണമായി കത്തുമ്പോൾ പുറത്തു വിടുന്ന താപോർജ്ജത്തിന്റെ അളവാണ് ആ ഇന്ധനത്തിന്റെ കലോറിക മൂല്യം. ഇതിന്റെ യൂണിറ്റ് കിലോ ജൂൾ/ കിലോഗ്രാം ആണ്. കലോറിക മൂല്യം ഏറ്റവും കൂടിയ ഇന്ധനമാണ് ഹൈഡ്രജൻ. പക്ഷേ ഇത് എളുപ്പം തീ പിടിക്കുന്നതും സ്ഫോടക സ്വഭാവമുള്ളതുമാണ്. ആയതിനാൽ ഒരു സ്ഥലത്തു നിന്നും മറ്റു സ്ഥലത്തേക്ക കൊണ്ടുപോകാനും സ്ംഭരിക്കാനും ബുദ്ധിമുട്ടാണ്.

**ബയോമാസ്.**

ജന്തുക്കളുടെയും, സസ്യങ്ങളുടെയും ശരീരഭാഗങ്ങളും അവശിഷ്ടങ്ങളമുമാണ് ബയോമാസുകൾ.

ഉദാ : വിറക്, ചാണകവരളി.



**ബയോമാസിന്റെ ദോഷങ്ങൾ.**

അന്തരീക്ഷ മലിനീകരണം ഈച്ചകളേയും പ്രാണികളേയും ആകർഷിക്കുന്നു, പകർച്ചവ്യാധികൾ ഉണ്ടാകുന്നു, കലോറികമൂല്യം കുറവാണ്.

ബയോഗ്യാസ് ബയോമാസിനെ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ചാൽ ഓക്സിജന്റെ അഭാവത്തിൽ ബാക്ടീരിയകളുടെ പ്രവർത്തനഫലമായി ബയോഗ്യാസ് ഉണ്ടാകുന്നു. ഇതിലെ പ്രധാന ഘടകം മീതെയ്ൻ ആണ്.

**ബയോഗ്യാസിന്റെ ഗുണങ്ങൾ.**

- പുക കുറരയുന്നു.
- അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നില്ല.
- ബയോമാസിനെക്കാളും ഉയർന്ന കലോറിക മൂല്യം
- പകർച്ച വ്യാധികളുണ്ടാകുന്നില്ല.

**സൗരോർജം**

സൂര്യനിൽ നിന്നും ലഭിക്കുന്ന ഊർജത്തെയാണ് സൗരോർജം എന്ന് പറയുന്നത്. ഈ ഊർജ്ജം താഴെ പറയുന്ന രീതിയിൽ ഉപയോഗിക്കാം.

**1. സോളാർ സെൽ**

പ്രകാശോർജം വൈദ്യുതോർജമായി മാറ്റുന്ന ഉപകരണമാണ് സോളാർ സെൽ. ഇതൊരു P.Nസന്ധി ഡിയോഡാണ്.

**2. സോളാർ പാനൽ**

അനേകം സോളാർ സെല്ലുകൾ യോജിപ്പിച്ചാൽ കൂടുതൽ വൈദ്യുതോർജ്ജം ഉണ്ടാക്കാം. ഇത്തരം സംവിധാനത്തെയാണ് വൈദ്യുതോർജ്ജം എന്ന് പറയുന്നത്. തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കാനും കൃതിമ ഉപഗ്രഹങ്ങളുടെ ഊർജ ആവശ്യങ്ങൾക്കും സോളാർ പാനലുകൾ പ്രയോജനപ്പെടുത്തുന്നു.

**3. സോളാർ വാട്ടർ ഹീറ്റർ.**

സൗരോർജത്തിലെ താപ കിരണങ്ങളെ നേരിട്ട് പ്രയോജനപ്പെടുത്തുന്ന ഉപകരണമാണിത്. സോളാർ കുക്കറിലും, താപവികിരണങ്ങളെ നേരിട്ടു പ്രയോജനപ്പെടുത്തുന്നു.

**4. സോളാർ തെർമൽ പവർപ്ലാന്റ് .**

ഇവിടെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപാതിപ്പിക്കുന്നു. കോൺകേവ് റിഫ്ളക്ടറുകൾ ഉപയോഗിച്ച് സൂര്യ രശ്മികളെ കറുത്ത പെയിന്റെ ടിച്ചതും ജലം നിറച്ചതുമായ പൈപ്പുകളിൽ ഫോക്കസ് ചെയ്യുന്നു. തൽഫലമായി ജലം തിളച്ച് നീരാവിയാകുന്നു. ഈ നീരാവി ഉപയോഗിച്ച് ടർബൈൻ തിരച്ച് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു.

ന്യൂക്ലിയർ ഊർജം.

ന്യൂക്ലിയസിലുള്ള ഊർജത്തെ ന്യൂക്ലിയർ ഊർജമെന്ന് പറയുന്നു. ഇത് രണ്ട് രീതിയിൽ പുറത്തെടുക്കാം.

**1. ന്യൂക്ലിയർ ഫിഷൻ**
**2. ന്യൂക്ലിയർ ഫ്യൂഷൻ**

**<u>1. ന്യൂക്ലിയർ ഫിഷൻ</u>**

അറ്റോമിക ഭാരം കൂടിയ ന്യൂക്ലിയസുകളെ ന്യൂട്രോൺ ഉപയോഗിച്ച് ഭാരം കുറഞ്ഞ ന്യൂക്ലിയസുകളായി വിഘടിപ്പിക്കുന്ന പ്രവർത്തനമാണ് ന്യൂക്ലിയർ ഫിഷൻ. ഇതോടൊപ്പം ധാരാളം ഊർജം പുറത്തുവിടുന്നു. ($E=Mc^2$എന്ന സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ ) ആറ്റം ബോംബിന്റെ പ്രവർത്തന തത്വം ഇതാണ്.

ന്യൂക്ലിയർ പവർസ്റ്റേഷനുകളിൽ ഫിഷൻ പ്രവർത്തനത്തെ നിയന്ത്രിച്ച് വൈദ്യുതോർജം ഉൽപാദിപ്പിക്കുന്നു.

**<u>2. ന്യൂക്ലിയർ ഫ്യൂഷൻ</u>**

അറ്റോമിക ഭാരം കുറഞ്ഞ ന്യൂക്ലിയസ്സുകളെ യോജിപ്പിച്ച് മാസ് കൂടിയ ന്യൂക്ലിയസ്സാക്കി മാറ്റുന്ന പ്രവർത്തനമാണ് ന്യൂക്ലിയർ ഫ്യൂഷൻ.

ഈ പ്രവർത്തനത്തിലും നഷ്ടപ്പെടുന്ന ദ്രവ്യം $E=Mc^2$ എന്ന ഐൻസ്റ്റീനിന്റെ സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഊർജമായി മാറുന്നു. സൂര്യനിലും നക്ഷത്രങ്ങളിലും ന്യൂക്ലിയർ ഫ്യൂഷനാണ് നടക്കുന്നത്.

ഹൈഡ്രജൻ ബോംബിന്റെ പ്രവർത്തനം ന്യൂക്ലിയർ ഫ്യൂഷന്റെ അടിസ്ഥാനത്തിലാണ്.

**<u>പാരമ്പര്യ ഊർജസ്രോതസ്സുകൾ</u>**

പരമ്പരാഗതമായി ഉപയോഗിച്ചു പോരുന്ന ഊർജ സ്രോതസ്സുകളെ പാരമ്പര്യ ഊർജസ്രോതസ്സുകൾ എന്ന് പറയുന്നു.

ഉദാ ഫോസിൽ ഇന്ധനങ്ങൾ, ജലവൈദ്യുത നിലയം

**<u>പാരമ്പര്യേതര ഊർജസ്രോതസ്സുകൾ.</u>**

ഉദാ:സോളാർ എനർജി, റ്റൈഡൽ എനർജി, ബയോഗ്യാസ്, ന്യൂക്ലിയർ എനർജി.

**ഗ്രീൻ എനർജി (ക്ലീൻ എനർജി)**

പ്രകൃതിക്കിണങ്ങുന്ന ഊർജസ്രോതസ്സുകളിൽനിന്ന് പരിസരമലിനീകരണമുണ്ടാകാതെ നിർമ്മിക്കുന്ന ഊർജമാണ് ഗ്രീൻ എനർജി.

ഉദാ: പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജസ്രോതസ്സുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന എല്ലാ തരം ഊർജങ്ങളും.

**<u>ബ്രൗൺ എനർജി</u>**

പുനസ്ഥാപിക്കാൻ കഴിയാത്ത് ഊർജസ്രോതസ്സുകളായ പെട്രോളിയം, കൽക്കരി എന്നിവയിൽ നിന്നുണ്ടാകുന്ന ഊർജവും ന്യൂക്ലിയർ ഊർജവും ചേർന്നതാണ് ബ്രൗൺ എനർജി. ഇത് ആഗോളതാപനം ഉൾപ്പെടെയുള്ള പരിസരമലിനീകരണം ഉണ്ടാക്കുന്നു.



**<u>ഊർജപ്രതിസന്ധി</u>**

ഊർജത്തിന്റെ ആവശ്യകതയിലെ വർധനവും വഭ്യതയിലുള്ള കുറവുമാണ് ഊർജപ്രതിസന്ധി.

**ഊർജപ്രതിസന്ധിക്കുള്ള കാരണങ്ങൾ**

- ജനസംഖ്യാ വർദ്ധനവ്
- വ്യവസായ വൽക്കരണം
- പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജസ്രോതസ്സുകളുടെ കുറഞ്ഞ ഉപയോഗം.
- പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജസ്രോതസ്സുകളുടെ കൂടിയ ഉപയോഗം.

**<u>ഊർജപ്രതിസന്ധിക്കുള്ള പരിഹാരമാർഗ്ഗങ്ങൾ</u>**

- ഊർജം യുക്തിസഹമായി ഉപയോഗിക്കുക.
- സൗരോർജം പരമാവതി പ്രയോജനപ്പെടുത്തുക.
- പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ വലിപ്പം ക്രമീകരിക്കുക
- LED ലാംബുകൾ ഉപയോഗിക്കുക.
- പ്രഷർ കുക്കർ ഉപയോഗിക്കുക.

10th

CHEMISTRY

യൂണിറ്റ് (1)

# പിരിയോഡിക് ടേബിളും ഇലക്ട്രോൺ വ്യത്യാസവും

## ആറ്റത്തിന്റെ ഘടന

- ആറ്റത്തിനുള്ളിൽ മധ്യഭാഗത്തായി ന്യൂക്ലിയസിനു ചുറ്റും വിവിധ ഷെല്ലുകളിൽ ഇലക്ട്രോണുകൾ ക്രമീകരിച്ചിരിക്കുന്നു.




ഷെല്ലുകൾക്ക് K,L,M,N എന്നിങ്ങനെ പേര് നൽകിയിരിക്കുന്നു. ഷെല്ലുകളുടെ ക്രമമ്പറും ഓരോ ഷെല്ലിലും ഉൾകൊള്ളാൻ കഴിയുന്ന ഇലക്ട്രോണിന്റെ എണ്ണവും താഴെ കൊടുക്കുന്നു.

| ഷെൽനമ്പർ | 1 | 2 | 3 | 4 |
|---|---|---|---|---|
| ഷെല്ലിന്റെ പേര് | K | L | M | N |
| ഉൾകൊള്ളാവുന്ന പരമാവതി ഇലക്ട്രോൺ | 2 | 8 | 18 | 32 |

## സബ്ഷെല്ലുകൾ

ഓരോ ഷെല്ലിലെയും ഇലക്ട്രോണുകൾ അതിന്റെ തന്നെയുള്ള ഉപഷെല്ലുകളിൽ അഥവാ സബ്ഷെല്ലുകളിൽ ആണ് നിറയുന്നത്.

ഓരോ ഷെല്ലിലും അതിന്റെ ക്രമനമ്പറിനുതുല്യം സബ്ഷെല്ലുകൾ ഉണ്ടായിരിക്കും.

s,p,d,fഎന്നിങ്ങനെയാണ് സബ്ഷെല്ലുകളെ രേഖപ്പെടുത്തുന്നത്.

ഓരോ ഷെല്ലിലെയും സബ്ഷെല്ലുകളെ തിരിച്ചറിയുന്നതിന് സബ്ഷെല്ലിന്റെ ഇടത് വശത്ത് ഷെല്ലിന്റെ ക്രമനമ്പർഎഴുതിയാൽ മതി. ഓരോ സബ്ഷെല്ലിലും ഉൾകൊള്ളാവുന്ന ഇലക്ട്രോണുകളുടെ എണ്ണം സബ്ഷെല്ലിന്റെ വലതുവശത്ത് മുകളിലായി എഴുതുക.

| ഷെൽ നമ്പർ | 1 | 2 | | 3 | | | 4 | | | |
|---|---|---|---|---|---|---|---|---|---|---|
| ഷെല്ലിന്റെ പേര് | K | L | | M | | | N | | | |
| ഷെല്ലിൽ കൊള്ളാവുന്ന പരമാവതി ഇലക്ട്രോൺ | 2 | 8 | | 18 | | | 32 | | | |
| ഉൾപ്പെടുന്ന സബ്ഷെൽ | s | s | p | s | p | d | s | p | d | f |
| ഓരോ സബ്ഷെല്ലിലും ഉൾകൊള്ളാവുന്ന ഇലക്ട്രോണുകളുടെ എണ്ണം | 2 | 2 | 6 | 2 | 6 | 10 | 2 | 6 | 10 | 14 |
| സബ്ഷെൽ പ്രതിധാനം ചെയ്യുന്ന രീതി | 1s | 2s | 2p | 3s | 3p | 3d | 4s | 4p | 4d | 4f |

- ഓരോ സബ്ഷെല്ലിലും ഉൾകൊള്ളാവുന്ന ഇലക്ട്രോണുകളുടെ എണ്ണം

| സബ്ഷെൽ | s | p | d | f |
|---|---|---|---|---|
| ഉൾകൊള്ളാവുന്ന ഇലക്ട്രോണുകളുടെ എണ്ണം | 2 | 6 | 10 | 14 |

സബ്ഷെൽ ഇലക്ട്രോൺ വ്യന്യാസം എഴുതുന്ന എളുപ്പരീതി



| മൂലകം | ഇലക്ട്രോണുകളുടെ എണ്ണം | സബ്ഷെൽ ഇലക്ട്രോൺ വിന്യാസം |
|---|---|---|
| $_{7}N$ | 7 | $1s^2\ 2s^2\ 2p^3$ |
| $_{9}F$ | 9 | $1s^2\ 2s^2\ 2p^5$ |
| $_{11}Na$ | 11 | $1s^2\ 2s^2\ 2p^6\ 3s^1$ |
| $_{17}Cl$ | 17 | $1s^2\ 2s^2\ 2p^6\ 3s^2\ 3p^5$ |
| $_{18}Ar$ | 18 | $1s^2\ 2s^2\ 2p^6\ 3s^2\ 3p^5$ |
| $_{19}k$ | 19 | $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 4s^1$ |

**<u>സബ്ഷെൽ ഇലക്ട്രോൺ വിന്യാസത്തിലെ പ്രത്യേകതകൾ</u>**

1. സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുമ്പോൾ ഷെൽ ക്രമം പാലിക്കണം

Eg:- $_{21}Sc$: $\underbrace{1s^2}_{K}\ \underbrace{2s^2\ 2p^6}_{L}\ \underbrace{3s^2\ 3p^6}_{M}\ \underbrace{4s^2}_{N}\ \underbrace{3d^1}_{M}$

ശരിയായ രീതി $\underbrace{1s^2}_{K}\ \underbrace{2s^2\ 2p^6}_{L}\ \underbrace{3s^2\ 3p^6\ 3d^1}_{M}\ \underbrace{4s^2}_{N}$

2:-$_{22}Ti$ $\underbrace{1s^2}_{K}\ \underbrace{2s^2\ 2p^6}_{L}\ \underbrace{3s^2\ 3p^6}_{M}\ \underbrace{4s^2}_{N}\ \underbrace{3d^2}_{M}$

ശരിയായ രീതി $\underbrace{1s^2}_{K}\ \underbrace{2s^2\ 2p^6}_{L}\ \underbrace{3s^2\ 3p^6\ 3d^2}_{M}\ \underbrace{4s^2}_{N}$

3:-$_{23}V$ $\underbrace{1s^2}_{K}\ \underbrace{2s^2\ 2p^6}_{L}\ \underbrace{3s^2\ 3p^6}_{M}\ \underbrace{4s^2}_{N}\ \underbrace{3d^3}_{M}$

ശരിയായ രീതി $\underbrace{1s^2}_{K}\ \underbrace{2s^2\ 2p^6}_{L}\ \underbrace{3s^2\ 3p^6\ 3d^3}_{M}\ \underbrace{4s^2}_{N}$

2. 'Cr'ത്തിന്റെയും 'Cu' ന്റെയും സബ്ഷെൽ ഇലക്ട്രോൺവിന്യാസം എഴുതുമ്പോൾ അവസാനത്തെ 'd' സബ്ഷെൽ പകുതി നിറഞ്ഞതോ പൂർണ്ണമായി നിറഞ്ഞതോ ആയിരിക്കണം.



Eg:- 1 $_{24}Cr$: $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 4s^2\ 3d^4$

$1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^4\ 4s^2$

$1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^5\ 4s^1$

Eg:- 2 $_{29}Cu$: $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 4s^2\ 3d^9$

$1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^9\ 4s^2$

$1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^{10}\ 4s^1$

2. സബ്ഷെൽ വിന്യാസം ഉൽകൃഷ്ഠ മൂലത്തിന്റെ പ്രതീകം ഉപയോഗിച്ച് ചുരുക്കി എഴുതാം.
കുറിപ്പ്: ഉൽകൃഷ്ഠ മൂലകം 18–ാം ഗ്രൂപ്പിൽ പെടുന്നു.

Eg:- $_{12}Mg$: $1s^2\ 2s^2\ 2p^6\ 3s^2$

ഈ മൂലകത്തിന്റെ ആറ്റോമിക നമ്പർ 12 ആണ്. ഇതിനു തൊട്ടു മുൻപുള്ള ഉൽകൃഷ്ഠ മൂലകം**ആണ്. ആയതിനാൽ ഈ മൂലകത്തിന്റെ പ്രതീകം ബ്രാക്കറ്റിൽ എഴുതി സബ്ഷെൽ വിന്യാസം താഴെ കാണുന്നപ്രകാരം ചുരുക്കാം.

Eg 1:-$_{12}Mg$: =[Ne] $3s^2$

2:-$_{20}Ca$: =

ഇതിന് തൊട്ടുമുമ്പുള്ള ഉൽകൃഷ്ഠ മൂലകം $_{18}Ar$ ആണ്

$_{20}Ca$: = [$_{18}Ar$] $4s^2$

**<u>സബ്ഷെൽ വിന്യാസവും ബ്ലോക്കും</u>**

| മൂലകം | സബ്ഷെൽ ഇലക്ട്രോൺ വിന്യാസം | സബ്ഷെൽ ഇലക്ട്രോൺ വിന്യാസത്തിലെ കൂടിയ ഷെൽ നമ്പർ | പിരിയഡ് നമ്പർ |
|---|---|---|---|
| $_{4}Be$ | $1s^2\ 2s^2$ | 2 | 2 |
| $_{6}C$ | $1s^2\ 2s^2\ 2p^2$ | 2 | 2 |
| $_{11}Na$ | $1s^2\ 2s^2\ 2p^6\ 3s^1$ | 3 | 3 |
| $_{19}K$ | $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 4s^1$ | 4 | 4 |

സബ്ഷെൽ ഇലക്ട്രോൺ വിന്യാസത്തിലെ കൂടിയ ഷെൽ നമ്പർ തന്നെയാണ് പിരിയഡ്

## s ബ്ലോക്ക് മൂലകങ്ങളുടെ ഗ്രൂപ്പ് നമ്പർ

'S'ബ്ലോക്ക് മൂലകങ്ങളുടെ ബാഹ്യ 's' സബ്ഷെല്ലിലെ ഇലക്ട്രോണുകളുടെ എണ്ണമായിരിക്കും ഗ്രൂപ്പ് നമ്പർ

| മൂലകം | സബ്ഷെൽ വിന്യാസം | ബ്ലോക്ക് | ഗ്രൂപ്പ് നമ്പർ |
|---|---|---|---|
| $_{3}Li$ | $1s^2\ 2s^1$ | S | 1 |
| $_{11}Na$ | $1s^2\ 2s^2\ 2p^6\ 3s^1$ | S | 1 |
| $_{12}Mg$ | $1s^2\ 2s^2\ 2p^6\ 3s^2$ | S | 2 |
| $_{20}Ca$ | $1s^2\ 2s^2\ 2p^6\ 3p^2\ 4p^6\ 4s^2$ | S | 2 |

## p ബ്ലോക്ക് മൂലകങ്ങളുടെ ഗ്രൂപ്പ് നമ്പർ

'p'ബ്ലോക്ക് മൂലകങ്ങളുടെ ബാഹ്യ s.p സബ്ഷെല്ലിലെ ആകെ ഇലക്ട്രോണുകളുടെ എണ്ണത്തോടൊപ്പം '10' കൂട്ടുന്നതിന് തുല്യമായിരിക്കും ഗ്രൂപ്പ് നമ്പർ

| മലൂകം | സബ്ഷെൽ ഇലക്ട്രോൺ വ്യത്യാസം | ഗ്രൂപ്പ് നമ്പർ |
|---|---|---|
| $_{6}C$ | $1s^2\ 2s^2\ 2p^2$ | 14 |
| $_{13}Al$ | $1s^2\ 2s^2\ 2p^6\ 3s^1\ 3p^1$ | 13 |
| $_{17}Cl$ | $1s^2\ 2s^2\ 2p^6\ 3s^2\ 3p^5$ | 17 |

## d ബ്ലോക്ക് മൂലകങ്ങളുടെ ഗ്രൂപ്പ് നമ്പർ

'd' ബ്ലോക്ക് മൂലകങ്ങളുടെ ബാഹ്യ's' സബ്ഷെല്ലിലെ ഇലക്ട്രോണുകളുടെ എണ്ണവും തൊട്ടുമുമ്പുള്ള 'd' സബ്ഷെല്ലിലെ ഇലക്ട്രോണുകളുടെ എണ്ണവും കൂട്ടുന്നതിന് തുല്യമായിരിക്കും ഗ്രൂപ്പ് നമ്പർ

| മലൂകം | സബ്ഷെൽ ഇലക്ട്രോൺ വ്യത്യാസം | ഗ്രൂപ്പ് നമ്പർ |
|---|---|---|
| $_{21}Sc$ | $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^1\ 4s^2$ | 3 |
| $_{26}Fe$ | $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^4\ 4s^2$ | 8 |
| $_{24}Cr$ | $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^5\ 4s^1$ | 6 |





# മോൾ സങ്കൽപ്പനം

- അവഗാഡ്രോ നമ്പർ (Na) = $6.022 \times 10^{23}$
- ഗ്രാം അറ്റോമിക മാസ് (GAM)

ഒരു മൂലക ആറ്റത്തിന്റെ അറ്റോമിക മാസ് എത്രയാണോ അത്രയും ഗ്രാമിനെ അതിന്റെ ഒരു ഗ്രാം അറ്റോമിക മാസ് (GAM) എന്നു പറയുന്നു.

| മൂലകം | ആറ്റോമികമാസ് | GAM | അവഗാഡ്രോ സംഖ്യ (ആറ്റങ്ങൾ) |
|---|---|---|---|
| ഹൈഡ്രജൻ H | 1 | 1g= 1 GAM | $6.022 \times 10^{23}$ ആറ്റങ്ങൾ |
| ഹീലിയം He | 4 | 4g= 1 GAM | $6.022 \times 10^{23}$ ആറ്റങ്ങൾ |
| കാർബൺ C | 12 | 12g= 1 GAM | $6.022 \times 10^{23}$ ആറ്റങ്ങൾ |
| നൈട്രജൻ N | 14 | 14g= 1 GAM | $6.022 \times 10^{23}$ ആറ്റങ്ങൾ |

? താഴെ കൊടുത്തിരിക്കുന്ന ഓരോ മൂലക സാമ്പിളും എത്ര GAM ആണെന്നും ഓരോന്നിലും എത്ര ആറ്റങ്ങൾ ഉണ്ടെന്നും കണ്ടെത്തുക. (ആറ്റോമിക മാസ് H = 1, He = 4, 0 = 16, C =12 )

1) 40g ഹൈഡ്രജൻ

$$GAM = \frac{\text{തന്നിരിക്കുന്ന മാസ്}}{\text{അറ്റോമിക മാസ്}} \quad \frac{40}{1} = 40\ GAM$$

ആറ്റങ്ങളുടെ എണ്ണം = $40 \times 6.022 \times 10^{23}$

2) 40g ഹീലിയം: $GAM = \frac{40}{1} = 10\ GAM$

ആറ്റങ്ങളുടെ എണ്ണം = $10 \times 6.022 \times 10^{23}$

3) 40g ഓക്സിജൻ

4) 120g കാർബൺ

- മോളിക്യുലാർ മാസ് അഥവാ തന്മാത്രാമാസ് (u)

മോളിക്യുലാർ മാസിനെ ഗ്രാമിൽ പ്രാസ്താവിക്കുന്നതിനാണ് ഗ്രാം മോളിക്യുലാർമാസ്

ഒരു GMM പദാർത്ഥത്തിൽ $6.022x10^{23}$ തന്മാത്രകൾ (അവഗാഡ്രോ സംഖ്യ) ഉണ്ടായിരിക്കും.

| തന്മാത്ര/ സംയുക്തം | മോളികുലാർ മാസ് | ഗ്രാംമോളിക്യുലാർ മാസ് | അവഗാഡ്രോ സംഖ്യ തൻമാത്രകൾ |
|---|---|---|---|
| $H_3$ | 2 | 2g = 1GAM | $6.022x10^{23}$ തന്മാത്രകൾ |
| $H_2o$ | 18 | 18g = 1GMM | $6.022x10^{23}$ തന്മാത്രകൾ |
| $o_2$ | 32 | 32g = 1GMM | $6.022x10^{23}$ തന്മാത്രകൾ |
| $co_2$ | 44 | 44g = 1GMM | $6.022x10^{23}$ തന്മാത്രകൾ |
| $NH_3$ | 17 | 17g = 1GMM | $6.022x10^{23}$ തന്മാത്രകൾ |

മോൾ സങ്കൽപനം

$6.022 \times 10^{23}$ കണികകൾ (ആറ്റം/ തന്മാത്ര) ഉൾക്കൊള്ളുന്ന പദാർത്ഥത്തിന്റെ അളവിനെ ഒരു മോൾ എന്നു വിളിക്കാം.

ഉദാ :1 മോൾ ഹൈഡ്രജൻ ആറ്റങ്ങൾ (H) =

1g = 1GAM = $6.022x10^{23}$ ആറ്റങ്ങൾ

1 മോൾ ഹൈഡ്രജൻ തന്മാത്രകൾ ($H_2$)=

2g=$6.022x10^{23}$ തന്മാത്രകൾ

1 മോൾ Co2= 44g= 1GMM = $6.022x10^{23}$ തന്മാത്രകൾ

1 മോൾ $NH^3$= 17g= 1GMM = $6.022x10^{23}$ തന്മാത്രകൾ

അതായത് 1 മോൾ എന്നത്






STP

273K താപനില, 1 afm മർദ്ദം എന്നിവയെ സ്റ്റാൻഡേർഡ് ടെപറേച്ചർ & പ്രഷർ എന്നാണ് വിളിക്കുന്നത്.

STPഏയിൽ സ്ഥിതി ചെയ്യുന്ന ഏതൊരു വാതകത്തിന്റെയും ഒരു മോളിന് 22.41 വ്യാപ്തമുണ്ടായിരിക്കും. ഇത് STPയിലെ മോളാർ വ്യാപ്തം എന്നറിയപ്പെടുന്നു.

STPയിൽ 22.41L വാതകം =1മോൾ

അതായത്




---

യൂണിറ്റ് (3)

# രാസപ്രവർത്തന വേഗതയും രാസസംതുലനവും

**അഭികാരകങ്ങൾ :** രാസപ്രവർത്തനത്തിൽ പങ്കെടുക്കുന്നവ.
**ഉൽപന്നങ്ങൾ :** രാസപ്രവർത്തന ഫലമായി ഉണ്ടാകുന്നവ.
**കൊളീഷൻ സിദ്ധാന്തം :** ഒരു രാസപ്രവർത്തനം നടക്കണമെങ്കിൽഅഭികാരക കണികകൾ തമ്മിൽ ഫലവത്തായി കൂട്ടിമുട്ടേണ്ടതുണ്ട്. ഇതാണ് കൊളീഷൻ സിദ്ധാന്തം.

രാസപ്രവർത്തന വേഗതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

1) അഭികാരകങ്ങളുടെ ഗാഢത.

ഗാഢത കൂടുന്തോറും യൂണിറ്റ വ്യാപ്തത്തിലെ തന്മാത്രകളുടെ എണ്ണം വർദ്ധിച്ച് ഫലവത്തായ കൂട്ടിമുട്ടലുകൾ വർദ്ധിക്കുകയും രാസപ്രവർത്തനം വേഗത്തിലാവുകയും ചെയ്യുന്നു.

ഉദാ:



ടെസ്റ്റ്യൂബ് 1ൽ പ്രവർത്തന വേഗത കൂടുതൽ. കാരണം അഭികാരകത്തിന്റെ ഗാഢത കൂടുതൽ

**2. അഭികാരകങ്ങളുടെ സ്വഭാവം**

അഭികാരകങ്ങളുടെ രാസപ്രവർത്തന ശേഷി അനുസരിച്ച് രാസപ്രവർത്തന വേഗത കൂടുകയോ കുറയുകയോ ചെയ്യാം

ഉദാ:




Mg ഇട്ട ടെസ്റ്റ്യൂബ് 2 ലാണ് പ്രവർത്തന വേഗത കൂടിയത്.

**3. മർദ്ദം**







**4. ഖരപദാർത്ഥങ്ങളുടെ പ്രതല പരപ്പളവ്**

ഖരപദാർത്ഥങ്ങളെ ചെറുകഷ്ണങ്ങളാക്കി മാറ്റുമ്പോൾ അല്ലെങ്കിൽ പൊടിച്ച് ഉപയോഗിക്കുമ്പോൾ അവയുടെ പ്രതല പരപ്പളവ് കൂടുന്നു. തൻമൂലം ഫലവത്തായ കൂട്ടിമുട്ടലുകൾ വർദ്ധിച്ച് രാസപ്രവർത്തനം വേഗത്തിലാകുന്നു.






ബീക്കർ 2-ൽ (മാർബിൾ പൊടിച്ചതിൽ) രാസപ്രവർത്തന വേഗം കൂടുതലാണ്.

**5. താപനില**

താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തനം വേഗത്തിലാകുന്നു.




ചൂടാക്കിയ ടെസ്റ്റ്യൂബിൽ വളരെ പെട്ടെന്ന് മഞ്ഞനിറത്തിലുള്ള അവക്ഷിപ്തം ഉണ്ടാകുന്നു.

6. ഉൽപ്രേരകരുടെ സ്വാധീനം

സ്വയം രാസമാറ്റത്തിന് വിധേയമാകാതെ രാസപ്രവർത്തന വേഗത്തിന് മാറ്റമുണ്ടാക്കുന്ന പദാർത്ഥങ്ങളാണ് ഉൽപ്രേരകങ്ങൾ.

പ്രവർത്തനവേഗം കൂട്ടുന്നവ-പോസിറ്റീവ് ഉൽപ്രേരകങ്ങൾ.

പ്രവർത്തനവേഗം കുറയ്ക്കുന്നവ- നെഗറ്റീവ് ഉൽപ്രേരകങ്ങൾ.

ഉദാ:1. ഹൈഡ്രജൻ പെറോക്സൈഡിന്റെ ($H_2O_2$) വിഘടന വൈഗത വർദ്ധിപ്പിക്കുന്ന പോസിറ്റീവ് ഉൽപ്രേരകമാണ് മാംഗനീസ് ഡയോക്സൈഡ് ($MnO_2$) എന്നാൽ ഫോസ്ഫോറിക് ആസിഡ്($H_3PO_4$) വിഘടന വേഗത കുറക്കുന്ന നെഗറ്റീവ് ഉൽപ്രേരകമാണ്.

ഉദാ: 2 സൾഫ്യൂരിക് ആസിഡിന്റെ വ്യാവസായിക നിർമാണ

ത്തിൽ വനേഡിയം പെന്റോക്സൈഡ് ($V_2O_5$) പോസിറ്റീവ് ഉൽപ്രേരകമായി ഉപയോഗിക്കുന്നു.

ഉദാ: 3. അമോണിയയുടെ വ്യവസായി നിർമ്മാണത്തിൽ ഇരുമ്പ് പോസിറ്റീവ് ഉൽപ്രേരകമായി ഉപയോഗിക്കുന്നു.

**7. പ്രകാശം**

സിൽവർ ബ്രോമൈഡിന്റെ വിഘടനം

ചെടികൾ അന്നജം നിർമ്മിക്കുന്നത്.

കീടനാശിനികളുടെ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന സൾഫ്യൂറൈൻ ക്ലോറൈഡിന്റെ നിർമാണം എന്നിവ പ്രകാശത്തിന്റെ സാന്നിധ്യത്തിൽ വൈഗത്തിൽ നടക്കുന്ന രാസപ്രവർത്തനങ്ങളാണ്.

## രാസ സംതുലനം

**ഏകദിശാ പ്രവർത്തനങ്ങൾ**

അഭികാരങ്ങൾ പ്രവർത്തിച്ച് ഉൽപന്നങ്ങളായി മാറുകയും എന്നാൽ ഇതേ സാഹചര്യത്തിൽ ഉൽപന്നങ്ങൾ അഭികാരകങ്ങളായി മാറാതിരിക്കുന്നതുമായ രാസപ്രവർത്തനങ്ങളാണ് ഏകദിശാപ്രവർത്തനങ്ങൾ.

$C+O_2 \longrightarrow CO_2$

$Mg + 2Hcl \longrightarrow Mgcl_2 + H_2$

**ഉഭയദിശാ പ്രവർത്തനങ്ങൾ**

ഇരു ദിശകളിലേക്കും നടക്കുന്ന രാസപ്രവർത്തനങ്ങളാണ് ഉഭയദിശാ പ്രവർത്തനങ്ങൾ. ഇതിൽ അഭികാരകങ്ങൾ ഉൽപന്നങ്ങളായി മാറുന്നത് പുരോപ്രവർത്തനവും ഉൽപന്നങ്ങൾ അഭികാരകങ്ങളാകുന്നത് പാശ്ചാത്പ്രവർത്തനവും ആണ്.

$NH_4cl \rightleftharpoons NH_3+Hcl$

$N_2+3H_2 \rightleftharpoons 2NH_3$

$\rightleftharpoons$ എന്ന ചിഹ്നം ഉഭയദിശാ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു.

ഒരു രാസപ്രവർത്തനത്തിൽ പുരോ പ്രവർത്തനത്തിന്റെയും നിരക്ക് തുല്യമാകുന്ന ഘട്ടമാണ് രാസസംതുലനം.

**ലെ ഷാറ്റ്ലിയർ തത്വം**

സംതുലനാവസ്ഥയിലുള്ള ഒരു വ്യൂഹത്തിൽ ഗാഢത, മർദ്ദം, താപനില എന്നിവയിൽ ഏതെങ്കിലും ഒന്നിന് മാറ്റം വരുത്തിയാൽ വ്യൂഹം ഈ മാറ്റം മൂലമുണ്ടാകുന്ന ഫലം ഇല്ലായ്മ ചെയ്യത്തക്ക വിധം സ്വയം ഒരു പുനക്രമീകരണം നടത്തി പുതിയ സംതുലനാവസ്ഥയിലെത്തുന്നു. ഇതാണ് ലെഷാറ്റ്ലിയർതത്വം.



# ലെ ഷാറ്റ്ലിയർ തത്വപ്രകാരം സംതുലനവ്യൂഹത്തിലുണ്ടാകുന്ന മാറ്റം.

| | |
|---|---|
| **1. ഗഢത വ്യത്യാസത്തിന്റെ ഫലം**<br>• അഭികാരകങ്ങളുടെയോ ഏതെങ്കിലും ഒരു അഭികാരത്തിന്റെയോ ഗാഢത വർദ്ധിക്കുന്നു.<br>• ഉൽപന്നങ്ങളുടെയോ ഏതെങ്കിലും ഒരു ഉൽപന്നത്തിന്റെയോ ഗാഢത വർദ്ധിപ്പിക്കുന്നു. | പുരോപ്രവർത്തനം വേഗത്തിലാകുന്നു.<br>പശ്ചാത് പ്രവർത്തനം വേഗത്തിലാകുന്നു. |
| **2. താപനിലയിലുള്ള വ്യത്യാസത്തിന്റെ ഫലം**<br>• താപനില കൂടുന്നു.<br>• താപനില കുറയ്ക്കുന്നു. | താപാഗിരണ പ്രവർത്തനം വേഗത്തിലാകുന്നു.<br>താപമോചക പ്രവർത്തനം വേഗത്തിലാക്കുന്നു. |
| **3. മർദ്ദവ്യതൃസത്തിന്റെ ഫലം (വാതകങ്ങളിൽ മാത്രം)**<br>• മർദ്ദം കൂടുന്നു<br>• മർദ്ദം കുറക്കുന്നു. | തന്മാത്രകളുടെ എണ്ണം കുറയുന്ന ദിശയിലേക്കുള്ള പ്രവർത്തനം വേഗത്തിലാകുന്നു.<br>തന്മാത്രകളുടെ എണ്ണം കൂടുന്ന ദിശയിലേക്കുള്ള പ്രവർത്തനം വേഗത്തിലാവുന്നു. |
| **4. ഉൽപ്രേരകത്തിന്റെ സാന്നിധ്യം**<br>• പ്രവർത്തനാരംഭത്തിൽ ഉൽപ്രേരകം ചേർക്കുന്നു.<br>• സംതുലനാവസ്ഥയിൽ ഉൽപ്രേരകം ചേർക്കുന്നു. | പുരോപശ്ചാത് പ്രവർത്തനങ്ങളുടെ വേഗത ഒരേ അനുപാതത്തിൽ വർദ്ധിപ്പിച്ച് വേഗം സംതുലനാവസ്ഥ കൈവരിക്കുന്നു.<br>മാറ്റമൊന്നും സംഭവിക്കുന്നില്ല. |

$N_2 + 3H_2 \rightleftharpoons 2NH_3$ ഇതിൽ ന്റെ അളവ് കൂട്ടാനുള്ള മാർഗം

1) $H_2$ ന്റെ ഗാഢത കൂട്ടുക
2) $H_2$ ന്റെ ഗാഢത കൂട്ടുക
3) $NH_3$ ന്റെ ഗാഢത കുറക്കുക

യൂണിറ്റ് (4)

# ക്രിയാശീലശ്രേണിയും വൈദ്യുത രസതന്ത്രവും

? എന്താണ് ക്രിയാശീല ശ്രേണി?

A) ലോഹങ്ങളെ അവയുടെ രാസപ്രവർത്തന ശേഷി കുറഞ്ഞു വരുന്നതിനനുസരിച്ച് ക്രമീകരിച്ച ശ്രേണിയാണ് ക്രിയാശീല ശ്രേണി.

| | |
|---|---|
| പൊട്ടാസ്യം | K |
| സോഡിയം | Na |
| കാൽസ്യം | Ca |
| മഗ്നീഷ്യം | Mg |
| അലുമിനിയം | Al |
| സിങ്ക് | Zn |
| അയൺ | Fe |
| നിക്കൽ | Ni |
| ടിൻ | Sn |
| ലെഡ് | Pb |
| കോപ്പർ | Cu |
| സിൽവർ | Ag |
| ഗോൾഡ് | Au |

? എന്താണ് ആദേശ രാസപ്രവർത്തനം?

A) ക്രിയാശീലം കുറഞ്ഞ ലോഹങ്ങളെ അവയുടെ ലവണ ലായനിയിൽ നിന്ന് ക്രിയാശാലം കൂടിയ ലോഹങ്ങൾ ആദേശം ചെയ്യുന്ന പ്രവർത്തനം

? ആദേശരാസപ്രവർത്തനത്തിന് ഉദാഹരണം എഴുതുക.

A) ഒരു ബീക്കറിൽ കുറച്ച് കോപ്പർ സൾഫേറ്റ് ($Cuso_4$) ലായനി തയ്യാറാക്കി വരയ്ക്കുക. അതിലേക്ക് ഒരു Zn ദണ്ഡ് ഇറക്കി വയ്ക്കുക.






അൽപസമയത്തിനകം $Cuso_4$ ലായനിയുടെ നീല നിറം മങ്ങുന്നതായി കാണാം. കാരണം Zn എന്ന ലോഹം $Cuso_4$ ലായനിയിൽ നിന്നും Cu എന്ന ലോഹത്തെ ആദേശം ചെയ്യുന്നു.Zn ന് Cu നേക്കാൾ പ്രവർത്തനശേഷി കൂടുതലായതാണ് ഇതിനു കാരണം. തന്മൂലം പ്രവർത്തനശേഷി കൂടിയ ലോഹത്തിന് ഓക്സീകരണവും പ്രവർത്തന ശേഷി കുറഞ്ഞ ലോഹത്തിന് നിരോക്സീകരണവും സംഭവിക്കുന്നു.

അതായത് ഇവിടെ Zn ഓക്സികരണം
Cu നിരോക്സീകരണം

ഓക്സീകരണ പ്രവർത്തനം $Zn \longrightarrow Zn^{2} + 2e$

നിരോക്സീകരണ പ്രവർത്തനം $Cu^{2} + 2e \longrightarrow Cu$

? എന്താണ് ഓക്സീകരണവും നിരോക്സീകരണവും?

A) ഇലക്ട്രോണുകൾ വിട്ടു കൊടുക്കുന്ന പ്രവർത്തനം – ഓക്സീകരണം.
ഇലക്ട്രോൺ സ്വീകരിക്കുന്ന പ്രവർത്തനം – നിരോക്സീകരണം.

? എന്താണ് റിഡോക്സ് പ്രവർത്തനം?

A) ഓക്സീകരണവും നിരോക്സീകരണവും ഒന്നിച്ചു നടക്കുന്ന പ്രവർത്തനം.

? എന്താണ് ഗാൽവാനിക് സെൽ അഥവാ വോൾട്ടായിക് സെൽ

A) റിഡോക്സ് രാസപ്രവർത്തനത്തിലൂടെ രാസോർജം വൈദ്യുതോർജമാക്കുന്ന ക്രമീകരണമാണ് ഗൽവാനിക് സെൽ അഥവാ വോൾട്ടായിക് സെൽ.
രണ്ടു ബീക്കറുകൾ എടുത്ത് ഒന്നിൽ സിങ്ക് സൾഫേറ്റ് ($Znso_4$)ലായനിയും മറ്റേതിൽ അതേ അളവിൽ കോപ്പർ സൾഫേറ്റ് ($Cuso_4$) ലായനിയും എടുക്കുക.

Zn ദണ്ഡ് $Znso_4$ ലായനിയിലും Cu ദണ്ഡ് $Cuso_4$ ലായനിയിലും മുക്കി വയ്ക്കുക. ഒരു വോൾട്ട് മീറ്ററിന്റെ നെഗറ്റീവ് ടെർമിനൽ Zn ദണ്ഡിനോടും പോസിറ്റീവ് ടെർമിനൽ Cu ദണ്ഡിനോടും ബന്ധിപ്പിക്കുക. രണ്ട് ബീക്കറുകളിലെ ലായനികളും തമ്മിൽ സാൾട്ട് ബ്രിഡ്ജ് ഉപയോഗിച്ച് ബന്ധിപ്പിക്കുക. അപ്പോൾ ക്രിയാശീലം കൂടിയ Zn ദണ്ഡിൽ നിന്ന് ക്രീയാശീലം കുറഞ്ഞ Cu ദണ്ഡിലേക്ക് ബാഹ്യസർക്കീട്ടുലൂടെ ഇലക്ട്രോൺ പ്രവാഹം ഉണ്ടാകുന്നു.

ഇലക്ട്രോൺ പ്രവാഹദിശ




Zn - ക്രിയാശീലം കൂടുതൽ – ഓക്സീകരണം – ആനോഡ്
Cu -ക്രിയാശീലം കുറവ് – നിരോക്സീകരണം – കാഥോഡ്
അതായത് ഇലക്ട്രോൺ പ്രവാഹദിശ ആനോഡിൽ നിന്ന് കാഥോഡിലേക്ക്

? എന്താണ് ഇലക്ട്രോലൈറ്റുകൾ?

A) ജലീയലായനി ആകുമ്പോഴോ ഉരുകിയ അവസ്ഥയിലോ വൈദ്യുതി കടത്തി വിടുകയും രാസമാറ്റത്തിന് വിദേയമാവുകയും ചെയ്യുന്ന പദർത്ഥങ്ങളാണ് ഇലക്ട്രോലൈറ്റുകൾ

? എന്താണ് വൈദ്യുത വിശ്ലേഷണം?

A) വൈദ്യുതി കടത്തിവിടുമ്പോൾ ഒരു ഇലക്ട്രോലൈറ്റ് രാസമാറ്റത്തിന് വിധേയമാകുന്ന പ്രവർത്തനമാണ് വൈദ്യുത വിശ്ലേഷണം.

? വൈദ്യുത വിശ്ലേഷണം ഉദാഹരണ സഹിതം വ്യക്തമാക്കുക.

ഉദാ:




$CuCl_2$ (കുപ്രിക് ക്ലോറൈഡ്) ലായനിയിലൂടെ വൈദ്യുതി കടന്നു പോകുമ്പോൾ അത് $CuCl_2$ ഉം ആയി വിഘടിക്കുന്നു.

ഉദാ: 2) ആസിഡ് ചേർത്ത ജലത്തിലൂടെ വൈദ്യുതി കടത്തിവിട്ടാൽ അത് ഹൈഡ്രജനും ഓക്സിജനുമായി വിഘടിക്കുന്നു.

ഉദാ: 3) ഉരുകിയ സോഡിയം ക്ലോറൈഡിലൂടെ വൈദ്യുതി കടത്തിവിട്ടാൽ അത് സോഡിയവും ക്ലോറിനുമായി വിഘടിക്കുന്നു.



യൂണിറ്റ് (5)

# ലോഹനിർമ്മാണം

1. ലോഹങ്ങളുടെ ഭൗതിക ഗുണങ്ങൾ

A) ഖരം, കാഠിന്യം കൂടുതൽ, താപവാഹി, വൈദ്യുതവാഹി, ലോഹദ്യതി, മാലിയബിലിറ്റി, ഡക്ടിലിറ്റി, ഉയർന്ന സാന്ദ്രത, ഉയർന്ന ദ്രവണാങ്കം, സൊണോരിറ്റി.
ധാതു – ഭൂവൽക്കത്തിൽ കാണുന്ന ലോഹ സംയുക്തങ്ങൾ.
അയിര് – ലോഹം നിർമ്മിക്കുന്നതിനുള്ളധാതു.
ഉദാ: Fe ന്റെ (ഇരുമ്പ്) അയിര് – ഹേമറ്റൈറ്റ്
Al (അലൂമിനിയം) അയിര് – ബോക്സൈറ്റ്
ഒരു അയിരിൽ നിന്ന് ശുദ്ധലോഹം വേർതിരിക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയയും ചേർന്നതാണ്, ലോഹനിഷ്കർഷണം (മെറ്റലർജി) ഇതിന് പ്രധാനമായും 3 ഘട്ടങ്ങൾ ഉണ്ട്.

അയിരുകളുടെ സാന്ദ്രണം → സാന്ദ്രീകരിച്ച അയിരിൽ നിന്ന് ലോഹത്തെ വേർതിരിക്കൽ → ലോഹ ശുദ്ധീകരണം

| അയിരുകളുടെ സാന്ദ്രണം | സാന്ദ്രീകരിച്ച അയിരിൽ നിന്ന് ലോഹത്തെ വേർതിരിക്കൽ | ലോഹ ശുദ്ധീകരണം |
|---|---|---|
| 1. ജലപ്രവാഹത്തിൽ കഴുകിയെടുക്കൽ<br>സാന്ദ്രത കുറഞ്ഞ അപദ്രവ്യം, സാന്ദ്രത കൂടിയ അയിര്<br>2. പ്ലവന പ്രക്രിയ – സാന്ദ്രത കൂടിയ അപദ്രവ്യം<br>സാന്ദ്രത കുറഞ്ഞ അയിര്<br>3. കാന്തികവിഭജനം<br>അയിരിനോ അപദ്രവ്യത്തിനോ ഏതെങ്കിലു ഒന്നിന് കാന്തിക സ്വഭാവമുള്ളപ്പോൾ.<br>4. ലിച്ചിങ്ങ് – അനുയോജ്യമായ ലായനിയിൽ അയിര് ലയിച്ച ചേരുമ്പോൾ. | a) സാന്ദ്രീകരിച്ച അയിരിനെ ഓക്സൈഡാക്കൽ<br>1. കാൽസിനേഷൻ<br>വായുവിന്റെ അസാന്നിധ്യത്തിൽ, ബാഷ്പശീലമുള്ള മാലിന്യം നീക്കം ചെയ്യുന്നതാണ്.<br>2. റോസ്റ്റിംഗ് – വായുവിൽ ചൂടാക്കൽ<br>പ്ലവന പ്രക്രിയ നടത്തിയവ റോസ്റ്റിംഗിന് വിധേയമാകുന്നു.<br>b) ഓക്സൈഡാക്കിയ അയിരിന്റെ നിരോക്സീകരണം അനുയോജ്യമായ നിരോക്സീകാരികൾ ഉപയോഗിച്ച് Fe നിർമ്മാണത്തിൽCo,Zn-C, Na ത്തിന് വൈദ്യുതി | നിരോക്സീകരണം വഴി ലഭിച്ച ലോഹത്തിലെ അപദ്രവ്യങ്ങളെ നീക്കം ചെയ്ത് സുദ്ധമായ ലോഹം നിർമ്മിക്കുന്നു.<br>a) ഉരുക്കി വേർതിരിക്കൽ കുറഞ്ഞ ദ്രവണാങ്കമുള്ള ലോഹങ്ങളെ ഉരുക്കി വേർതിരിക്കുന്നു.Sn,Pb<br><br>a) സ്വേദനം – Zn, Hg തുടങ്ങിയ തിളനില കുറഞ്ഞ ലോഹങ്ങളെ ശുദ്ധീകരിക്കുന്നു.<br>b) വൈദ്യുതവിശ്ലേഷണ ശുദ്ധീകരണം ഉദാ : Cu, Ag. |

1. ഇരുമ്പിന്റെ വ്യാവസായിക നിർമാണം

കാന്തിക വിഭജനം വഴി സാന്ദ്രണം ചെയ്യുന്നു.

ബ്ലാസ്റ്റ്, ഫർണസ് എന്ന ചൂളയുടെ മുകളിൽ നിന്ന് ഹേമറ്റൈറ്റ്, കോക്ക്, ചുണ്ണാമ്പ കല്ല് എന്നിവ ഇടുന്നു. താഴെ നിന്ന് ഉയർന്ന് താപനിലയിലുള്ള വായു നൽകുന്നു. വായു കോക്കുമായി ചേർന്ന് ലഭിക്കുന്ന CO ഗാങ്-(മാലിന്യം) നീക്കാൻ ഫ്ളക്സീയി $CaCo_3$ (ചുണ്ണാമ്പ്കല്ല്) ചേർക്കുന്നു. ഇവ ചേർന്ന് സ്ളാഗ് ($CaSiO_3$)ആകുന്നു.

ഗാങ് + ഫ്ലക്സ് ⟶ സ്ളാഗ്

**ബ്ളാസ്റ്റ് ഫർണസിലെ രാസപ്രവർത്തനങ്ങൾ**

1. $C+O_2 \longrightarrow Co_2+$
2. $Co_2+C+ \longrightarrow 2CO$
3. $CaCo_3 \longrightarrow CaO+Co_2$
4. $Cao+SiO_3 \longrightarrow CaSiO_3$
5. $Fe_2O_3+3Co \longrightarrow 2Fe+3Co_2$

**<u>കാസ്റ്റ് അയെൺ:</u>** പിഗ് അയെൺ ചൂടാക്കി മാലിന്യങ്ങളെ നീക്കി തണുപ്പിച്ച് കാസ്റ്റ് അയെൺ നിർമ്മിക്കുന്നു. ഗെയിറ്റ്, ഗ്രിൽസ്, വിളക്ക് കാലുകൾ എന്നിവ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

സ്റ്റീൽ (ഉരുക്ക്)– 0.05 മുതൽ 1.5% കാർബൺ ചേർന്ന ഇരുമ്പ്–
0.05 മുതൽ 1.5% കാർബൺ ചേർന്ന ഇരുമ്പ്
അൽനിക്കോ Fe, Ni, AL,Co ലോഹ സങ്കരം

**<u>2. അലുമിനിയം നിർമാണം</u>**

അയിര് – ബോക്സൈറ്റ് –$Al_2O_3\ 2H_2o$
നിർമാണ പ്രക്രിയ – ഹാൾഹോറാൾട്ട് പ്രക്രിയ



**<u>ബോക്സൈറ്റിന്റെ സാന്ദ്രണം – ഫ്ളോചാർട്ട്</u>**

ബോക്സൈറ്റ്
↓
ചൂടുള്ള NaoH ലായനി
↓
സോഡിയം അലൂമിനേറ്റ് $NaAlO_2$ ലായനി
↓
ലായനിയിൽ നിന്ന് അപദ്രവ്യങ്ങൾ അരിച്ചു മാറ്റുന്നു. വളരെ കുറച്ച് $Al\ (OH)_3$ ചേർത്ത് ജലമൊഴിച്ച് നേർപ്പിച്ച് Al (OH)3 അവക്ഷിപ്തപ്പെടുത്തുന്നു.
↓
അവക്ഷിപ്തം $Al(OH)_3$
↓
അവക്ഷിപ്തം വേർതിരിച്ച് നന്നായി കഴുകിയശേഷം ശക്തിയായി ചൂടാക്കുന്നു.
↓
അലുമിന ($Al_2O_3$)

അലുമിന വൈദ്യുത വിശ്ലേഷണം നടത്തുമ്പോൾ,

| **കാഥോഡിൽ** | **ആനോഡിൽ** |
|---|---|
| $Al^{3+} + 3e^- \rightarrow Al$ | $20^{2-} \rightarrow 0^2 + 4e^-$ |

3. കോപ്പറിന്റെ ശുദ്ധീകരണം

വൈദ്യുതാവശ്യങ്ങൾക്ക് വ്യാപകമായി ഉപയോഗിക്കുന്ന ഒരു ലോഹമാണ് കോപ്പർ. നല്ല വൈദ്യുത ചാലകമാകണമെങ്കിൽ അതിനായി ഉപയോഗിക്കുന്ന കോപ്പർ വളരെ ശുദ്ധമായിരിക്കണം.

അയിരിൽ നിന്ന് വേർതിരിച്ചെടുക്കുന്ന കോപ്പർ ശുദ്ധമല്ല. വൈദ്യുത വിശ്ലേഷണ രീതി ഉപയോഗിച്ചാണ് കോപ്പർ ശുദ്ധീകരിക്കുന്നത്.

പോസിറ്റീവി ഇലക്ട്രോഡ് - ആനോഡ്
ശുദ്ധീകരിക്കേണ്ട കോപ്പറിന്റെ വലിയ കഷണം
$Cu \rightarrow Cu^{2+} + 2e^{-}$ (ഓക്സീകരണം)

**നെഗറ്റീവ് ഇലക്ട്രോഡ് - കാഥോഡ്**
ശുദ്ധമായ കോപ്പറിന്റെ ഒരു നേർത്ത തകിട്
$Cu^{2+} + 2e \rightarrow Cu$ (നിരോക്സീകരണം)
ഇലക്ട്രോലൈറ്റ് - $H_2So_4$ ചേർത്ത കോപ്പർസൾഫേറ്റിന്റെ ജലീയ ലായനി.
ചാലകത കൂട്ടുന്നതിനാണ് $H_2So_4$ ചേർക്കുന്നത്.
ശുദ്ധകോപ്പർ അവക്ഷിപ്തപ്പെടുന്നത് കാഥോഡിലാണ്.

യൂണിറ്റ് (6)

# ഓർഗാനിക് സംയുക്തങ്ങളുടെ നാമകരണം

IUPAC- നിയമമനുസരിച്ച് ഒരു കാർബണിക സംയുക്തത്തിന്റെ പേരിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. ആദ്യഭാഗം കാർബൺ ആറ്റത്തിന്റെ എണ്ണം അനുസരിച്ചുള്ള പഥമൂലം

C1 - മെഥ്
C2 - എഥ്
C3 - പ്രൊപ്
C4 - ബ്യൂട്ട്
C5 - പെന്റ്
C6 - ഹെക്സ്
C7 - ഹെപ്റ്റ്
C8 - ഒക്ട്
C9 - നൊൺ
C10 - ഡെക്

**രണ്ടാം ഭാഗം രാസബന്ധന രീതി** സൂചിപ്പിക്കുന്നു.

ഏകബന്ധനത്തിന് (-) ⟶ എയ്ൻ
ദ്വിബന്ധനത്തിന് (=) ⟶ ഈൻ
ത്രിബന്ധനത്തിന് (≡) ⟶ ഐൻ



| ഘടനാവാക്യം | തൻമാത്രവാക്യം | IUPACപേര് |
|---|---|---|
| $CH_3 - CH_2 - CH_2 - CH_2 - CH_3$ | $C_5H_{12}$ | പെന്റെയ്ൻ |
| $CH_3 - CH - CH_2 - CH_3$<br>\|<br>$CH_3$ | $C_5 - H_{12}$ | 2– മീഥൈൻ ബ്യൂട്ടെയ്ൻ |
| $CH_3$<br>\|<br>$CH_3 - C - CH_3$<br>\|<br>$CH_3$ | $C_5\ H_{12}$ | 2,2– ഡൈ മീഥൈൽ ബ്യൂട്ടെയ്ൻ |

**<u>ഫങ്ഷണൽ ഗ്രൂപ്പുകൾ</u>**

1. ഹൈഡ്രോക്സിൽ (-OH)
2. ആൽഡിഹൈഡ് (COH)
3. കീറ്റോ ഗ്രൂപ്പ് (-CO)
4. കാർബോക്സിലിക് ഗ്രൂപ്പ് (-COOH)
5. ഹാലോ ഗ്രൂപ്പ് (-F,-Cl, Br, I)
6. ആൽക്കോക്സി ഗ്രൂപ്പ് (-O-R)
7. അമിനോ ഗ്രൂപ്പ് ($-NH_2$)

**<u>ഐസോമെറിസം</u>**

ഒരേ തൻമാത്ര വാക്യവും വ്യത്യസ്ഥ ഘടനാ വാക്യവും ഉള്ള സംയുക്തങ്ങളാണ് ഐസോമെറുകൾ.

**വിവിധതരം ഐസോമെറുകൾ.**

1. ചെയിൻ ഐസോമർ

ഉദാ:

$CH_3 - CH_2 - CH_2 - CH_3$
$CH_3 - CH - CH_3$
|
$CH_3$
} ($C_4H_{10}$)

മുകളിൽ നൽകിയ പട്ടികയിലെ സംയുക്തങ്ങളും ചെയിൻ ഐസോമെറുകളാണ്.

2. ഫങ്ഷണൽ ഐസോമർ

ഉദാ:

a) $CH_3 - C0 - CH_3$
$CH_3 - C0 - CH_3$
} ($C_3H_6O$)

b) $CH_3 - CH_2 - CH_2 - OH$
$CH_3 - CH - CH_3$
|
$CH_3$
} ($C_3H_8O$)

3. പൊസിഷൻ ഐസോമർ



യൂണിറ്റ് (7)

# ഓർഗാനിക് സംയുക്തങ്ങളുടെ രാസപ്രവർത്തനം

1. ആദേശ രാസപ്രവർത്തനങ്ങൾ

ഒരു സംയുക്തത്തിലെ ഒരു ആറ്റത്തെ മാറ്റി അതിന്റെ സ്ഥാനത്ത് മറ്റൊരു മൂലക ആറ്റമോ ഗ്രൂപ്പോ വന്നു ചേരുന്ന രാസപ്രവർത്തത്തെ ആദേശ രാസപ്രവർത്തനം എന്ന് പറയുന്നു.



മീതെയ്ൻ ക്ലോറോമീഥെയ്ൻ



ഡൈക്ലോറോ മീതെയ്ൻ



ട്രൈ ക്ലോറോ മീതെയ്ൻ



ടെട്രാ ക്ലോറോ മീതെയ്ൻ

2. അഡീഷൻ രാസപ്രവർത്തനങ്ങൾ

ദ്വിബന്ധനം/ത്രിബന്ധനം ഉള്ള ഓർഗാനിക് സംയുക്തങ്ങൾ മറ്റു ചില തന്മാത്രകളുടമായി ചേർന്ന് ഏക ബന്ധമുള്ളതായി മാറുന്ന പ്രവർത്തനം.



ഉദാ:




ഉദാ:

$CH = CH + H_2 \longrightarrow CH_2 = CH_2$

ഈതൈൻ ഈതിൻ

$CH_2 = CH_2 + H_2 \longrightarrow CH_3 = CH_3$

ഈതിൻ ഈതെയ്ൻ

**3. പോളിമറൈസേഷൻ**

ലഘുവായ അനേകം തന്മാത്രകൾ (മോണാമറുകൾ) ചേർന്ന് സങ്കീർണമായ തന്മാത്രകൾ (പോളിമറുകൾ) ഉണ്ടാകുന്ന പ്രവർത്തനം.

ഉദാ:1



വിനൈൽ ക്ലോറൈഡ് പോളിവിനൈൽ ക്ലോറൈഡ്

ഉദാ:2



ടെട്രാഫ്ളൂറോ ഈതീൻ ടെഫ്ളോൺ

**4. ജ്വലനം**

ഹൈഡ്രോ കാർബണുകൾ കത്തുമ്പോൾ വായുവിലെ ഓക്സിജനുമായി പ്രവർത്തിച്ച് $CO_2$, $H_2O$ എന്നിവയോടൊപ്പം താപവും പ്രാകാശവും ഉണ്ടാകുന്നു.

$$CH_4 + 2O_2 \longrightarrow CO_2 + 2H_2O + \text{താപം}$$

**5. താപീയവിഘടനം**

തന്മാത്രാഭാരം കൂടുതലുള്ളഹൈഡ്രോ കാർബണുകൾ വായുവിന്റെ അസാന്നിധ്യത്തിൽ ചൂടാക്കുമ്പോൾ വിഘടിച്ച് തന്മാത്രാഭാരം കുറഞ്ഞ ഹൈഡ്രോകാർബണുമായി മാറുന്ന പ്രവർത്തനം.

$CH_3 - CH_2 - CH_3$     $CH_2 = CH_2 + CH_4$

പ്രൊപൈയ്ൻ     ഈതീൻ മീതെയ്ൻ

## ചില പ്രധാന ഓർഗാനിക് സംയുക്തങ്ങൾ

**1. ആൽക്കഹോളുകൾ**

-OCഫങ്ഷണൽ ഗ്രൂപ്പുള്ള കാർബണീക സംയുക്തങ്ങൾ. ഇതിൽ മെതനോളിനെ വുഡ് സ്പിരിറ്റ് എന്നും എതനോളിനെ ഗ്രേയ്പ് സ്പിരിറ്റ് എന്നും പറയുന്നു.

***മെതനോൾ*** - ഉപയോഗങ്ങൾ

- പെയിന്റ് നിർമാണത്തിൽ ലായകമായി
- വാർണിഷ്, ഫോർമാലിൻ മുതലായവയുടെ നിർമാണത്തിൽ അഭികാരകമായി

***എതനോൾ***- ഉപയോഗങ്ങൾ




***എഥനോൾ*** - നിർമാണം

പഞ്ചസാരയെ ഫെർമന്റേഷൻ നടത്തിയാണ് എഥനോൾ നിർമ്മിക്കുന്നത്.

8–10% ഗാഢതയുള്ള ഏതനോൾ - വാഷ്

വാഷ് അംശീകസ്വേദനം നടത്തുമ്പോൾ 95.6% വീര്യമുള്ള എതനോൾ }

എതനോളിൽ വിഷപധാർത്ഥം ചേർക്കുമ്പോൾ }

99.5% എതനോൾ - അബ്സല്യൂട്ട് ആൽക്കഹോൾ

അബ്സല്യൂട്ട് ആൽക്കഹോളും പെട്രോളും ചേർന്ന മിശ്രിതം }

**2. കാർബോസിലിക് ആസിഡുകൾ**

-COOH ഫങ്ഷണൽ ഗ്രൂപ്പ് അടങ്ങയ സംയുക്തങ്ങൾ

പന്ത്രണ്ടോ അതിൽ കൂടുതലോ കാർബൺ ആറ്റങ്ങൾ അടങ്ങിയ ഓർഗാനിക് ആസിഡുകൾ - ഫാറ്റി ആസിഡുകൾ .

പഴങ്ങൾ ഫെർമന്റേഷന് വിധേയമാകുമ്പോൾ ലഭിക്കുന്നതാണ് അസറ്റിക് ആസിഡ് - വിനാഗിരി.

**3. എസ്റ്ററുകൾ**

ആൽക്കഹോളും ഓർഗാനിക് ആസിഡുകളും പ്രവർത്തിച്ച് എസ്റ്റർ ഉണ്ടാകുന്നു. ഇവക്ക പഴങ്ങളുടെയും പൂക്കളുടെയും ഗന്ധം ഉണ്ടായിരിക്കും.



**4. ആരോമാറ്റിക് സംയുക്തങ്ങൾ**

ഉദാ : ബെൻസിൻ ($C_6H_6$)

? A,B,C എന്നീ കോളങ്ങളിൽ നിന്നും അനുയോജ്യമായവ കണ്ടെത്തി ചേർത്തെഴുതുക.

| അഭികാരം (A) | ഉൽപന്നം (B) | രാസപ്രവർത്തനം (C) |
|---|---|---|
| $CH_3 - CH_3 + Cl_2$ | $CO_2 + H_2O$ | അഡീഷൻ രാസപ്രവർത്തനം |
| $C_2H_6 + O_2$ | $CH_2 = CH_2$ | താപീയ വിഘടനം |
| $nCH_2 = CH_2$ | $CH_2 = CH_2 + CH_4$ | ആദേശ രാസപ്രവർത്തനം |
| $CH_3 - CH_2 - CH_3$ | $CH_3 - CH_2Cl - CHl$ | പോളിമറൈസേഷൻ |
| $CH = CH + H_2$ | $-[CH_2 - CH_2]-_n$ | ജ്വലനം |

യൂണിറ്റ് (8)

# രസതന്ത്രം മാനവ പുരോഗതിക്ക്

**പെട്രോളിയം**

- സമുദ്ര ജീവികളുടെ അവശിഷ്ടങ്ങൾ അനേക വർഷങ്ങളിലെ രാസപരിണാമത്തിന് വിധേയമാകുന്നതിന്റെ ഫലമായി ഉണ്ടാകുന്ന വിവിധ ഹൈഡ്രോ കാർബണുകളുടെ മിശ്രിതമാണ് പെട്രോളിയം
- പെട്രോളിയത്തെ അംശിത സ്വേദനം ചെയ്യുമ്പോൾ ലഭിക്കുന്ന ചില ഘടകങ്ങളും അവയുടെ ഏതാനും ഉപയോഗങ്ങളും താഴെ തന്നിരിക്കുന്നു.

| ഘടകങ്ങൾ | ഹൈഡ്രോ കാർബണുകളിൽ അടങ്ങിയിട്ടുള്ള ആറ്റങ്ങളുടെ എണ്ണം | ഉപയോഗം |
|---|---|---|
| സാന്ദ്രീകരിക്കപ്പെടാത്ത വാതകങ്ങൾ | $C_1 - C_4$ | ഗാർഹിക/വ്യാവസായിക ഇന്ധനം |
| പെട്രോൾ | $C_5 - C_9$ | മോട്ടോർ ഇന്ധനം |
| മണ്ണെണ്ണ | $C_{10} - C_{16}$ | ഗാർഹിക ഇന്ധനം |
| ഡീസൽ | $C_{16} - C_{18}$ | ഡീസൽ, എഞ്ചിൻ ഇന്ധനം |
| പെട്രോളിയം ജെല്ലി (വാസലിൻ),ഗ്രീസ് | $C_{16} - C_{22}$ | സ്നേഹകം, സൗന്ദര്യ വസ്തുക്കളുടെ നിർമ്മാണം |
| പാരഫിൻ വാക്സ് | $C_{22} - C_{30}$ | മെഴുക്, ബൂട്ട് പോളിഷ് വാക്സ്, പേപ്പർ, ടാർപ്പോളിൻ ഷീറ്റ് നിർമ്മാണം |
| ബിറ്റുമിൻ | $C_{30}$ൽ കൂടുതൽ | റോഡ് ടാറിങ്ങ് |

**LPG (ലിക്യുഫൈഡ് പെട്രോളിയം ഗ്യാസ്)**

- പാചകത്തിന് വ്യാപകമായി ഉപയോഗിക്കുന്ന ഒരു ഇന്ധനമായ LPG യിൽ പ്രധാന ഘടകം ബ്യൂട്ടെയ്ൻ ആണ്.
  പെട്രോളിയത്തിൽ നിന്ന് ലഭിക്കുന്ന സാന്ദ്രീകരിക്കപ്പെടാത്ത വാതകങ്ങളിൽ ബ്യൂട്ടെയ്നിനെ വേർതിരിച്ച് LPG ആക്കി മാറ്റാവുന്നതാണ്.

**പെട്രോ കെമിക്കലുകൾ**

- പെട്രോളിയത്തിൽ നിന്ന് വേർതിരിച്ചെടുക്കുന്ന ഹൈഡ്രോകാർബണുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന രാസവസ്ഥുക്കൾ പൊതുവെ പെട്രോ കെമിക്കലുകൾ എന്നറിയപ്പെടുന്നു.
- ചായങ്ങൾ, പ്ലാസ്റ്റിക്കുകൾ ഓയിൻമെന്റുകൾ, ക്രീമുകൾ തുടങ്ങിയ വസ്ഥുക്കൾ പെട്രോ കെമിക്കലിൽ നിന്ന് നിർമ്മിക്കപ്പെടുന്നു.

**കൽക്കരി**

പെട്രോളിയത്തെ പോലെ തന്നെ ഭൂമിക്കടിയിൽ നിന്ന് ലഭിക്കുന്ന ഫോസിൽ ഇന്ധനമാണ് കൽക്കരി
സസ്യങ്ങളുടെ ജീർണാവശിഷ്ടങ്ങളിൽ നടക്കന്ന കാർബണൈസേഷൻ ഫലമാണ് കൽക്കരി ഉണ്ടാകുന്നത്.

**ഔഷധങ്ങൾ**

ഔഷധങ്ങളുടെ നിർമ്മാണത്തിന് രസതന്ത്രത്തിന്റെ സംഭാവനകൾ അതിപ്രധാനമാണ്.
ഔഷധങ്ങളുടെ വീഭാഗവും അവയുടെ ധർമ്മവും പട്ടിക പ്പെടുത്തുന്നു.

| വിഭാഗം | ധർമ്മം |
|---|---|
| അനാൾജസിക്കുകൾ | വേദന കുറയ്ക്കുന്നതിന് |
| ആന്റിപൈറെറ്റിക്കുകൾ | ശരീര താപനില കുറക്കുന്നതിന് |
| ആന്റാസിഡുകൾ | അസിഡിറ്റി കുറക്കുന്നതിന് |
| ആന്റിസെപ്റ്റിക്കുകൾ | സൂക്ഷ്മാണുക്കളെ നിയന്ത്രിക്കുന്നതിന് |
| ആന്റിബയോട്ടിക്കുകൾ | രോഗകാരികളായ സൂക്ഷ്മാണുക്കളെ നശിപ്പിക്കുന്നതിനും അവയുടെ വളർച്ച തടയുന്നതിനും |

**സിമന്റ്**

- പൊടിച്ച ചുണ്ണാമ്പുകല്ലും കളിമണ്ണും റോട്ടറി ചൂളയിൽ ഇട്ട് ചൂടാക്കിയാൽ ലഭിക്കുന്നതാണ് സിമന്റ് ക്ലിങ്കർ. ഇതിൽ ജിപ്സം ചേർത്ത് പൊടിച്ച് ഇളക്കിയാണ് സിമന്റ് നിർമ്മിക്കുന്നത്.
- രാസപരമായി കാൽസ്യത്തിന്റെയും സിലിക്കേറ്റുകലുടെയും അലുമിനേറ്റുകളുടെയും സങ്കീർണ്ണ മിശ്രിതമാണ് സിമന്റ്.

**നിറങ്ങളുടെ ലോകം**

- പ്രകൃത്യാലുള്ള നിറങ്ങളും കൃത്രിമമായ നിറങ്ങളും ഉണ്ട്.
- വസ്തുക്കൾക്ക് നിറം പകരുന്നതിന് സഹായിക്കുന്ന രാസവസ്തുക്കളാണ് ചായങ്ങളും, വർണ്ണങ്ങളും



- സസ്യങ്ങളിൽ നിന്നുള്ള അലിസാരിൻ, ഇൻഡിഗോ എന്നിവ പ്രകൃതിദത്ത ഡൈകൾ ആണ്.
- ബെൻസിൻ, അനിലിൻ, ഫിനോൾ തുടങ്ങിയ ഓർഗാനിക് സംയുക്തങ്ങൾ ചില സിന്തറ്റിക് ഡൈകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

കാഡ്മിയം സൾഫൈഡ് (Cds) ലെഡ് ക്രോമേറ്റ് (PbCRO) എന്നിവ വർകങ്ങളാണ്.

**ഗ്ലാസ്**

- സിലിക്കേറ്റുകളുടെ മിശ്രിതമാണ് ഗ്ലാസ്.

**വിവിധ തരം ഗ്ലാസ്സുകളും അവയുടെ ഉപയോഗങ്ങളും**

| ഗ്ലാസുകൾ | ഉപയോഗങ്ങൾ |
|---|---|
| സോജാ ലൈം ഗ്ലാസ്/ സോഡാ ഗ്ലാസ് / സോസ്റ്റ് ഗ്ലാസ് | ജനൽപ്പാളികൾ ദർപ്പണങ്ങൾ |
| ഹാർഡ് ഗ്ലാസ് | ലബോറട്ടറി ഉപകരണങ്ങൾ ഫാക്ടറി/അടുക്കള ഉപകരണങ്ങൾ |
| ബോറോ സിലിക്കേറ്റ് ഗ്ലാസ് | പാചക പാത്രങ്ങൾ ലബോറട്ടറി ഉപകരണങ്ങൾ |
| ഫ്ളിൻ ഗ്ലാസ് / ഒപ്റ്റിക്കൽ ഗ്ലാസ്/ലെഡ് ഗ്ലാസ് | ലെൻസുകൾ പ്രിസങ്ങൾ |

സംക്രമണ മൂലകങ്ങളുടെ സംയുക്തങ്ങൾ ഗ്ലാസിന് നൽകുന്ന നിറങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

- ഫെറിക് അയോൺ - മഞ്ഞ
- ക്രോമിയം/ഫെറസ് അയോൺ - പച്ച
- കോബാൾട്ട് ഓക്സൈഡ് - നീല
- മാഗനീസ് ഡൈ ഓക്സൈഡ് - പർപ്പിൾ

**ഹരിതരസതന്ത്രം**

മലിനീകരണം പരമാവതി കുറച്ചും വിഷലിപ്ത രാസവസ്തുക്കലുടെയും ഉൽപന്നങ്ങലുടെയും ഉൽപ്പാദനത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയും പ്രകൃതിക്കും പരിസ്ഥിതിക്കും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരമാവതി കുറക്കുന്ന തരത്തിൽ ഒരു രസതന്ത്രശാഖ തന്നെ വികസിപ്പിച്ചു. അതാണ് ഹരിത രസതന്ത്രം.

**ഹരിത രസതന്ത്രത്തിന്റെ ലക്ഷ്യങ്ങൾ**

- അപകടകരമായ രാസവസ്ഥുക്കളെ ഉപകാരികളോ നിരുപകാരികളോ ആക്കി മാറ്റുക.
- പരിസ്ഥിതി സൗഹൃദമായ ഉൽപന്നങ്ങൾ നിർമ്മിക്കുക.
- മലിനീകരണം കുറക്കുക.
- വിഷമയമായ ഉൽപന്നങ്ങൾ പരമാവതി കുറക്കുക.

# അറിയാനും പ്രതികരിക്കാനും

1. ഒരു നാഡീകോശത്തിന്റെ വിവിധ ഭാഗങ്ങളുടെ ധർമം കാണിക്കുന്ന പട്ടിക

| നാഡീകോശഭാഗം | ധർമ്മം |
|---|---|
| കോശ ശരീരം | ഡെൻഡ്രോണിൽ നിന്നുമെത്തുന്ന ആവേഗങ്ങളെ സ്വീകരിക്കുന്നു. |
| ഡെൻഡ്രൈറ്റ് | ഉദ്ദീപനങ്ങൾ സ്വീകരിക്കുന്നു. |
| ഡെൻഡ്രോൺ | ആവേഗം കോശ ശരീരത്തിൽ എത്തിക്കുന്നു. |
| ആക്സോൺ | ആവേഗം കോശശരീരത്തിൽ നിന്നും പുറത്തേക്ക് വഹിക്കുന്നു. |
| ആക്സോണൈറ്റ് | ആവേഗത്തെ സിനാപ്റ്റിക് നോബുകളിൽ എത്തിക്കുന്നു. |
| സിനാപ്റ്റിക് നോബ് | ആവേഗമെത്തുമ്പോൾ നാഡീയപ്രേഷകം സ്രവിക്കുന്ന |

2. മയലിൻഷീത്ത് ധർമ്മങ്ങൾ

A) a) ആവേഗങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നു.
b) ഇൻസുലേറ്ററായി പ്രവർത്തിക്കുന്നു.
c) പോഷകങ്ങളും ഓക്സിജനും നൽകുന്നു.
d) ക്ഷതങ്ങളിൽ നിന്നും സംരക്ഷിക്കുന്നു.

3. ആവേഗങ്ങൾ നാഡീകോശങ്ങളിലൂടെ പ്രസരിക്കുന്നതെങ്ങനെ

A) ആവേഗം → സെൻഡ്രൈറ്റ് → സെൻഡ്രോൺ → കോശശരീരം ആക്സോൺ→ആക്സോണൈറ്റ്→സിനാപ്റ്റിക് നോബ്→സിനാപ്റ്റിക് വിടവ് → തൊട്ടടുത്ത ന്യൂറോണിന്റെ ഡെൻഡ്രൈറ്റ്.

4. സെറിബ്രോസ് പൈനൽ ദ്രവത്തിന്റെ ധർമ്മങ്ങൾ ഏതെല്ലാം

- നാഡീകലകൾക്ക് ഓക്സിജനും പോഷണവും നൽകുക
- തലച്ചോറിനുള്ളിലെ മർദ്ദം ക്രമീകരിക്കുക
- ആഘാതങ്ങളിൽ നിന്ന് സംരക്ഷിക്കുക.



5. മനുഷ്യ മസ്തിഷ്ക ഭാഗങ്ങളുടെ സവിശേഷത, ധർമം എന്നിവ കാണിക്കുന്ന പട്ടിക.

| മസ്തിഷ്കഭാഗം | സവിശേഷത | ധർമം |
|---|---|---|
| സെറിബ്രം | ഏറ്റവും വലിയ ഭാഗം പുറത്ത് ഗ്രേമാറ്ററും അകത്ത് വൈറ്റ് മാറ്ററും | ചിന്ത, ബുദ്ധി, ഓർമ, ഭാവന എന്നിവയുടെ കേന്ദ്രം ഇന്ദ്രിയാനുഭവം ഉണ്ടാകുന്നു. |
| സെറിബല്ലം | രണ്ടാമത്തെ വലിയ ഭാഗം, രണ്ട് ദളങ്ങളായി കാണുന്നു. ചാലുകളും ചുളിവുകളും ഉണ്ട്. | പേശീപ്രവർത്തനങ്ങൾ ഏകോപിച്ച് ശരീരതുലനം പാലിക്കാൻ സഹായിക്കുന്നു. |
| മെഡുല ഒബ്ലാംഗേറ്റ | കീഴ്ഭാഗത്തായി ദണ്ഡാകൃതിയിൽ കാണുന്നു. | ഹൃദയസ്പന്ദനം, ശ്വസനം എന്നീ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. |
| തലാമസ് | സെറിബ്രത്തിന് താഴെ കാണുന്നു. | സെരിബ്രത്തിനുള്ളിലേക്കും പുറത്തേക്കുമുള്ള ആവേഗങ്ങളുടെ പുനഃപ്രസരണം |
| ഹൈപോതലാമസ് | തലാമസിന് തൊട്ടുതാഴെ കാണുന്നു. | ആന്തര സമസ്ഥിതിപാലനം |

6. എന്താണ് റിഫ്ളക്സ് പ്രവർത്തനം ?

A) ഉദ്ദീപനങ്ങൾക്കനുസരിച്ച് അനൈഛികമായും ആകസ്മികമായും ഉണ്ടാകുന്ന പ്രവർത്തനങ്ങളാണിവ

7. റിഫ്ളക്സ് ആർക്കിന്റെ പ്രധാന ഭാഗങ്ങൾ ഏതെല്ലാം?

A) റിഫ്ളക്സ് പ്രവർത്തനത്തിൽ ആവേഗങ്ങളുടെ സഞ്ചാരപാതയായ റിഫ്ളക്സ് ആർക്കിന്റെ പ്രധാന ഭാഗങ്ങളാണ്.

a) ഉദ്ദീപനം സ്വീകരിക്കുന്ന ഗ്രാഹികൾ

b) സംവേദന്യൂറോൺ b)ഇന്റർ ന്യൂറോൺ c)പ്രേരകന്യൂറോൺ ബന്ധപ്പെട്ട പേശി

## സിനാപ്സ്

2 നാഡീകോശങ്ങൾ തമ്മിലോ നാഡീകോശവും പേശീകോശവും തമ്മിലോ നാഡീകോശവും ഗ്രന്ഥികോശവും തമ്മിലോ ബന്ധപ്പെടുന്ന ഭാഗം

| സിംപതറ്റിക് | പാരാസിംപതറ്റിക് |
|---|---|
| പ്യൂപ്പിൾ വികസിക്കുന്നു. | പ്യൂപ്പിൾ ചുരുങ്ങുന്നു. |
| ഉമിനീർ ഉൽപാതനം കുറയുന്നു. | ഉമിനീർ ഉൽപാദനം കൂടുന്നു. |
| ശ്വാസനാളം വികസിക്കുന്നു. | ശ്വാസനാളം സങ്കോചിക്കുന്നു. |
| ഹൃദയമിടിപ്പ് കൂടുന്നു. | ഹൃദയമിടിപ്പ് സാധാരണ നിലയിലാകുന്നു. |

**സുഷുമ്ന**

സംവേദനാഡി - ഡോർസൽ മുട്ട്
പ്രേരകനാഡി - വെൻട്രൽ മുട്ട്
സെറിബ്രോസ്പൈറൽ ദ്രവം കാണുന്ന ഭാഗം - സെൻട്രൽ കനാൽ

**സുഷുമ്ന - ധർമ്മം**

1. ശരീരത്തിൽ നിന്നുള്ള ആവേഗങ്ങളെ മസ്തിഷ്കത്തിലേക്ക് സംവഹനം ചെയ്യുന്നു
2. നടത്തം, ഓട്ടം, തുടങ്ങിയ പ്രവർത്തനങ്ങളിലെ ദ്രുതഗതിയിലുള്ള ആവർത്തന ചലനം ഏകോപിപ്പിക്കുന്നു.

| തകരാറ് | കാരണം | ലക്ഷണം |
|---|---|---|
| അൽഷിമേഴ്സ് | ന്യൂറോണുകളുടെ തുടർച്ചയായ നാശം | അസാധാരണമായ ഓർമ്മക്കുറവ് |
| പാർക്കിൻസൺ | തലച്ചോറിലെ ഗാംഗ്ലിയോണുകളുടെ നാശം മൂലം ഡോപമിൻ കുറയുന്നു. | ശരീരതുലനനില നഷ്ടമാവുന്നു. വിറയൽ, ഉമിനീർ ഒഴുകിക്കൊണ്ടിരിക്കൽ |
| അപസ്മാരം | മസ്തിഷ്കത്തിൽ ഉണ്ടാവുന്ന ക്രമരഹിത വൈദ്യുതി പ്രവാഹം | സന്നി, വായിൽ നിന്നും നുരയും പതയും വരിക, പല്ല് കടിച്ച് പിടിക്കൽ, അബോധാവസ്ഥ |

പാഠം (2)

# അറിവിന്റെ വാതായനങ്ങൾ

1. കണ്ണിലെ പ്രധാന ഭാഗങ്ങൾ, ധർമങ്ങൾ എന്നിവ വ്യക്തമായി പട്ടിക തെയ്യാറാക്കുക.

| ഭാഗം | ധർമം |
|---|---|
| ദൃഢപടലം | കണ്ണിന് ദൃഢത നൽകുന്ന പാളി |
| ര്ക്തപടലം | കണ്ണിലെ കലകൾക്ക് ഓക്സിജൻ, പോഷണം എന്നിവ നൽകുന്നു. |
| റെറ്റിന | പ്രതിബിംബം രൂപപ്പെടുന്ന ആന്തരപാളി |
| കൺജംഗ്റ്റൈവ | കോർണിയ ഒഴികെയുള്ള ഭാഗത്തെ ആവരണം ചെയ്ത് സംരക്ഷിക്കുന്നു. |
| കോർണിയ | ദൃഢപടലത്തിന്റെ സുതാര്യമായ മുൻഭാഗം |
| ഐറിസ് | കോർണിയയുടെ പിൻഭാഗത്തായി കാണുന്ന രക്തപടലത്തിന്റെ ഭാഗം |



| ഭാഗം | ധർമം |
|---|---|
| പ്യൂപ്പിൾ | പ്രകാശ രശ്മികളുടെ കണ്ണിലേക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നു. ഐറിസിന്റെ മധ്യ ഭാഗത്തുള്ള സുഷിരം |
| ലെൻസ് | പ്രകാശ രശ്മികളെ റെറ്റിനയിലേക്ക് ഫോക്കസ് ചെയ്യുന്നു. |
| സിലിയറി പേശികൾ | ലെൻസിന്റെ വക്രത ക്രമീകരിക്കാൻ സഹായിക്കുന്നു. |
| നേത്രനാഡി | ആവേഗങ്ങൾ മസ്തിഷ്കത്തിലെ കാഴ്ചയുടെ കേന്ദ്രത്തിലേക്ക് എത്തിക്കുന്നു. |
| അക്വസ് ദ്രവം | കോർണിയ, ലെൻസ് എന്നീ ഭാഗങ്ങൾക്ക് പോഷണം നൽകുന്നു. |
| വിട്രിയസ് ദ്രവം | കണ്ണിന്റെ ആകൃതി നിലനിർത്താൻ സഹായിക്കുന്നു. |

2. അടുത്തും അകലെയുമുള്ള വസ്തുക്കളെ നോക്കുമ്പോൾ കണ്ണിലുണ്ടാകുന്ന മാറ്റങ്ങൾ പട്ടികപ്പെടുത്തുക.

| അടുത്തുള്ള വസ്തുക്കളെ നോക്കുമ്പോൾ | അകലെയുള്ള വസ്തുക്കളെ നോക്കുമ്പോൾ |
|---|---|
| സിലിയറി പേശികൾ സങ്കോചിക്കുന്നു. | സിലിയറി പേശികൾ വിശ്രമാവസ്ഥയിലാവുന്നു. |
| സ്നായുക്കൾ അയയുന്നു. | സ്നായുക്കൾ വലിയുന്നു. |
| ലെൻസിന്റെ വക്രത കൂടുന്നു. | ലെൻസിന്റെ വക്രത കുറയുന്നു. |
| ഫോക്കൽ ദൂരം കുറയുന്നു. | ഫോക്കൽ ദൂരം കൂടുന്നു. |

3. എന്താണ് സമഞ്ജനക്ഷമത?

A) കണ്ണിൽ നിന്നും വസ്തുവിലേക്കുള്ള അകലത്തിനനുസരിച്ച് ലെൻസിന്റെ വക്രതയിൽ മാറ്റം വരുത്തിക്കൊണ്ട് ഫോക്കൽ ദൂരം ക്രമീകരിക്കാനുള്ള കണ്ണിന്റെ കഴിവിനെ സമഞ്ജനക്ഷമത എന്ന് പറയുന്നു.

4. കണ്ണിലുണ്ടാവുന്ന പ്രതിബിംബത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

- ചെറുത്
- തലകീഴായത്
- യഥാർത്ഥം

5. നാം ഒരു വസ്തുവിനെ കാണുമ്പോൾ ഉണ്ടാവുന്ന പ്രക്രിയകൾ ഫ്ളോചാർട്ട് രൂപത്തിൽ ചിത്രീകരിക്കുക?

A) പ്രാകശം → കോർണിയ → അക്വസ്അറ → പ്യൂപ്പിൾ → ലെൻസ് → വിട്രിയസ് അറ → റെറ്റിന → ആവേഗം → നേത്രനാഡി → സെറിബ്രം → കാഴ്ച എന്ന അനുഭവം

6. കണ്ണിലെ പ്രകാശഗ്രാഹികൾ ഏതെല്ലാം? അവയിലെ വർണ വസ്തുക്കൾ എന്തെല്ലാം?

A) കണ്ണിലെ പ്രകാശ ഗ്രാഹികളാണ് റോഡ്കോശം, കോൺകോശം എന്നിവ റോഡ് കോശത്തിലെ വർണവസ്തു റൊഡോപ്സിനും, കോൺകോശത്തിലെ വർണവസ്തു ഫോട്ടോപ്സിനുമാണ്.

7. കോൺ കോശങ്ങൾ, റോഡ് കോശങ്ങൾ എന്നിവയുടെ ധർമങ്ങൾ ഏതെല്ലാം?

A) കോൺകോശങ്ങൾ തീവ്ര പ്രകാശത്തിൽ കാണാനും, നിറങ്ങൾ കാണാനും സഹായിക്കുമ്പോൾ റോഡ് കോശങ്ങൾ മങ്ങിയ പ്രകാശത്തിലുള്ള കാഴ്ചക്ക സഹായിക്കുന്നു.

8. നിശാന്ധത, വർണാന്ധത, സിറോഫ്താൽമിയ ഈ അവസ്ഥകൾ എന്ത്?

A) **<u>നിശാന്ധത</u>**

വിറ്റാമിൻ A യുടെ കുറവുമൂലം റെറ്റിനാലിന്റെ അളവ് കുറഞ്ഞ് റൊഡോപ്സിൻ അളവ് കുറഞ്ഞ് പുനർനിർമ്മിതി തടസ്സപ്പെടുന്ന അവസ്ഥയാണിത്. മങ്ങിയ വെളിച്ചത്തിൽ വ്യക്തമായ കാഴ്ച ഉണ്ടാവില്ല.

**<u>വർണാന്ധത</u>**

ചുവപ്പ്, പച്ച എന്നീ നിറങ്ങൾ കാണാൻ സഹായിക്കുന്ന കോൺകോശങ്ങൾക്ക് തകരാറാവുന്നത് ഈ നിറങ്ങൾ വേർത്തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ

**<u>സിറോഫ്താൽമിയ</u>**

വിറ്റാമിൻ A യുടെ കുറവു മൂലം നേത്രാവരണം, കോർണിയ എന്നിവ വരണ്ട് കോർണിയ അതാര്യമാവുന്ന അവസ്ഥയാണിത്.

9. എന്താണ് ഗ്ലോക്കോമ?

A) അക്വസ്ദ്രവത്തിന്റെ പുനരാഗിരണം തടസ്സപ്പെട്ട് കണ്ണിനകത്ത് അതിമർദ്ദം അനുഭവപ്പെടുന്ന നേത്രവൈകല്യമാണിത്. ഈ അവസ്ഥ ലേസർ ശസ്ത്രക്രിയയിലൂടെ പരിഹരിക്കാവുന്നതാണ്.

10. കേൾവിയുമായി ബന്ധപ്പെട്ട് ശബ്ദ തരംഗങ്ങൾ സഞ്ചരിക്കുന്ന പാതയുടെ ഫ്ളോചാർട്ട് ചിത്രീകരിക്കുക?

ചെവിക്കുട → കർണനാളം → കർണപടം → അസ്ഥിശൃംഖലകൾ
ഓവൽവിൻഡോ → കോക്ലിയ → രോമകോശങ്ങൾ → ആവേഗം →
ശ്രവണനാഡി → സെറിബ്രം → കേൾവി എന്ന അനുഭവം

11. രുചിയറിയുന്നതിന്റെ ഫ്ളോചാർട്ട് ചിത്രീകരിക്കുക.

പദാർത്ഥകണികകൾ ഉമിനീരിൽ ലയിക്കുന്നു. → സ്വാദ് മുകുളങ്ങളിലെ സ്വാദ് ഗ്രാഹികളുടെ ഉദ്ദീപനം

ആവേഗം → നാഡി → സെറിബ്രം → രുചി എന്ന അനുഭവം



12. നാവിൽ വ്യത്യസ്ത മുകുളങ്ങളുടെ സ്ഥാനം ചിത്രസഹായത്തോടെ വ്യക്തമാക്കുക.




13. മുറിയിൽ കത്തിച്ചുവെച്ച ചന്ദനത്തിരിയുടെ ഗന്ധം ആസ്വദിക്കുവാൻ രാമുവിന് കഴിഞ്ഞത് ഏതേതു പ്രവർത്തനങ്ങളുടെ സഹായത്താലാണ് ഫ്ളോചാർട്ട് രൂപത്തിൽ ഇത് ചിത്രീകരിക്കുക?

A) ഗന്ധകണികകൾ മൂക്കിനുള്ളിൽ പ്രവേശിക്കുന്നു.
↓
ശ്ലേഷ്മ ദ്രവത്തിൽ ലയിക്കുന്നു.
↓
ഗന്ധഗ്രാഹികളുടെ ഉദ്ദീപനം
↓
ആവേഗം
↓
ഗന്ധനാഡി
↓
സെറിബ്രം
↓
ഗന്ധം എന്ന അനുഭവം

14. ഏറ്റവും വലിയ ജ്ഞാനേന്ദ്രിയമാണ് ത്വക്ക്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

A) ഉണ്ട്. കാരണം ത്വക്കിന് ചൂട്, തണുപ്പ്, മർദം, സ്പർശം, വേദന എന്നിങ്ങനെ അഞ്ചു തരത്തിലുള്ള സംവേദങ്ങൾ തിരച്ചറിയാനുള്ള കഴിവുണ്ട്.

15. വിവിധ ജീവികളിലെ ഗ്രാഹികൾ പട്ടികപ്പെടുത്തുക.

| ജീവി | ഉദ്ദീപനം | ഗ്രാഹി |
|---|---|---|
| പ്ലനേറിയ | പ്രകാശം | ഐസ്പോട്ട് |
| ഈച്ച | പ്രകാശം | ഒമറ്റീഡിയം |
| സ്രാവ് | തുലനനിലയിൽ വരുന്ന മാറ്റം | പാർശ്വവര |
| പാമ്പ് | ഗന്ധം | ജേക്കബ്സൺസ് ഓർഗൺ |

പാഠം (3)

# സമസ്ഥിതിക്കായുള്ള രാസസന്ദേശങ്ങൾ

1. **<u>എന്താണ് ഹോർമോണുകൾ</u>**

A) ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നവയും കോശങ്ങൾ തമ്മിലുള്ള സന്ദേശ വിനിമയത്തിൽ പ്രധാന പങ്കുവഹിക്കുന്നതുമായ അന്തസ്രാവി ഗ്രന്ഥികളുടെ സ്രവങ്ങളാണ് ഹോർമോണുകൾ.

2. എങ്ങനെയാണ് ഓരോ ഹോർമോണും ലക്ഷ്യ കലകളെ തിരിച്ചറിയുന്നത്.

A) ഓരോ ഹോർമോണിനെയും സ്വീകരിക്കുന്നതിന് പ്രത്യേകം ഗ്രാഹികളുണ്ട്. നിശ്ചിത ഗ്രാഹികൾ ഉള്ള കോശങ്ങളിൽ മാത്രമേ അതത് ഹോർമോണുകൾ സ്വീകരിക്കപ്പെടുകയുള്ളൂ. ഓരോ ഹോർമോൺ തന്മാത്രയും ഗ്രാഹിയുമായി ബന്ധിച്ച് ഹോർമോൺ ഗ്രാഹി സംയുക്തം രൂപപ്പെടുന്നു.

3. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് ക്രമീകരിക്കുന്നവിധം ചിത്രീകരിക്കുക.






4. പ്രമേഹം എന്നാലെന്ത് ഇതിന്റെ കാരണവും ലക്ഷണവും എഴുതുക.

- പ്രഭാതഭക്ഷണം കഴിക്കുന്നതിന് മുൻപുള്ള രക്തപരിശോധനയിൽ 126mg/100ml എന്ന തോതിനുമുകളിൽ രക്തത്തിൽ ഗ്ലൂക്കോസ് ഉള്ള അവസ്ഥയാണ് പ്രമേഹം.
- ഇൻസുലിൻ ഉൽപാദനത്തിലെ കുറവോ പ്രവർത്തനത്തിലെ തകരാറുകളോ ആണ് ഇതിന് കാരണം.
- വർധിച്ച വിശപ്പും ദാഹവും കൂടെക്കൂടെയുള്ള മൂത്രമൊഴിക്കലുമാണ് പ്രമേഹത്തിന്റെ മുഖ്യ ലക്ഷണങ്ങൾ.

5. തൈറോയ്ഡ്ഗ്രന്ഥിഉൽപാദിപ്പിക്കുന്നഹോർമോണുകൾഏവ

- തൈറോക്സിൻ, കാൽസിടോണിൻ

6. അയഡിനും തൈറോയ്ഡ് ഗ്രന്ഥിയും തമ്മിലുള്ള ബന്ധമെന്ത്

- തൈറോയ്ഡ് ഗ്രന്ഥിയുടെ ഹോർമോണായ തൈറോക്സിന്റെ ഉൽപാദനത്തിന് അയഡിൻ അത്യാവശ്യമാണ്. അയഡിന്റെ അഭാവത്തിൽ തൈറോക്സിന്റെ ഉൽപാദനം തടസ്സപ്പെടുന്നു.

7. ഗോയിറ്റർ എന്നാലെന്ത്?
- അയഡിന്റെ അഭാവം മൂലം കൂടുതൽ തൈറോക്സിൻ ഉൽപാദിപ്പിക്കാനുള്ള ശ്രമമെന്ന നിലയിൽ തൈറോയ്ഡ് ഗ്രന്ഥി അമിതമായി വളരുന്ന അവസ്ഥയാണ് ഗോയിറ്റർ.

8. രക്തത്തിലെ കാൽസ്യത്തിന്റെ അളവ് ക്രമീകരിക്കുന്ന വിധം ചിത്രീകരിക്കുക.




9. അഡ്രിനൽ ഗ്രന്ഥിയുടെ കോർട്ടക്സും മെഡുല്ലയും ഉൽപാദിപ്പിക്കുന്ന ഹോർമോണുകൾ ഏതെല്ലാം?

അഡ്രിനൽ കോർടക്സ് ⟶ കോർട്ടിസോൾ, അൽഡോസ്റ്റീറോൺ
ലൈംഗിക ഹോർമോണുകൾ

അഡ്രിനൽ മെഡുല്ല ⟶ എപിനെഫ്രിൻ
നോർ എപിനെഫ്രിൻ

10. പിറ്റ്യൂറ്ററി ഗ്രന്ഥിയുടെ മുൻദളം ഉൽപാദിപ്പിക്കുന്ന ഹോർമോണുകൾ ഏവ?
- തൈറോയ്ഡ് സ്റ്റിമുലേറ്റിംഗ് ഹോർമോൺ (TSH)
- അഡ്രിനോ കോർട്ടിക്കോ ട്രോപിക് ഹോർമോൺ (ACTH)
- ഗൊണാഡോ ട്രോപിക് ഹോർമോൺ(GTH)
- വളർച്ചാ ഹോർമോൺ (സൊമാറ്റോ ട്രോപ്പിക് ഹോർമോൺ)
- പ്രോലാക്ടിൻ



11. വളർച്ചാഹോർമോണിന്റെ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന രോഗങ്ങൾ ഏവ?
- ഭീമാകാരത്വം
- വാമനത്വം
- അക്രോമെഗാലി

12. പിറ്റ്യൂറ്ററി ഗ്രന്ഥിയുടെ പിൻദളത്തിൽ നിന്ന് സ്രവിക്കപ്പെടുന്ന ഹോർമോണുകൾ ഏവ?
- ഓക്സിടോസിൻ
- വാസോപ്രസിൻ

13. രക്തത്തിലെ ജലത്തിന്റെ അളവ് ക്രമീകരിക്കപ്പെടുന്ന ഹോർമോൺ ഏത്?
- വാസോപ്രസിൻ

14. ഡയബറ്റിസ് ഇൻസിപ്പിഡസ് എന്നാലെന്ത്?
- വാസോപ്രസിന്റെ ഉല്പാദനം കുറയുന്നതിന്റെ ഫലമായി വൃക്കയിൽ ജലത്തിന്റെ പുനരാഗിരണതോത് കുറയുകയും കൂടിയ അളവിൽ മൂത്രം പുറന്തള്ളപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് ഡയബറ്റിസ് ഇൻസിപ്പിഡസ്.

15. ലൈംഗിക ഹോർമോണുകൾ ഏതെല്ലാം?
- പുരുഷ ലൈഗിക ഹോർമോൺ ⟶ ടെസ്റ്റോസ്റ്റീറോൺ
- സ്ത്രീ ലൈംഗിക ഹോർമോണുകൾ ⟶ ഈസ്ട്രോജൻ
പ്രൊജസ്റ്ററോൺ

16. ഫിറമോണുകൾ എന്നാലെന്ത്?
- ജീവികൾക്കിടയിൽ ആശയവിനിമയം സാധ്യമാക്കാൻ കുറഞ്ഞ അളവിൽ ശരീരത്തിൽനിന്ന് ചുറ്റുപാടുകളിലേക്ക് സ്രവിക്കുന്ന രാസവസ്തുക്കളാണ് ഫിറമോണുകൾ
ഉദാ:കസ്തൂരി, സിവറ്റോൺ, ബോംബികോൾ

17. സസ്യഹോർമോണുകൾ ഏതെല്ലാം?
- ഓക്സിനുകൾ -അഗ്രമുകുളത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നു.
- സൈറ്റോകിനിൻ -കോശ വിഭജനവും കോശവൈവിധ്യവൽക്കരണവും
- ജിബ്ബർലിനുകൾ -സംഭൃതാഹാരത്തെ വിഘടിപ്പിച്ച വിത്ത് മുളക്കാൻ സഹായിക്കുന്നു.
- അബ്സെസിക് ആസിഡ് -പഴുക്കാൻ സഹായിക്കുന്നു.
- എഥലിൻ -ഇലകൾ, കാഴ്കൾ എന്നിവ പൊഴിയാൻ സഹായിക്കുന്ന കൃതിമ സസ്യ ഹോർമോണുകൾ

**<u>കൃതിമ ഹോർമോണുകളുടെ ഉപയോഗങ്ങൾ</u>**

1) വേരു മുളപ്പിക്കൽ ഫലങ്ങൾ അകാലത്തിൽ
2) ജിബ്ബറിലിൻ – മുന്തിരി, ആപ്പിൾ മുതലായ ഫലങ്ങളുടെ വലുപ്പം വർദ്ധിപ്പിക്കുന്നു.
3) അബ്സെസിക് ആസിഡ് – ഫലങ്ങൾ പൊഴിയുന്നതിന്
4) എഥിലിൻ – പഴങ്ങൾ പഴുക്കാൻ സഹായിക്കുന്നു.
5) എഥിഫോൺ – റബ്ബറിന്റെ പാൽ ഉൽപാതനം വർദ്ധിപ്പിക്കുന്നു.

പാഠം (4)

# അകറ്റിനിർത്താം രോഗങ്ങളെ

1. വൈറസുകളുടെ പ്രത്യേകതകൾ എന്തെല്ലാം?
- പ്രോട്ടീൻ ആവരണത്തിനുള്ളിൽ DNA അല്ലെങ്കിൽ RNA തൻമാത്രകളെ ഉൾകൊള്ളുന്ന ലഘുഘടന. കോശാംഗങ്ങൾ ഇല്ല. അതിനാൽ ആതിഥേയ കോശങ്ങളുടെ ജനിതക സംവിധാനം ഉപയോഗപ്പെടുത്തി വൈറസ് പെരുകുന്നു.
2. മനുഷ്യ ശരീരത്തിൽ വൈറസുകൾ പ്രവേശിക്കുന്ന രീതിയും അവ ഉണ്ടാക്കുന്ന ചില രോഗങ്ങളും എഴുതുക?

ശരീര ദ്രവങ്ങളിലൂടെ - എയ്ഡ്സ്, എബോള
വായുവിലൂടെ - ചികൻപോക്സ്,സാർസ്
കൊതുകിലൂടെ - ചിക്കുൻഗുനിയ, ഡെങ്കിപ്പനി
ജന്തുക്കളിലൂടെ - പേ വിഷബാധ

3. HIV മനുഷ്യശരീരത്തിൽ പെരുകുന്നത് എങ്ങനെ?
- എയ്ഡ്സിന് കാരണമായ HIV വൈറസ് ശരീരത്തിന് പ്രതിരോധശേഷി നൽകുന്ന ലിംഫോസൈറ്റുകളുടെ ജനിതക സംവിധാനം ഉപയോഗിച്ച് പെരുകുന്നു.
4. ലിംഫോസൈറ്റുകളുടെ എണ്ണവും എയ്ഡ്സും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
- HIV വൈറസ് ലിംഫോസൈറ്റുകളെ ആക്രമിക്കുകയും തൻമൂലം ലിംഫോസൈറ്റുകളുടെ എണ്ണം കുറയുകയും ശരീരത്തിൽ രോഗപ്രതിരോധശേഷി തകരാറിലാകുന്നു.
5. ഏതൊക്കെ മാർഗങ്ങളിലൂടെ എയ്ഡസ് പകരുന്നു?
- എയ്ഡ്സ് ബാധിതർ ഉപയോഗിച്ച സൂചിയും സിറിഞ്ചും പങ്കുവെക്കുന്നതിലൂടെ
- ശരീരദ്രവങ്ങളിലൂടെ
- HIV ബാധിതരിൽ നിന്ന് ഗർഭസ്ഥ ശശുവിലേക്ക്
- വാവാഹപൂർവ്വ/ വിവാഹേതര ലൈംഗിക ബന്ധത്തിലൂടെ

6. ഏങ്ങനെയൊക്കെ എയ്ഡ്സ് പകരില്ല.
- സ്പർശനം, ഹസ്തനം, ചുമ, തുമ്മൽ എന്നിവയിലൂടെ
- കൊതുക്, ഈച്ച തുടങ്ങിയ പ്രാണികളിലൂടെ
- ഒരുമിച്ച് താമസിക്കുകയും ആഹാരം പങ്കിടുകയും ചെയ്യുന്നതിലൂടെ
- ഒരേ കുളത്തിൽ കുളിക്കുന്നതലൂടെ
7. ബാക്ടീരിയയുടെ പ്രത്യേകതകൾ എന്തെല്ലാം
വ്യക്തമായ ന്യൂക്ലിയസ് ഇല്ലാത്ത ഏകകോശജീവികളാണ് ദ്വിവിഭജനത്തിലൂടെ വംശവർധനവ് നടത്തുന്നത്. ഇവ ഉൽപാദിപ്പിക്കുന്ന വിഷവസ്തുക്കൾ കോശങ്ങളുടെ നാശത്തിലൂടെ രോഗബാദയുണ്ടാക്കുന്നു.



8. ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്ന രീതിയും അവ ഉണ്ടാകുന്ന രോഗങ്ങളും എഴുതുക.

മലിനജലത്തിലൂടെ -കോളറ, ടൈഫോയ്ഡ്
മുറിവുകളിലൂടെ -ടെറ്റനസ്
വായുവിലൂടെ -ക്ഷയം
ജന്തുക്കളുമായ സമ്പർക്കത്തിലൂടെ- ആന്ത്രാക്സ്
പഴകിയ ആഹാരത്തിലൂടെ - ബോട്ടുലിസം
ലൈംഗിക ബന്ധത്തിലൂടെ - ഗൊണേറിയ, സിഫിലിസ്

9. വായുവിലൂടെ പകർന്ന് ശ്വാസകോശത്തെ ബാധിക്കുന്ന രോഗം ഏത്?
ക്ഷയം
10 ക്ഷയരോഗത്തിന് കാരണമായ രോഗകാരി ഏത്?
മൈക്കോബാക്ടീരിയം ട്യൂബർ കുലോസിസ് എന്ന ബാക്ടീരിയ
11. ക്ഷയരോഗം ഏതൊക്കെ ശരീരഭാഗത്തെ ബാധിക്കാം?
ശ്വാസകോശം, വൃക്കകൾ, അസ്ഥികൾ, അസ്ഥിസന്ധികൾ, തലച്ചോറ്
12. ക്ഷയരോഗം പകരുന്നതെങ്ങനെ?
രോഗി ചുമക്കുമ്പോഴോ തുമ്മുമ്പോഴോ സംസാരിക്കുമ്പോഴോ രോഗാണുക്കൾ വായുവിലേക്കും അതുവഴി മറ്റുള്ളവരിലേക്കും പകരാം.
13. ക്ഷയരോഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാം?
ശരീരത്തിന് ഭാരക്കുറവ്, ക്ഷീണം, സ്ഥിരമായ ചുമ
14. ക്ഷയരോഗത്തിനുപയോഗിക്കുന്ന പ്രതിരോധ വാക്സിൻ ഏത്?
ബി.സി.ജി (BCG)
15 ഫംഗസുകളുടെ പ്രത്യേകതകൾ എന്തെല്ലാം
- ഫംഗസുകൾ ഉൽപാദിപ്പിക്കുന്ന വിഷവസ്തുക്കളാണ് രോഗത്തിന് കാരണമാകുന്നത്. വിവിധയിനം പൂപ്പലുകൾ ഉൾപ്പെടുന്ന വിഭാഗമാണ് ഫംഗസുകൾ

| രോഗം | ലക്ഷണം | പകരുന്ന വിധം |
|---|---|---|
| വട്ടച്ചൊറി | വട്ടത്തിലുള്ള ചുവന്ന തിണർപ്പുകൾ | സ്പർശനം, സമ്പർക്കം എന്നിവയിലൂടെ |
| അത്ലറ്റ്സ് ഫൂട്ട് | ചൊറിച്ചിലുണ്ടാക്കുന്ന ചുവന്ന ശല്ക്കങ്ങൾ | മലിനജലവും മണ്ണുമായുള്ള സമ്പർക്കത്തിലൂടെ |

16. പ്രോട്ടോസോവകളുടെ പ്രത്യേകതകൾ എന്തെല്ലാം?
ഏകകോശ യുകാരിയോട്ടുകളാണ് പ്രോട്ടോസോവകൾ

22. ഹീമോഫീലിയ രോഗിക്ക് ചെറിയ മുറിവിൽ നിന്ന് പോലും അമിത രക്ത നഷ്ടം ഉണ്ടാകാൻ കാരണമെന്ത്

- രക്തം കട്ടപിടക്കാൻ സഹായിക്കുന്ന പ്രോട്ടീനുകളുടെ ഉൽപാതനത്തെ നിയന്ത്രിക്കുന്ന ജീനുകൾക്ക് വൈകല്യം സംഭവിക്കുന്നതുമൂലം പ്രോട്ടീൻ ഉൽപാദനം തകരാറിലാകുന്നു. അതുമൂലം ചെറിയ മുറിവിൽ നിന്ന് പോലും അമിത രക്തനഷ്ടം ഉണ്ടാകുന്നു.

23. സിക്കിൾസെൽ അനീമിയ രോഗികളിൽ അരുണ രക്താണുക്കൾക്ക് ഉണ്ടാകുന്ന രൂപമാറ്റം ശരീരത്തെ ബാധിക്കുന്നതെങ്ങനെ?

- അരുണ രക്താണുക്കളിലെ ഹീമോഗ്ലോബിൻ തന്മാത്രകളിൽ ഘടനാപരമായ വൈകല്യം ഉണ്ടാകുന്നതാണ് ഈ രോഗത്തിന് കാരണം. വേണ്ടത്ര ഓക്സിജൻ ലഭിക്കാതെ വരുമ്പോൾ ചുവന്ന രക്താണുക്കൾ അരിവാളിന്റെ ആകൃതിയിലാകുന്നു. ചുവന്ന രക്താണുവൽ ഹീമോഗ്ലോബിന്റെ കുറവ് ഓക്സിജൻ വഹിക്കാനുള്ള ശേഷി കുറക്കുന്നു. അരിവാൾ രൂപത്തിലായ രക്തകോശങ്ങൾ രക്തക്കുഴലിൽ തങ്ങി രക്തപ്രവാഹം തടസ്സപ്പെടുത്തുന്നു.

24. എന്താണ് കാൻസർ

- അനിയന്ത്രിതമായ കോശവിഭജനം വഴി കോശങ്ങൾ പെരുകി ഇതര കലകളിലേക്ക് വ്യാപിക്കുന്ന രോഗാവസ്ഥയാണ് കാൻസർ. പരിസ്ഥിതി ഘടകങ്ങൾ, പുകവലി, വികിരണം, വൈറസ്, പാരമ്പര്യഘടകങ്ങൾ, ജനിതകഘടനയ്ക്കുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ സാധാരണ കോശങ്ങളെ കോശങ്ങളാക്കാം.

25. പുകവലി മൂലം ഉണ്ടാകുന്ന ചില ആരോഗ്യപ്രശ്നങ്ങളും അവ ബാധിക്കുന്ന അവയവങ്ങളും എഴുതുക.

| തലച്ചോറ് | ശ്വാസകോശം | ഹൃദയം |
|---|---|---|
| a) പക്ഷാഘാതം<br>b) നിക്കോട്ടിനോട് വിധേയത്വം | a) ശ്വാസകോശകാൻസർ<br>b) ബ്രോങ്കൈറ്റിസ്<br>c) എംഫീസിമ | a) ഉയർന്ന രക്തസമ്മർദ്ദം<br>b) പ്രവർത്തനക്ഷമത കുറയൽ<br>c) ധമനികളുടെ ഇലാസ്തികത നഷ്ടപ്പെടൽ |



26. വിവധ ജിവിതശൈലീ രോഗങ്ങളും കാരണങ്ങളും പട്ടികയാക്കുക.

| രോഗം | കാരണം |
|---|---|
| പ്രമേഹം | ഇൻസുലിന്റെ കുറവോ പ്രവർത്തന വൈകല്യമോ |
| ഫാറ്റിലിവർ | കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടാൻ ഇടയാകുന്നത്. |
| പക്ഷാഘാതം | മസ്തിഷ്കത്തിലെ രക്തക്കുഴൽ പൊട്ടുന്നത്. രക്തപ്രവാഹം തടസ്സപ്പെടുത്തുന്നത്. |
| അമിത രക്തസമ്മർദ്ദം | കൊഴുപ്പ് അടിഞ്ഞകൂട് ധമനികളുടെ വ്യാസം കുറയുന്നത് |
| ഹീദയാഘാതം | ഹൃദയത്തിലേക്ക് രക്തം എത്തിക്കുന്ന കൊറോണറി ധമനികളിൽ കൊഴുപ്പടിഞ്ഞ് രക്തപ്രാവാഹം തടസ്സപ്പെടുന്നത്. |

27. ചില ജന്തുരോഗങ്ങൾ പട്ടികയാക്കുക

| രോഗം | രോഗകാരി |
|---|---|
| ആന്ത്രാക്സ് | ബാക്ടീരിയ |
| അകുടുവീക്കം | ബാക്ടീരിയ |
| കുളമ്പുരോഗം | വൈറസ് |

## സസ്യ രോഗങ്ങൾ

| രോഗകാരി | രോഗം |
|---|---|
| 1) ബാക്ടീരിയ | • നെൽചെടിയിലെ ബ്ലൈറ്റ് രോഗം<br>• വഴുതനയിലെ വാട്ടം |
| 2) വൈറസ് | • പയർ, മരച്ചീനി എന്നിവയിലെ മൊസൈക്ക് രോഗം<br>• വാഴയിലെ കുറുനാമ്പ് രോഗം |
| 3) ഫംഗസ് | • കുരുമുളക് ദ്രുതവാട്ടം<br>• തെങ്ങിന്റെ കൂമ്പുചീയൽ |

# പ്രതിരോധത്തിന്റെ കാവലാളുകൾ

1. എന്താണ് പ്രതിരോധശേഷി
A) രോഗാണുക്കളുടെ പ്രവേശനം തടയാനും ശരീരത്തിനകത്ത് പ്രവേശിച്ച രോഗാണുക്കളെ നശിപ്പിക്കാനുമുള്ള ശരീരത്തിന്റെ സ്വാഭാവികമായ കഴിവാണ് പ്രതിരോധശേഷി.
2. പ്രതിരോധ സംവിധാനത്തിന്റെ ഫ്ളോചാർട്ട്.
A)




**<u>പ്രാഥമികതല പ്രതിരോധം</u>**

- ത്വക്ക്
- ശ്വസന നാളത്തിലെ ശ്ലേഷ്മം, സീലിയകൾ
- ചെവിയിലെ മെഴുക്
- കണ്ണുനീരിലെ ലൈസോസോം
- ഉമിനീരിലെ ലൈസോസോം
- ആമാശയത്തിലെ HCl

**<u>ദ്വിതീയതല പ്രതിരോധം</u>**

- രോഗകാരികളെ വിഴുങ്ങൽ (ഫാഗോസൈറ്റോസിസ്)
- വീങ്ങൽ പ്രതികരണം
- രക്തം കട്ടപിടിക്കൽ
- മുറിവുണങ്ങൽ
- പനി

**<u>B ലിംഫോ സൈറ്റ്</u>**

- ആന്റിജനുകളുടെ വിഷാംശത്തെ നിർവീര്യമാക്കുന്നു.
- മറ്റു ശ്വേതരക്താണുക്കളെ ഉത്തേജിപ്പിച്ച് രോഗാണുക്കളെ നശിപ്പിക്കുന്നു.
- ബാക്ടീരിയയുടെ കോശസ്തരത്തെ ശിഥിലീകരിച്ച് അവയെ നശിപ്പിക്കുന്നു.

**<u>T ലിംഫോ സൈറ്റ്</u>**

- കാൻസർ കോശങ്ങളെ നശിപ്പിക്കുന്നു.
- വൈറസ് ബാധിച്ച കോശങ്ങളെ നശിപ്പിക്കുന്നു.



3. ത്വക്കിനെ പ്രതിരോധത്തിന്റെ കോട്ടയായി വിശേഷിപ്പിക്കുന്നത്തെുകൊണ്ട്?
A) കെരാറ്റിൻ, സെബം, ആസിഡ്, എന്നിവ ഉള്ളത് കൊണ്ട്
4. മുറിവേറ്റ ഭാഗത്തെ രക്തക്കുഴലുകൾ വികസിക്കുന്നത് കൊണ്ടുള്ള പ്രയോജനമെന്ത്?
A) മുറിവോ രോഗാണുബാധയോ ഉണ്ടാകുമ്പോൾ കേടുപറ്റിയ ചില രാസവസ്ഥുക്കൾ ഉൽപാദിപ്പിക്കുന്നു. ഇവ ആ ഭാഗത്തെ രക്തക്കുഴലുകളെ വികസിപ്പിക്കുകയും അതുവഴി രക്തപ്രവാഹം കൂടുകയും ചെയ്യുന്നു.
5. വീങ്ങൽ പ്രതികരണം പ്രതിരോധ പ്രവർത്തനമാണോ എന്തുകൊണ്ട്?
A) വീങ്ങൽ പ്രതികരണം പ്രതിരോധ പ്രവർത്തനമാണ്. കാരണം മുറിവേറ്റ ഭാഗത്ത് രക്തക്കുഴലുകൾ വികസിക്കുക വഴി ആ ഭാഗത്ത് രക്തപ്രവാഹം കൂടുകയും രക്തത്തിലെ പ്ലാസ്മയും ശ്വേതരക്താണുക്കളും രക്തക്കുഴലിൽ നിന്ന് മുറിവേറ്റ ഭാഗത്ത എത്തുന്നു.
6. വിവിധ ശ്വേതരക്താണുക്കളും അവയുടെ പ്രതിരോധ പ്രവർത്തനവും ഉൾപ്പെടുന്ന പട്ടിക.

| ശ്വേത രക്താണുക്കൾ | പ്രതിരോധ പ്രവർത്തനം |
|---|---|
| ന്യൂട്രോഫിൽ | ബാക്ടീരിയയെ വിഴുങ്ങി നശിപ്പിക്കുന്നു. |
| ബേസോഫിൽ | മറ്റു ശ്വേതരക്താണുക്കളെ ഉത്തേജിപ്പിക്കുന്നു. രക്തക്കുഴലുകൾ വികസിപ്പിക്കുന്നു. |
| ഈസിനോഫിൽ | വീങ്ങൽപ്രതികരണത്തിനാവശ്യമായ രാസവസ്ഥുക്കൾ ഉൽപാദിപ്പിക്കുന്നു. |
| മോണോസൈറ്റ് | രോഗാണുക്കളെ വിഴുങ്ങി നശിപ്പിക്കുന്നു. |

7. എന്താണ് ഫാഗോസൈറ്റോസിസ്?
A) രോഗാണുക്കളെ വിഴുങ്ങി നശിപ്പിക്കലാണ് ഫാഗോസൈറ്റോസിസ്.
8. ഫാഗോസൈറ്റോസിസിലെ വിവിധ ഘട്ടങ്ങൾ



9. മുറിവിലൂടെയുള്ള രക്തനഷ്ടം തടയാനുള്ള പ്രതിരോധ പ്രവർത്തനം ഏത്

A) രക്തം കട്ടപിടിക്കൽ

10. രക്തം കട്ടപിടിക്കലിന്റെ വിവിധ ഘട്ടങ്ങൾ

മുറിവുണ്ടായി രക്തം നഷ്ടപ്പെടുന്നു. കലകൾ ശിഥിലീകരിച്ച് ത്രോംബോപ്ലാസ്റ്റിൻ എന്ന രാസാഗ്നിയുണ്ടാകുന്നു.

→

ത്രോംബോപ്ലാസിൻ പ്ലാസ്മയിലെ പ്രോത്രോംബിൻ എന്ന പ്രോട്ടീനിനെ ത്രോംബിനായി മാറ്റുന്നു. അതിന് കാൽസ്യം അയോണുകളും വിറ്റാമിൻ K യും സഹായിക്കുന്നു.

↓

ത്രോംബിൻ പ്ലാസ്മയിലെ ഫൈബ്രിനോജൻ എന്ന പ്രോട്ടീനിനെ ഫൈബ്രിൻ നാരുകളാക്കി മാറ്റുന്നു.

←

ഫൈബ്രിൻ നാരുകളുണ്ടാകുന്ന വലക്കണ്ണികളിൽ ചുവന്ന രക്താണുക്കളും പ്ലേറ്റ്ലറ്റുകളും തങ്ങി രക്തകട്ടയുണ്ടാകുന്നു.

11. a) മനുഷ്യ ശരീരത്തിലെ സാധാരണ താപനില എത്ര?

A) 37°C (98.6°F)

12. b) ശരീരോഷ്മാവ് ഉയരുന്നത് ശരീരത്തെ എങ്ങനെ ബാധിക്കും?

- രോഗാണുക്കളുടെ പെരുകൽ കുറയുന്നു.

c) ശരീരത്തിന്റെ താപനില ഉയരുന്നത് (പനി) ഒരു രോഗമാണോ?

- പനി ഒരു രോഗമല്ല. ഒരു പ്രതിരോധ പ്രവർത്തനമാണ്.

d) പനി ഒരു രോഗമല്ലെങ്കിലും എന്തിനാണ് വൈദ്യ സഹായം നേടുന്നത്?

- ദീർഘസമയം താപനില ഉയരുന്നത് മസ്തിഷ്കം ഉൾപ്പെടെയുള്ള ആന്തരാവയവങ്ങളെ ദോഷകരമായി ബാധിച്ചേക്കാം. അതിനാൽ പനി കൂടിയാൽ വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്.

13. പ്രത്യേക പ്രതിരോധ സംവിധാനങ്ങൾ ഏതെല്ലാം?

| **പ്രത്യേക പ്രതിരേധം** | |
|---|---|
| Bലിംഫോസൈറ്റുകൾ | Tലിംഫോസൈറ്റുകൾ |
| അസ്ഥിമജ്ജയിൽ വെച്ച് പാകപ്പെടുത്തുന്നു. | തൈമസ് ഗ്രന്ഥിയിൽ വെച്ച് പാകപ്പെടുത്തുന്നു. |
| ശരീരത്തിന് അന്യമായ വസ്തുക്കൾ (ആന്റിജൻ) ക്കെതിരെ ആന്റി ബോഡികൾ ഉൽപാതിപ്പിക്കുന്നു. | മറ്റ് പ്രതിരോധ കോശങ്ങളെ ഉത്തേജിപ്പിക്കുന്നു. |



14. നാം ആശ്രയിക്കുന്ന വിവിധ ചികിത്സാരീതികൾ ഏതെല്ലാം?

- അലോപതി
- ആയുർവേദം
- ഹോമിയോപതി
- യൂനാനി

15. നാം ചികിത്സക്കായി ഉപയോഗിക്കുന്ന ചില ഉപകരണങ്ങളും അവയുടെ ഉപയോഗവും പട്ടികപ്പെടുത്തുക.

| **ഉപകരണം** | **ഉപയോഗം** |
|---|---|
| സ്റ്റെതസ്കോപ്പ് | ഹൃദമിടിപ്പ് അളക്കാൻ |
| സ്ഫിംഗ്മോമാനോമീറ്റർ | രക്തസമ്മർദ്ദം രേഖപ്പെടുത്താൻ |
| EEG | മസ്തിഷ്കത്തിലെ വൈദ്യുത തരംഗങ്ങളെ രേഖപ്പെടുത്താൻ |
| ECG | ഹൃദയപേശിയിലെ വൈദ്യുതി തരംഗങ്ങളെ രേഖപ്പെടുത്താൻ |
| അൾട്രാസൗണ്ട് സ്കാനർ | അൾട്രാസോണിക് ശബ്ദ തരംഗങ്ങൾ ഉപയോഗിച്ച് ആന്തരാവയവങ്ങളുടെ ഘടന മനസ്സിലാക്കാൻ |

| ഉപകരണം | ഉപയോഗം |
|---|---|
| C.T.സ്കാനർ | X-rayയുടെയും കമ്പ്യൂട്ടറിന്റേയും സഹായത്തോടെ ആന്തരാവയവങ്ങളുടെ ത്രിമാനദൃശ്വങ്ങൾ ലഭ്യമാക്കാൻ |
| MRI.സ്കാനർ | ആന്തരാവയവങ്ങളുടെ ത്രിമാന ദൃശ്യങ്ങൾ ലഭ്യമാക്കാൻ |

16. ആന്റിബയോട്ടിക് ആദ്യമായി നിർമ്മിച്ചതാര്?

- അലക്സാണ്ടർ ഫ്ളമിങ്

17. എന്താണ് ആന്റിബയോട്ടിക്കുകൾ?

- ബാക്ടീരിയാ രോഗങ്ങളെ പ്രതിരോധിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കളാണ് ആന്റിബയോട്ടിക്കുകൾ.

18. ആന്റിബയോട്ടിക്കുകൾ ഉപകാരമാണെങ്കിലും അവയുടെ ഉപയോഗം പല പാർശ്വപലങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഏതാണ് ആ പാർശ്വഫലങ്ങൾ?

- സ്ഥിരമായ ഉപയോഗം രോഗാണുക്കൾക്ക് ആന്റി ബയോട്ടിക്കുകൾക്കെതിരായ പ്രതിരോധശേഷിയുണ്ടാകും.
- ശരീരത്തിലെ ഉപകാരികളായ ബാക്ടീരിയയെ നശിപ്പിക്കുന്നു.
- ശരീരത്തിലെ ചില വിറ്റാമിനുകളുടെ അളവ് കുറക്കുന്നു.

19. വിവിധതരം രക്തഗ്രൂപ്പുകളും അവയുടെ പ്രത്യേകതയും പട്ടികപ്പെടുത്തുക?

| രക്തഗ്രൂപ്പുകൾ | ആന്റിജനുകൾ | ആന്റിബോഡികൾ |
|---|---|---|
| A | A | b |
| B | B | a |
| AB | AyuംByuം | ഇല്ല |
| O | ഇല്ല | ayuംbyuം |

22. ആദ്യമായി വികസിപ്പിച്ച വാക്സിൻ ഏത്?
A) വസൂരി രോഗത്തിന് എതിരായുള്ള വാക്സിൻ
23. വസൂരി വാക്സിൻ കണ്ടെത്തിയത് ആര്?
A) എഡ്വേർഡ് ജന്നർ
24. വിവിധ വാക്സിനുകളും അവ പ്രതിരോധിക്കുന്ന വിവിധ രോഗങ്ങളും പട്ടികപ്പെടുത്തുക.

| വാക്സിനുകൾ | രോഗങ്ങൾ |
|---|---|
| മൃതമാക്കപ്പെട്ട രോഗാണുക്കൾ | കോളറ, പേവിഷബാധ |
| ജീവനുള്ള, നിർവീര്യമാക്കപ്പെട്ട രോഗാണുക്കൾ | ടൈഫോയിഡ്, അഞ്ചാംപനി |
| നിർവീര്യമാക്കപ്പെട്ട വിഷവസ്തുക്കൾ | ടെറ്റനസ്, ഡിഫ്തീരിയ |
| രോഗകാരികളുടെ കോശഭാഗങ്ങൾ | ഹെപ്പറ്റൈറ്റിസ് |

25. മനുഷ്യരിലെ പോലെ സസ്യങ്ങലിൽ രോഗപ്രതിരോധ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ?
A) പ്രവർത്തിക്കുന്നുണ്ട്.
26. സസ്യങ്ങളിലെ വിവിധ പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പെടുത്തിയുള്ള ചിത്രീകരണം.






27. പദജോഡി ബന്ധം മനസ്സിലാക്കി വുട്ടഭാഗം പൂരിപ്പിക്കുക.

a) അലക്സാണ്ടർ ഫ്ളമിങ് : ആന്റിബയോട്ടിക്
.............................................. : വാക്സിനേഷൻ

An) എഡ്വേർഡ് ജന്നർ

b) സ്ഫിഗ്മോ മാനോമീറ്റർ : രക്തസമ്മർദം
സ്റ്റെതസ്കോപ് : ...................................

An) ഹൃദയമിടിപ്പ്

c) ചെവി : മെഴുക്
കണ്ണ് : ....................................

An) ലൈസോസൈം

d) ഹൃദയം : ECG
മസ്തിഷ്കം : ....................................

An) EEG

---

പാഠം (6)

# ഇഴപിരിയുന്ന ജനിതക രഹസ്യങ്ങൾ

? ജനിതക ശാസ്ത്രം എന്നാലെന്ത്?
A) പാരമ്പര്യത്തേയും വ്യതിയാനങ്ങളേയും കുറിച്ച് പ്രതിപാതിക്കുന്ന ശാസ്ത്രശാഖയാണ് ജനിതക ശാസ്ത്രം.

## <u>മെൻഡലിന്റെ പരീക്ഷണങ്ങൾ</u>

ഉയരം എന്ന സ്വഭാവത്തെ അടിസ്ഥാനമാക്കി മെൻഡൽ നടത്തി വർഗസങ്കരണ പരീക്ഷണം




ഉയരം കൂടിയത് (തിത്രീകരണം 6.1)

? ഈ പരീക്ഷണത്തിൽ പയർചെടിയുടെ ഏത് സ്വഭാവമാണ് നിരീക്ഷിണ വിധേയമാക്കിയത്?

A) ഉയരം

? പരീക്ഷണത്തിൽ പരിഗണിച്ച സ്വഭാവത്തിന്റെ വ്യത്യസ്ഥ ഗുണങ്ങൾ ഏതെല്ലാം?

A) ഉയരം കൂടുതൽ, ഉയരം കുറവ്

? ഒന്നാം തലമുറയിൽ പ്രകടമായ ഗുണമേത്

A) ഉയരം കൂടുതൽ

## <u>ഒന്നാം തലമുറയുടെ സ്വപരാഗണം</u>




ചിത്രീകരണം (6.2)

? ഒന്നാം തലമുറയെ സ്വപരാഗണം നടത്തിയപ്പോൾ ലഭിച്ച രണ്ടാം തലമുറയുടെ പ്രത്യേകതയെന്ത്?

A) രണ്ടാം തലമുറയിൽ ഉണ്ടായ സന്താനങ്ങളിൽ മൂന്നെണ്ണം ഉയരം കൂടിയതും ഒരെണ്ണം ഉയരം കുറഞ്ഞതും.

? രണ്ടാം തലമുറയിലെ പ്രകടമായതും മറഞ്ഞിരിക്കുന്നതുമായ ഗുണങ്ങളുടെ അനുപാതം എത്ര

A) 3:1(ഏകസങ്കരാനുപാതം)

? പ്രകടഗുണം എന്നാലെന്ത?

\- ഒന്നാംതലമുറയിലെ സന്താനങ്ങളിൽ പ്രകടമാകുന്ന ഗുണത്തെ പ്രകടഗുണം എന്ന് പറയുന്നു.



## <u>മാതൃസസ്യങ്ങൾ</u>




ഒന്നാംതലമുറ- Tt (ഉയരം കൂടിയത്)

ചിത്രീകരണം (6.3)

ജീൻ-അലീലുകൾ എന്നാലെന്ത?

ഒരു സ്വഭാവത്തെ നിർണയിക്കുന്ന ഒരു ജീനിന്റെ വ്യത്യസ്ത തരങ്ങളെ ജീൻ അലീലുകൾ എന്ന് പറയുന്നു.

ഒരു തലമുറയിൽ പ്രകടമാകുന്ന ഗുണത്തെ നിർണ്ണയിക്കുന്ന അലീലിനെ ഇംഗ്ലീഷ് വലിയ അക്ഷരത്തിലും പ്രകടമാവാത്ത ഗുണത്തെ നിർണയിക്കുന്ന അലീലിനെ ഇഗ്ലീഷ് ചെറിയ അക്ഷരത്തിലും സൂചിപ്പിക്കുന്നു.

? ഉയരം കൂടിയ ചെടിയിലെ അലീലുകൾ ഏതെല്ലാം?

A) TT

? ഉയരം കുറഞ്ഞ ചെടിയിലെ അലീലുകൾ ഏതെല്ലാം?

A) tt

? മനുഷ്യരിൽ എത്ര ക്രോമസോമുകളുണ്ട്? (മനുഷ്യരിലെ ക്രോമസോം സംഖ്യ എത്ര?)

A) 46 ക്രോമസോമുകൾ

? സ്വരൂപക്രോമസോമുകളുടെ എണ്ണമെത്ര?

A) 22 ജോഡി (44എണ്ണം)

? ലിംഗനിർണയ ക്രോമസോമുകൾ എത്ര?

A) 2 ജോഡി (സ്ത്രീകൾ-XX ക്രോമസോം,
പുരുഷന്മാർ- XY ക്രോമസോം)
സ്ത്രീകളുടെ മൊത്തം ക്രോമസോം- 44+XX

? ബീജ സംയോഗത്തിൽ ഏതെല്ലാം ക്രോമസോമുകളാണ് കൂടിച്ചേരുന്നത്?

A) മാതാവിന്റേയും പിതാവിന്റേയും

## വ്യതിയാനങ്ങളുടെ ജനിതകം

രണ്ട് ജോഡിവിപരീത ഗുണങ്ങൾ കൂടിച്ചേരുമ്പോൾ




ഒന്നാംതലമുറയുടെ സ്വപരാഗണം TtRr X TtRr

ബീജകോശങ്ങൾ (പുരുഷബീജം)

| (സ്ത്രീബീജം) | TR | Tr | tR | tr | |
|---|---|---|---|---|---|
| TR | TTRR | TTRr | TtRR | TtRr | ചുവന്ന പൂക്കളുള്ള ഉയരം കൂടിയവ : 9 |
| Tr | TTRr | TTrr | TtRr | Ttrr | ചുവന്ന പൂക്കളുള്ള ഉയരം കുറഞ്ഞവ : 3 |
| tR | TtRR | TtRr | ttRR | ttRr | വെള്ള പൂക്കളുള്ള ഉയരം കൂടിയവ : 3 |
| tr | TtRr | Ttrr | ttRr | ttrr | വെള്ള പൂക്കളുള്ള ഉയരം കുറഞ്ഞവ : 1 |

? ഒന്നാം തലമുറയിൽ പ്രകടമായതും പ്രകടമാവാത്തതുമായ ഗുണങ്ങളേതെല്ലാം?

A) – പ്രകടമായത് ഉയരം കൂടിയ ചുവന്ന പൂക്കൾ
– പ്രകടമാവാത്തത് ഉയരം കുറഞ്ഞ വെള്ള പൂക്കൾ

? പാരമ്പര്യ സ്വഭാവങ്ങളുടെ വാഹകർ ആര്?

A) ജീനുകൾ

? DNA യുടെ ആകൃതി എന്ത്? കണ്ടെത്തിയതാര്?

A) ചുറ്റു ഗോവണിയുടെ ആകൃതി, ജയിംസ് വാട്സൺ, ഫ്രാൻസിസ് ക്രിക്.

? DNA യിലെ നൈട്രജൻ ബേസുകൾ ഏതെല്ലാം?

A) അഡിനിൻ, തൈമിൻ, ഗ്വാനിൻ, സൈറ്റോസിൻ.

? നൈട്രജൻ ബേസുകൾ ബോഡി ചേരുന്നതിൽ പുലർത്തുന്ന



സവിശേഷത എന്ത്?

A) DNA യിൽ അഡിനിൻ തൈമിനാമായും, ഗ്വാനിൻ സൈറ്റോസിനുമായും ജോഡിചോരുന്നു.

## RNA യും DNA യും തമ്മിലുള്ള വ്യത്യാസങ്ങൾ

| | ഇഴകളുടെ എണ്ണം | പഞ്ചസാരയുടെ തരം | നൈട്രജൻ ബേസുകൾ |
|---|---|---|---|
| DNA | രണ്ടിഴകൾ ചേർന്നത് | ഡീ ഓക്സീ റൈബോസ് പഞ്ചസാര | അഡിനിൽ തൈമിൻ ഗ്വാനിൻ സൈറ്റോസിൻ |
| RNA | ഒരിഴ മാത്രം | റൈബോസ് പഞ്ചസാര | അഡിനിൻ യുറാസിൽ ഗ്വാനിൻ സൈറ്റോസിൻ |

? ക്രോമസോമിന്റെ മുറിഞ്ഞുമാറൽ എന്നാലെന്ത് ഇത് വ്യതിയാനങ്ങൾക്ക് കാരണമാകുന്നതെങ്ങനെ?

– ഉ...ന ഭംഗത്തിന്റെ ആദ്യഘട്ടത്തിൽ ക്രോമസോമുകൾ ജോഡിചോരുകയും ക്രോമസോമിന്റെ ഭാഗങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്ന പ്രവർത്തനമാണ് ക്രോമസോമിന്റെ മുറിഞ്ഞുമാറൽ.

– DNA യുടെ ഭാഗം മുറിഞ്ഞ് മറ്റൊരു DNA യുടെ ഭാഗമാകുമ്പോൾ ജീനുകളുടെ വിന്യാസത്തിൽ വ്യത്യാസമുണ്ടാവുകയും വ്യതിയാനത്തിന് കാരണമാവുകയും ചെയ്യുന്നു.

? ഉൽപരിവർത്തനം എന്നാലെന്ത്?

– ഒരു ജീവിയുടെ ജനിതകഘടനയിൽ പെട്ടെന്നുണ്ടാകുന്നതും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതുമായ മാറ്റങ്ങളാണ് ഉൽപരിവർത്തനം.

? RNA യെ മെസഞ്ചർ RNA അഥവാ MRNA എന്നു വിളിക്കാൻ കാരണമെന്ത്?

– DNA യുടെ സന്ദേശവാഹകനായതിനാൽ RNA യെ MRNA എന്നു വിളിക്കുന്നു.

? പ്രോട്ടീൻ നിർമ്മാണത്തിന് സന്ദേശം MRNA യ്ക്ക് ലഭിക്കുന്നത് എവിടെ നിന്ന്?

– DNA യിൽ നിന്ന്

? പ്രോട്ടീൻ നിർമ്മാണത്തിൽ MRNA യുടെ പങ്കെന്ത്?

– DNA യിലെ സന്ദേശം പകർത്തിയ RNA (റൈബോന്യൂക്ലിക് ആസിഡ്) എന്ന തന്മാത്രയാണ് റൈബോസോമുകളിലെത്തി പ്രോട്ടീൻ നിർമ്മാണം നിയന്ത്രിക്കുന്നത്.

? പ്രോട്ടീൻ നിർമ്മാണം നടത്തുന്നതെവിടെയാണ്?

– റൈബോസോമിൽവെച്ച്

? പ്രോട്ടീനിന്റെ നിർമ്മാണഘടകങ്ങൾ ഏതെല്ലാം?

– MRNA അമിനോ ആസിഡുകൾ റൈബോസോമിലേക്കെത്തിക്കുന്ന tRNA, റൈബോസോമൽ RNA എന്നിവയുടെയെല്ലാം

കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് അമിനോ ആസിഡുകളെ കൂട്ടിച്ചേർത്ത് പ്രോട്ടീൻ തന്മാത്ര രൂപപ്പെടുന്നത്.

? പ്രോട്ടീൻ സംശ്ലേഷണത്തിന്റെ ഫ്ളോചാർട്ട് തയ്യാറാക്കുക.

- DNA ഇഴ പിരിഞ്ഞ് സന്ദേശം പകർത്തിയ പ്രത്യേകം MRNA ഉണ്ടാകുന്നു.

- MRNA ന്യൂക്കിയസിന് പുറത്തു കടക്കുന്നു.
- MRNA റൈബോസോമുകളിലെത്തുന്നു.
- MRNA യിലെ സന്ദേശമനുസരിച്ച് tRNAഅമിനോ ആസിഡുകളെ റൈബോസോമുകളിലെത്തുന്നു.
- റൈബോസോമുകളിൽ അമിനോആസിഡുകളെ കൂട്ടിച്ചേർത്ത് പ്രോട്ടീൻ ഉണ്ടാകുന്നു.

? എന്താണ് ന്യൂക്ലിയോടൈഡുകൾ?

- ഒരു പഞ്ചസാര തന്മാത്രയും ഒരു ഫോസ്ഫേറ്റ് തന്മാത്രയും ഒരു നൈട്രജൻബേസും ചേർന്ന യൂണിറ്റ്.

**<u>കുഞ്ഞ് ആണോ പെണ്ണോ</u>**

? സ്ത്രീകളുടേയും പുരുഷന്മാരുടെയും ക്രോമസോമുകളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടോ?

- ഇല്ല

? സ്ത്രീകളിലും പുരുഷന്മാരിലും വ്യത്യാസമുള്ള ക്രോമസോം ഏതാണ്?

- സ്ത്രീകളിൽ : 44+XX ക്രോമസോം
- പുരുഷന്മാരിൽ : 44+XY ക്രോമസോം

? പെൺകുട്ടികളെ മാത്രം പ്രസവിക്കുന്ന അമ്മമാരെ കുറ്റപ്പെടുത്തുന്നത് ശരിയാണോ അഭിപ്രായം ശാസ്ത്രീയമായി സാധൂകരിക്കുക?

- കുട്ടി ആണോ പെണ്ണോ ആകുന്നതിന് നിർണായകമാകുന്നത് പിതാവിൽ നിന്നുള്ള XY ക്രോമസോമുകളാണ്. ബീജസംയോഗസമയത്ത് അണ്ഡവുമായി Xക്രോമസോമുള്ള പുംബീജംമാണ് സംയോജിക്കുന്നതെങ്കിൽ പെൺ കുഞ്ഞും Y ക്രോമസോമുള്ള പുംബീജമാണ് സംയോജിക്കുന്നതെങ്കിൽ ആൺകുഞ്ഞും ജനിക്കുന്നു.

? ത്വക്കിന് നിറം നൽകുന്ന വർണമേത്?

- മെലാനിൻ

? മനുഷ്യരിലെ നിറവ്യത്യാസത്തിനു കാരണമെന്ത്?

- ജീനുകളിലെ പ്രവർത്തനത്തിലെ വ്യത്യാസം മൂലം.





# നാളെയുടെ ജനിതകം

1. നവീന ജൈവ സാങ്കേതിക വിദ്യ എന്നാലെന്ത്?

A) ജനിതക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അഭിലഷണീയ ഗുണങ്ങളോട് കൂടിയ ജീവികളെ സൃഷ്ടിക്കുന്ന പ്രക്രിയയാണ് നവീന ജൈവ സാങ്കേതിക വിദ്യ

2. എന്താണ് ജനിതക സാങ്കേതിക വിദ്യ?

A) അഭിലഷണീയമായ തരത്തിൽ ജനിതക ഘടനയിൽ മാറ്റം വരുത്തി ജീവികളുടെ സ്വഭാവത്തെ നിയന്ത്രിക്കുന്ന സാങ്കേതിക വിദ്യയാണ് ജനിതക സാങ്കേതിക വിദ്യ.

3. ജനിതക എഞ്ചിനീയറിംഗ് എന്നാലെന്ത്?

A) പ്രത്യേകതരം എൻസൈമുകളുടെ സഹായത്തോടെ ആവശ്യമായ രീതിയിൽ ജീനുകളെ മുറച്ചെടുത്തും കൂട്ടിച്ചേർത്തുമാണ് ജീവികളിൽ അഭിലഷണീയമായ മാറ്റങ്ങൾ വരുത്തുന്നത്. ഈ പ്രക്രിയയാണ് ജനിതക എഞ്ചിനീയറിംഗ്.

4. ജനിതക സാങ്കേതിക വിദ്യയിലൂടെ മനുഷ്യ ഇൻസുലിൻ ഉൽപാദക ബാക്ടീരിയയെ സൃഷ്ടിക്കുന്നതിനുള്ള ഘട്ടങ്ങൾ ക്രമത്തിൽ നൽകുക?

A) മനുഷ്യ DNA യിൽ നിന്നും ഇൻസുലിൻ ഉൽപാദനത്തെ നിയന്ത്രിക്കുന്ന ജീനിനെ മുറിച്ചെടുക്കുന്നു.

- ഇതിനെ ബാക്ടീരിയയിൽ നിന്നും വേർതിരിച്ചെടുത്ത വാഹക DNA യുമായി കൂട്ടിച്ചേർക്കുന്നു.
- ഈ DNA യെ ബാക്ടീരിയാകോശത്തിൽ നിക്ഷേപിക്കുന്നു.

5. ജനിതക സാങ്കേതിക വിദ്യയിൽ വാഹകർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

A) ജനിതക സാങ്കേതിക വിദ്യയിൽ ഒരു കോശത്തിലെ ജീനിനെ മറ്റൊരു കോശത്തിലേക്ക് എത്തിക്കാനായി ഉപയോഗിക്കുന്ന ബാക്ടീരിയ. DNA പോലെയുള്ളവയെ വാഹകർ എന്ന് പറയുന്നു.

6. ജനിതക എഞ്ചിനിയറിംഗിന് ഉപയോഗിക്കുന്ന ജനിതക കത്രിക, ജനിതക പശ എന്നിവകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

A) ജീനുകളെ മുറിച്ച് മാറ്റാൻ ഉപയോഗിക്കുന്ന റെസ്ട്രിക്ഷൻ എൻഡോ ന്യൂക്ലിയസ് പോലെയുള്ള എൻസൈമുകളെ പൊതുവെ ജനിതക കത്രിക എന്ന് വിളിക്കുന്നു.

- ജീനുകളെ കൂട്ടിച്ചേർക്കുന്നതിന് ഉപയോഗിക്കുന്ന ലിഗേസ് പോലെയുള്ള എൻസൈമുകളെ ജനിതക പശ എന്നും അറിയപ്പെടുന്നു.

7. എന്താണ് DNA പ്രൊഫൈലിംഗ്

A) ഓരോ വ്യക്തിയുടെയും DNA യിലെ ന്യൂക്ലിയോ ടൈഡുകളുടെ ക്രമീകരണം പരിശോധിക്കുന്ന സാങ്കേതിക വിദ്യയാണ് DNA പ്രൊഫൈലിംഗ്

8. ജനിതക സാങ്കേതികവിദ്യ ഔഷധ ചികിത്സാ രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കുന്നതിന് കാരണമായി. എങ്ങനെ? ഉദാഹരണം നൽകുക.

- മനുഷ്യ ഇൻസുലിൻ ഉൽപാദിപ്പിക്കുന്ന ബാക്ടീരിയ
- മനുഷ്യ ഇൻസുലിനും വളർച്ചാഹോർമോണുമൊക്കെ ഉൽപാദിപ്പിക്കുന്ന മരുന്നുതരും മൃഗങ്ങൽ
- ഔഷധങ്ങൾ ഉൽപാദിപ്പിക്കുന്ന സസ്യങ്ങൾ

9. എന്താണ് മനുഷ്യ ജീനോം പദ്ധതി?

A) മനുഷ്യനിൽ ഓരോ പ്രത്യേക സ്വഭാവത്തെയും നിയന്ത്രിക്കുന്ന ജീനുകളുടെ സ്ഥാനം കൃത്യമായി മനസ്സിലാക്കുന്നതിനായി ആരംഭിച്ച സംരംഭമാണ് ജീനോം പദ്ധതി

10. എന്താണ് ജീനോം മാപ്പിംഗ്?

A) ഒരു പ്രത്യേക സ്വഭാവത്തിന് കാരണമായ ജീനിന്റെ സ്ഥാനം DNA യിൽ എവിടെയാണെന്ന് കൃത്യമായി കണ്ടെത്തുന്ന സാങ്കേതിക വിദ്യയാണ് ജീനോം മാപ്പിംഗ്

11. എന്താണ് ജീൻ ചികിത്സ?

A) ജീനോമിൽ നിന്നും രോഗകാരികളായതോ വൈകല്യം സംഭവിച്ചതോ ആയ ജീനുകളെ മാറ്റി പകരം പ്രവർത്തനക്ഷമമായ ജീനുകൾ ഉൾപ്പെടുത്തി ജനിതക രോഗങ്ങളിൽ നിന്നും രക്ഷനേടുന്ന ചികിത്സയാണ് ജീൻ ചികിത്സ

12. ജനിതക എഞ്ചിനീയറിംഗ് എന്ന ജനിതക സാങ്കേതികവിദ്യ മനുഷ്യന്റെ അതിജീവനത്തിനുള്ള എന്തെല്ലാം സാധ്യതകളാണ് തുറന്നിട്ടുള്ളത്?

- മനുഷ്യ ഇൻസുലിൻ ഉൽപാദിപ്പിക്കുന്ന ജീവികൾ
- ജനിതക രോഗ നിയന്ത്രണവും ജീൻ ചികിത്സയും
- അത്യുൽപാദന ശേഷിയും ഗുണമേന്മയുള്ള പുതിയ ഇനം ജീവികൾ
- കീടബാധ ഏൽക്കാത്ത ഭക്ഷ്യവിളകൾ (ഉദാ- BT പരുത്തി, BT വഴുതന)
- തർക്കങ്ങളും കുറ്റകൃത്യങ്ങളും പരിഹരിക്കാനുതകുന്ന DNA ഫിംഗർ പ്രിന്റിംഗ്. -പരിസ്ഥിതി സംരക്ഷണം (പെട്രോളിയം ദഹിപ്പിക്കാനാവുന്ന ബാക്ടീരിയ/സൂപ്പർ ബഗുകൾ)

13. ജനിതക സാങ്കേതിക വിദ്യയുടെ ദുരുപയോഗസാധ്യതകൾ ചർച്ച ചെയ്യുക?

A) ജനിതക മാറ്റം വരുത്തി വിള തദ്ദേശീയമായ ഇനങ്ങൾക്കും ആരോഗ്യത്തിനുതന്നെയും ഭീഷണിയായിമാറുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ജനിതകമാറ്റം വരുത്തിയ ചില ജീവികളെ ജൈവായുധങ്ങളായി ഉപയോഗിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു.



പാഠം (8)

# ജീവൻ പിന്നിട്ട പാതകൾ

1. ജീവന്റെ ഉൽഭവവുമായി ബന്ധപ്പെട്ട് ഒപ്പാരിനും ഹാൽഡേനും അവതരിപ്പിച്ച സിദ്ധാന്തത്തിലെ മുഖ്യ ആശയങ്ങൾ? (ജീവന്റെ രാസപരിണാമ സിദ്ധാന്തമെന്ത്)

A) റഷ്യൻ ശാസ്ത്രജ്ഞനായ എ.ഐ. ഒപാരിൻ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ജെ.ബി.എസ്. ഹാൽഡേൻ എന്നിവരുടെ ആശയങ്ങളാണ് രാസപരിണാമ സിദ്ധാന്തമെന്ന് അറിയപ്പെടുന്നത്. ആദിമ ഭൗമാന്തരീക്ഷത്തിലെ ചില ഘടകങ്ങളിൽ നിന്നും ലളിത ഘടനയുള്ള ജൈവതന്മാത്രകളും തുടർന്ന് സമുദ്രജലത്തിൽ സങ്കീർണ തന്മാത്രകളും രൂപപ്പെടുകയും ശേഷം പ്രോട്ടീനുകളും ജനിതക വസ്തുക്കളും ചേർന്ന് വിഭജനശേഷിയുള്ള ആദിമ കോശത്തിന്റെ രൂപപ്പെടലിലേക്ക് എത്തുകയും ചെയ്തു.

2. യുറേ-മില്ലർ പരീക്ഷണത്തിൽ പുനഃസൃഷ്ടിക്കപ്പെട്ട ആദിമ ഭൗമ സാഹചര്യങ്ങൾ എന്തെല്ലാം?

A) മീഥേൻ, അമോണിയ, നീരാവി എന്നിവയടങ്ങിയ ഗ്ലാസ് ഫ്ളാസ്ക് ആദിമ ഭൗമാന്തരീക്ഷത്തെയും ഉന്നത വോൾട്ടേജിലുള്ള വൈദ്യുത പ്രവാഹം ആദിമകാലത്തെ ഇടിമിന്നൽ പോലെയുള്ള ഊർജ പ്രവാഹത്തെയും കണ്ടൻസറിലെ വാതകം തണുപ്പിച്ചു കിട്ടിയ ജലം ആദിമ കാലത്ത് നീരാവി ഘനീഭവിച്ച് മഴപെയ്ത് സമുദ്രമുണ്ടായതിനെയും സൂചിപ്പിക്കുന്നു.

3. ഭൂമിയുടെ ഉൽഭവത്തെ തുടർന്നുണ്ടായ പരിണാമ പ്രക്രിയയിലെ ഘട്ടങ്ങൾ?

A) ഭൂമിയുടെ ഉൽഭവം → രാസപരിണാമം → ആദ്യജീവകോശം → പ്രോകിയോട്ടുകൾ → യൂകാരിയോട്ടുകൾ → ബഹുകോശ ജീവികൾ.

4. പ്രധാന പരിണാമ സിദ്ധാന്തങ്ങൾ ഏവ ഓരോന്നും ആവിഷ്കരിച്ചവരുടെ പേര്?

- സ്വയാർജിത സ്വഭാവങ്ങളുടെ പാരമ്പര്യപ്രേക്ഷണ സിദ്ധാന്തം → ജീൻബാപ്റ്റിസ്റ്റ് ലാമാർക്ക്
- പ്രകൃതി നിർദ്ധാരണ സിദ്ധാന്തം → ചാൾസ് റോബർട്ട് ഡാർവിൻ
- ഉൽപരിവർത്തന സിദ്ധാന്തം → ഹ്യൂഗോഡിവ്രീസ്.

5. ജീവപരിണാമത്തെക്കുറിച്ച് ജീൻബാപ്റ്റിസ്റ്റ് ലാമാർക്ക് അവതരിപ്പിച്ച ആശയം വ്യക്തമാക്കുക?

A) സ്വയാർജിത സ്വഭാവങ്ങളുടെ പാരമ്പര്യ പ്രേക്ഷണ സിദ്ധാന്തം

ജീവികൾ അവയുടെ ജീവിത സാഹചര്യമനുസരിച്ച് അവയവങ്ങൾ തുടർച്ചയായി ഉപയോഗിക്കുകയോ തീരെ ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നതിലൂടെ ആ അവയവങ്ങളുടെ ഘടനയിൽ മാറ്റമുള്ളവരായി മാറുകയും ഈ വ്യതിയാനങ്ങൾ അ

ടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നതിലൂടെ പുതിയ ജീവിവർഗം രൂപപ്പെടുന്നു.

6. ലാമാർക്ക് അവതരിപ്പിച്ച ആശയം ശാസ്ത്രലോകം ചോദ്യം ചെയ്തത് എന്തുകൊണ്ട്?

A) ജീവിതകാലത്ത് സംഭവിക്കുന്ന ശാരീരിക മാറ്റങ്ങൾ ജീനുകളുടെ ഘടനയെ ബാധിക്കാത്തവയായതിനാൽ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയില്ല.

7. നീളം കുറഞ്ഞ കഴുത്തുള്ള ജിറാഫുകൾ ഭക്ഷ്യദൗർലഭ്യം നേരിട്ടതോടെ ക്രമേണ നീണ്ട കഴുത്തുള്ളവരായി മാറി. ലാമാർക്കിന്റെ ഈ ഉദാഹരണം ഡാർവിന്റെ ആശയത്തിൽ എങ്ങനെ വിശദീകരിക്കാം?

A) ഭക്ഷ്യ ദൗർലഭ്യം നേരിട്ടപ്പോൾ മരങ്ങളിലെ ഇലകൾ ലഭിക്കാൻ സഹായകമായ വ്യതിയാനമുള്ളവ നിലനിർത്തപ്പെടുകയും അല്ലാത്തവ ക്രമേണ നശിച്ചു പോവുകയും ചെയ്തിരിക്കാം.

8. ഡാർവിൻ അവതരിപ്പിച്ച പ്രകൃതി നിർദ്ധാരണ സിദ്ധാന്തം വ്യക്തമാക്കുക?

A) ജീവികളിൽ നിരന്തരം വ്യതിയാനങ്ങൾ ഉണ്ടാകുന്നു. ഇതിൽ ആ പ്രകൃതിക്ക് അനുയോജ്യമായ വ്യതിയാനങ്ങളുള്ളവ മാത്രം നിലനിൽക്കുകയും അല്ലാത്തവ ക്രമേണ നശിച്ച് പോവുകയും ചെയ്യുന്നു.

- ജീവികൾ നിലനിൽക്കാൻ കഴിയുന്നതിലും കൂടുതൽ സന്താനങ്ങളെ ഉൽപാതിപ്പിക്കുമ്പോൾ (അമിതോൽപാദനം) അവ നിലനിൽക്കാനാവശ്യമായ വിഭവങ്ങൾക്കായി അറിയാതെ മൽസരിക്കുകയും (നിലനിൽപ്പിനായുള്ള സമരം) ഏറ്റവും ഗുണകരമായ വ്യതിയാനങ്ങളുള്ളവ മാത്രം നിലനിൽക്കുകയും (അർഹതയുള്ളവരുടെ അതിജീവനം) അല്ലാത്തവ നശിക്കുകയും ചെയ്യുന്നു. ഇതിലൂടെ ഗുണകരമായ വ്യതിയാനങ്ങളുള്ള ജീവിവർഗമെന്ന പരിണാമം സംഭവിക്കുന്നു.




9. റോബർട്ട് മാൽത്തൂസിന്റെ സിദ്ധാന്തവും ചാൾസ് ഡാർവിനെ



സ്വാധീനിച്ചുവല്ലോ. എന്തായിരുന്നു മാൽത്തൂസിന്റെ സിദ്ധാന്തം.

A) റോബർട്ട് മാൽതൂസ് തന്റെ ജനസംഖ്യാ സിദ്ധാന്തത്തിൽ മനുഷ്യ ജനസംഖ്യ വർദ്ധിക്കുന്നതിന് ആനുപാതികമായി ഭക്ഷ്യോൽപാതനം വർദ്ധിക്കുന്നില്ലെന്നും ഭക്ഷ്യ ദൗർലഭ്യം മൂലം രോഗം, പട്ടിണി, അതിജീവനത്തിനുള്ള മത്സരം എന്നിവക്ക് കാരണമാകുന്നു.

10. എന്താണ് നവ ഡാർവിനിസം?

A) ജനിതക ശാസ്ത്രം, കോശശാസ്ത്രം, ഭൗമശാസ്ത്രം, ഫോസിൽ പഠനം എന്നീ മേഖലകളിലെ പുതിയ കണ്ടെത്തലുകൾ കൂട്ടിച്ചേർത്ത് ഡാർവിന്റെ ആശയങ്ങൾ (ഡാർവിനിസം) പരിഷ്കരിച്ചതാണ് നവ ഡാർവിനിസം.

11. പരിണാമത്തെ ഹ്യൂഗോ ഡിവ്രിസ് വിശദീകരിച്ചതെങ്ങനെ?

A) ജീനുകൾ ആകസ്മികമായുണ്ടാകുന്ന മാറ്റങ്ങൾ (ഉൽപരിവർത്തനങ്ങൾ) പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ പുതിയ ജീവജാതികൾ രൂപപ്പെടുന്നു.

12. ഫോസിൽ വിജ്ഞാനീയം പരിണാമത്തിന് നൽകുന്ന സാധൂകരണമെന്ത്?

A) ലഘുഘടനയുള്ള ജീവികളിൽ നിന്ന് സങ്കീർണ്ണ ഘടനയുള്ള ജീവികൾ പരിണമിച്ചു.

- ഇടനില ഫോസിലുകൾ ഒരു ജീവി വർഗത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള പരിണാമത്തെക്കുറിച്ച് വിവരം തരുന്നു.
- ചില വിഭാഗം ജീവികളുടെ വംശനാശവും മറ്റു ചിലതിന്റെ ആവിർഭാവവും വ്യക്തമാക്കുന്നു.

13. ജീവികളുടെ ആകാര താരതമ്യ പഠനം പരിണാമത്തെ സാധൂകരിക്കുന്നു. എങ്ങനെ?

A) വ്യത്യസ്ത വിഭാഗങ്ങളിലും സാഹചര്യങ്ങളിലും ജീവിക്കുന്ന ജീവികളിൽ പലതിനും ശരീരഘടനയിൽ ബാഹ്യമായി മാറ്റം കാണുന്നുണ്ടെങ്കിലും ആന്തരികമായി പൊതുവായ സാമ്യം കാണുന്നുണ്ട്. രക്തക്കുഴലുകൾ, നാഡികൾ, പേശികൾ, അസ്ഥികൾ എന്നിവയുടെ ഘടനയിലും ക്രമീകരണത്തിനുള്ള സാമ്യതകൾ ഈ ജീവികളെല്ലാം ഒരു പൊതു പൂർവികനിൽ നിന്ന് പരിണമിച്ചവയാണ് എന്നതിനുള്ള തെളിവായി കരുതുന്നു.

14. ജൈവ തന്ത്രവും ശരീരധർമ്മ ശാസ്ത്രവും പരിണാമത്തിന് നൽകുന്ന തെളിവുകൾ?

